
വെള്ളാവൂർ പഞ്ചായത്ത്

വികസന രേഖ




ജനകീയാസൂത്രണം

57-4

ഒൻപതാം പഞ്ചവത്സര പദ്ധതി

1997-2002

ജനകീയാസൂത്രണം




വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

വികസന രേഖ




എഡിറ്റോറിയൽ ബോർഡ്

സർവ്വശ്രീ.	സുരേഷ് മൈലാടുപാറ - ചീഫ് എഡിറ്റർ
"	ജി. ഗോപിനാഥകുറുപ്പ്
"	വി. എൻ. വേണുഗോപാൽ
"	വി. കെ. കരുണാകരൻ
"	പി. കെ. രവീന്ദ്രൻപിള്ള
"	പി. എസ് കുട്ടപ്പൻ
"	R.A. ജോസഫ്
"	K. മോഹനൻ
"	V.N. മണിക്കുട്ടൻ
"	A.K. സജികുമാർ
"	A.S. A. ഖാദർ



വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവർ


പ്രൊഫ.	കെ.കെ.ജി. പിള്ള. (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ)
സർവ്വശ്രീ.	സി.എ. രാജേന്ദ്രൻ (ഡി.ആർ.പി. കങ്ങഴ)
"	പി.കെ. രാഘവൻപിള്ള (" വെള്ളാവൂർ)
"	ജോയി മാങ്കുഴി (")
"	ജോസ് താന്നിക്കൽ (") (പഞ്ചായത്ത് മെംബർ)
"	കെ.കെ. ഗോപിനാഥപിള്ള (")
"	അഭിലാഷ് കെ.വി (")
കുമാരി	രമാദേവി എം.വി (")
സർവ്വശ്രീ.	പി.എ. മാത്യു (")
"	പി.കെ തങ്കച്ചൻ (")
"	പി.ഈ. തങ്കപ്പൻപിള്ള (പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ)
"	കെ. വിക്രമകൈമൾ (")
"	N.D കുഞ്ഞിരുക്കൻ (")
"	K. രാജഗോപാലൻ നായർ (")
"	T.D. തങ്കപ്പൻ (")
"	P.N. ശ്രീധരൻ നായർ (")
കുമാരി	ലൗലി ജോസഫ് (പഞ്ചായത്ത് മെംബർ)
ശ്രീമതി	L. അംബുജം (")
ശ്രീമതി	കൊച്ചുറാണി ജോസഫ് (")



ചരിത്ര പശ്ചാത്തലം ഓർമ്മകൾ ഇവരിലൂടെ!!!

സർവ്വശ്രീ.	കെ. ഇ. മാധവകൈമൾ – ആര്യാട്ട്
"	ഗോപാലൻ നായർ – വട്ടക്കാവിൽ
"	ടി.എൻ. ജനാർദ്ദൻപിള്ള – തോരണത്തുകൽ
"	പി. എസ്. വാസുദേവൻ. പൊട്ടുകുളം
"	ചാക്കോ ജോസഫ് കുഴുന്നടിയിൽ
"	നാരായണൻ കളപ്പുരയ്ക്കൽ
"	ജോർജ്ജുകുട്ടി . മാങ്കുഴി

ആദ്യത്തെ (1953) പഞ്ചായത്തു കമ്മറ്റിയും സ്റ്റാഫും.



ഇരിക്കുന്നവർ- (ഇടത്തുനിന്നും) ശ്രീമതി. ഭവാനിയമ്മ (മിഡ്വൈഫ്). ശ്രീമതി. മറിയാമ്മ(പഞ്ചാ: അസി.) ശ്രീ. റ്റി. പി. കൃഷ്ണപിള്ള (മെമ്പർ) ശ്രീ. പി. എ. (പ്രസിഡൻറ്) ശ്രീ. കെ. ഇ. മാധവകൈമൾ (മെമ്പർ) ശ്രീ. ഇ.എൻ. ഷാഹുൽഹമീദ് (പഞ്ചാ:ആഫീസർ)

നില്ക്കുന്നവർ- (ഇടത്തുനിന്നും) ശ്രീ. പി.സി. ജോൺ (പ്യൂൺ) ശ്രീ. ഇ. കുമാരപിള്ള (മെമ്പർ) ശ്രീ. പി. ജി. ജോസഫ് (വൈസ് പ്രസിഡൻറ്) വറുഗീസ് മത്തായി (മെമ്പർ) ശ്രീ. കെ. ഗോവിന്ദൻ (മെമ്പർ)

മുൻ ഭരണ സമിതികൾ

1953 - 1963

സർവ്വശ്രീ.	പി.എ. നാരായണൻ (പ്രസി.)
"	പി. ജി. ജോസഫ് (വൈസ്പ്രസി:)
"	റ്റി.പി. കൃഷ്ണപിള്ള (മെമ്പർ)
"	ഇ. കുമാരപിള്ള (")
"	കെ. ഇ. മാധവകൈമൾ (")
"	കെ. ഗോവിന്ദൻ (")
"	വറുഗീസ് മത്തായി (")

1963-1979

സർവ്വശ്രീ.	വി. എൻ. ഗോപാലകൃഷ്ണപിള്ള (പ്രസി.) (19-12-63മുതൽ 5-11-71വരെ)
"	എ.റ്റി. ജോൺ (വൈസ്. പ്രസി.) (29-5-65ൽ മെമ്പർ സ്ഥാനം രാജിവെച്ചു.)
"	ഈ. ജെ. ദേവസ്യ (5-11-71ൽ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു.)
"	വർക്കിമത്തായി (മെമ്പർ)
"	പി. കെ. ഗോപാലകൃഷ്ണപിള്ള (മെമ്പർ) (29-5-65) ൽ മെമ്പർ സ്ഥാനം രാജിവെച്ചു .
"	പി. എം. പദ്മനാഭപിള്ള (മെമ്പർ)
"	എം. പി. ഗോവിന്ദൻ (മെമ്പർ)
ശ്രീമതി.	എം. എൻ. പങ്കജാക്ഷിയമ്മ (മെമ്പർ) (18.1.64ൽ നോമിനേറ്റു ചെയ്തു)
"	പി.ജെ. കുരുവിള (മെമ്പർ)
	(ശ്രീ. പി. കെ. ഗോപാലകൃഷ്ണപിള്ളയ്ക്കു പകരം 23.7.65 ൽ തെരഞ്ഞെടുക്കപ്പെട്ടു.)
"	കെ. റ്റി സിറിയക് (വൈസ്. പ്രസി.) (23.7.65ൽ ശ്രീ. എ. റ്റി. ജോണിനു പകരം തെരഞ്ഞെടുക്കപ്പെട്ടു.


1979 - 1984

സർവ്വശ്രീ.	എം. എം. ജോസഫ് (പ്രസി:) (29.9.79 മുതൽ 7.11.81 വരെയും 9.12.83 മുതൽ 26.10.84വരെയും.)
ശ്രീമതി.	മേരിക്കുട്ടി ജോസ് (വൈസ് പ്രസിഡൻറ്)
സർവ്വശ്രീ.	പി. ശങ്കരൻകുട്ടി നായർ (7.11.81മുതൽ 31.10.83വരെ പ്രസിഡൻറായിരുന്നു.)
"	പി.ജി. കരുണാകരൻ പിള്ള (മെമ്പർ)
"	കെ.ഇ. ജോർജ്ജ് (")
"	പി. കെ. ജ്ഞാനേശ്വരൻപിള്ള (")
"	പി. എസ്. വാസുദേവൻ (")
"	ടി.ഡി. തങ്കപ്പൻ (")

1984 മുതൽ 1988വരെ സ്പെഷ്യൽ ആഫീസർ

1988-1995

സർവ്വശ്രീ.	വി.ജി. ജനാർദ്ദനൻനായർ (പ്രസിഡൻറ്) (6.2.88മുതൽ 28.5.90വരെ)
"	പി. ജെ. ജോസഫ് (വൈസ് പ്രസിഡൻറ്)
"	കെ.പി. ശ്രീകുമാർ (മെമ്പർ)
ശ്രീമതി	എൽ. അംബുജം (")
സർവ്വശ്രീ.	വി. എൻ. വേണുഗോപാൽ (")
ശ്രീമതി.	സരസ്സമ്മ ശിവൻപിള്ള (")
സർവ്വശ്രീ.	ജി. ഗോപിനാഥക്കുറുപ്പ് (മെമ്പർ)
"	എം. കെ. തങ്കപ്പൻ (")
"	എം. എം. ജോസഫ് (29.6.90മുതൽ 4.10.95വരെ പ്രസിഡൻറ്.






മുൻ പ്രസിഡൻറുമാർ




ശ്രീ. പി.എ. നാരായണൻ




ശ്രീ. വി.എൻ ഗോപാലകൃഷ്ണപിള്ള




ശ്രീ. ഈ.ജെ. ദേവസ്യ



ശ്രീ. എം.എം. ജോസഫ്



ശ്രീ. പി. ശങ്കരൻകുട്ടിനായർ



ശ്രീ. വി.ജി. ജനാർദ്ദനൻ നായർ


മുൻ ഭരണ സമിതിയംഗങ്ങൾ



T.P. കൃഷ്ണപിള്ള



ഇ. കുമാരപിള്ള




കെ. ഇ. മാധവകൈമൾ



പി. ജി. ജോസഫ്



എ.റ്റി. ജോൺ



എം.പി. ഗോവിന്ദൻ



വർഗീസ് മത്തായി



പി.എം. പത്മനാഭപിള്ള



എം.എൻ. പങ്കജാക്ഷിയമ്മ




പി. ജെ. കുരുവിള

മുൻ ഭരണ സമിതിയംഗങ്ങൾ



കെ.ടി. സിറിയക്



പി.കെ. ഗോപാലകൃഷ്ണ പിള്ള



മേരിക്കുട്ടി ജോസ്



പി.ജി. കരുണാകരപിള്ള



പി.കെ. ജ്ഞാനേശ്വരൻപിള്ള




P.S. വാസുദേവൻ



കെ. ഇ. ജോർജ്ജ്



സരസമ്മ ശിവൻ പിള്ള



T.D തങ്കപ്പൻ



പി. ജെ. ജോസഫ്



M.K തങ്കപ്പൻ

ഈ നാടിന്റെ പ്രതിഭകൾ




ബഹു. കർദ്ദിനാൾ മാർ. ആന്റണി പടിയറ.



അഡ്വ. കെ. പുരുഷോത്തമൻപിള്ള Ex. MLA

നാടിന്റെ നായകർ



കെ. നാരായണക്കുറുപ്പ് MLA




രമേശ് ചെന്നിത്തല M.P



അഡ്വ. കെ.പി. ശ്രീകുമാർ
ജില്ലാ പഞ്ചാ: സ്റ്റാൻ: കമ്മറ്റി ചെയർമാൻ




ആൻസി ജയിംസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



വി.എൻ. മണിക്കുട്ടൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ഭരണസമിതി 1995-2000



സുരേഷ് മൈലാട്ടുപാറ
പ്രസിഡൻറ്




ജി. ഗോപിനാഥക്കുറുപ്പ്
വൈസ് പ്രസിഡൻറ്



വി.എൻ. വേണുഗോപാൽ
സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ




A.K. സജികുമാർ
മെമ്പർ (വാർഡ് I)



ജോസ് താന്നിക്കൽ
മെമ്പർ (വാർഡ് II)



L. അംബുജം
മെമ്പർ (വാർഡ് VI)



വി.ജി. ജനാർദ്ദനൻ നായർ
മെമ്പർ (വാർഡ് VII)



കൊച്ചുറാണി ജോസഫ്
മെമ്പർ (വാർഡ് VIII)



ലവ്‌ലി ജോസഫ്
മെമ്പർ (വാർഡ് IX)



N.M. എംഗൽസ്
സ്പെഷൽ ഗ്രേഡ് സെക്രട്ടറി



പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർ

ഓഫീസറന്മാർ

ഇ.എൻ. ഷാഹുൽ ഹമീദ്
എം.എച്ച്. ബാപ്പുകണ്ണുറാവുത്തർ
കെ.ആർ. കുമാരൻ
കെ.പ്രഭാകരപണിക്കർ
കെ.എസ്. സെബാസ്റ്റ്യൻ
കെ.കുമാരൻ
എൻ.എം. അഗസ്തി
എ.ഗോപാലകൃഷ്ണഷേണായ്
പി.ജെ. സെബാസ്റ്റ്യൻ
പി.ജെ. ജോസഫ് (സ്പെഷ്യൽ ഓഫീസർ)
പി.വി. ഫിലിപ്പ്
എൻ. പത്മനാഭൻ
പി.ഇ. ഏലിയാസ്
ടി.എം. മുഹമ്മദ് ഇസ്മയിൽ
പോൾ ജേക്കബ്ബ്
പി.കെ. സുകുമാരൻ
കെ.ജെ. ജോസഫ്
പി.കെ. മെഹറുന്നീസാ
പി.ജെ. ജോസഫ്
ഐ. തോമസ് ജോൺ
എ.കെ. സുകുമാരൻ
മാത്യു ജോസഫ്
പി.എം. ജോൺ
പി.കെ. വിക്രമൻ
പി.ഡി. രവീന്ദ്രൻ
സി.വി. രാധാകൃഷ്ണൻ
എസ്. പ്രകാശ്
ജി. ദേവരാജൻ
കെ.എസ്. വത്സമ്മ
പി.കെ. രാജഗോപാലൻ
സി.ഈ. ഈപ്പൻ
ടി.ടി. ജോസഫ് (ജൂനിയർ സൂപ്രണ്ട്, ആഫീസറുടെ ചാർജ്ജ് വഹിച്ചിട്ടുണ്ട്)
കെ.ജെ. ജോസ് (")

മറ്റു ജീവനക്കാർ

K.N. നാണുനായർ
K.S. മറിയാമ്മ
P.C. ജോൺ
T.M. ശിവരാമൻ
മോളി കുരുവിള
പി.എം. അസീസ് റാവുത്തർ
E.A. മറിയാമ്മ
M. ഭവാനിയമ്മ
പി.കെ. ഭക്തവത്സലപണിക്കർ
വി.ജി. സുകുമാരൻ നായർ
റോസമ്മ
കെ.എം. സാമുവൽ
എം. കുഞ്ഞുഞ്ഞമ്മ
വി.പി. വാസുദേവൻനായർ
സി.ഓ. ജോസഫ്
കെ.ഐ. മത്തായി
ജി. ശങ്കരൻ നായർ
പി.സി. ഷൺമുഖൻ നായർ
കെ.കെ. അമ്മിണി
എ.കെ. ജനാർദ്ദൻ
ബെൽകിഷ് ബീവി. എസ്
ടി.എച്ച്. ജോസഫ്
പി.എ. ജോസഫ്
പി.എം. മുഹമ്മദ് ഇസ്മയിൽ

കെ.കെ. മുരളീധരൻ നായർ
എ.എൻ. ശ്രീകുമാർ
കെ.എസ്. നാരായണൻ നായർ
ടി.കെ. രാമചന്ദ്രൻനായർ
കെ.വി. ബാലകൃഷ്ണദാസ്
കെ.എസ്. സലാഹുദ്ദീൻ
ജമീലാബീവി. കെ. എ.
ടി.ജി. രാമചന്ദ്രൻ നായർ
പി.എസ്. പൊന്നമ്മ
പി.ആർ. കുട്ടപ്പൻ
പി.റ്റി. ജോൺ
കെ.വി. കുമാരൻ
ടി.ടി. സാറാ
പി.വി. ഭവാനി
ഈ.ജി. വറുഗീസ്
വി.കെ. സരസ്സമ്മ
പി.എ. ഹരിനാഥപിള്ള
കെ.ജി. സ്വർണ്ണകുമാരി
സി.ഒ. ലീലാമ്മ
അനിതാ. എം. തോമസ്
പി.കെ. സുകുമാരൻ
സുപ്രഭ. എസ്
പി.വി. മാത്യു
പി.പി. രാമചന്ദ്രൻപിള്ള
ടി.എം. പ്രഭാകരകൈമൾ

എ.വി. ജോസഫ്
സജീവ് S.A.
എബ്രഹാം സി. മാത്യു
പി.എ. സുബൈദാബീവി
എം.എൻ. വാസവൻ
T.M. സോമനാഥൻ
S. ലതികാകുമാരി
V.N. ബാലകൃഷ്ണൻനായർ
കെ.എം. തോമസ്
M.N. പ്രസന്നകുമാരൻ നായർ
P.M. മത്തായി
കെ.ജി. സുമതി
O.V. ശാന്തമ്മ
K.V. തങ്കപ്പൻ
ഫ്രാൻസിസ് തോമസ്
K.C. ലീലാമ്മ
G. വിലാസിനി
C.S. ത്യാഗരാജൻ
O.D. ത്രേസ്യാ
P.K. കാർത്തികേയൻ
P.S. പാപ്പൻ
എം.കെ. സോമശേഖരൻ പിള്ള
കമലാക്ഷി K.J.
പി.സി. ലാസർ



എന്റെ ജീവിതമാണ്
എന്റെ സന്ദേശം



പഞ്ചായത്ത് പൊതുവിവരണം


പഞ്ചായത്തിന്റെ പേര്	–	വെള്ളാവൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ആഫീസ്	–	മൂങ്ങാനി (മണിമല)
ഉൾപ്പെടുന്ന വില്ലേജ്	–	വെള്ളാവൂർ
ബ്ലോക്ക് പഞ്ചായത്ത്	–	വാഴൂർ
താലൂക്ക്	–	ചങ്ങനാശ്ശേരി
അസംബ്ലി മണ്ഡലം	–	വാഴൂർ
ലോക്സഭാമണ്ഡലം	–	കോട്ടയം
വിസ്തീർണ്ണം	–	23.46 Sq. km
വാർഡ്	–	ഒൻപത്



അതിരുകൾ


വടക്ക്	–	വാഴൂർ പഞ്ചായത്ത്
കിഴക്ക്	–	ചിറക്കടവുപഞ്ചായത്ത്
തെക്ക്	–	മണിമലയാറ് മദ്ധ്യഭാഗം
പടിഞ്ഞാറ്	–	കങ്ങഴ, നെടുംകുന്നം, ആനിക്കാട് പഞ്ചായത്തുകൾ

ജനസംഖ്യ	–	15811
പുരുഷന്മാർ	–	7855
സ്ത്രീകൾ	–	7956
ജനസാന്ദ്രത	–	674
ആകെകെട്ടിടങ്ങൾ	–	4667
ഭവനങ്ങൾ	–	3924
പ്രസിഡൻറ്	–	സുരേഷ് മൈലാട്ടുപാറ
വൈസ് പ്രസിഡൻറ്	–	ജി.ഗോപിനാഥകുറുപ്പ്
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	–	വി.എൻ. വേണുഗോപാൽ



നിലവിലുള്ള ഭരണസമിതി

സർവ്വശ്രീ.	സുരേഷ് മൈലാട്ടുപാറ	പ്രസിഡൻറ്
"	ജി.ഗോപിനാഥകുറുപ്പ്	വൈസ് പ്രസിഡൻറ്
"	വി.എൻ. വേണുഗോപാൽ	സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
"	A.K. സജികുമാർ	മെമ്പർ (വാർഡ് I)
"	ജോസ് താന്നിക്കൽ	മെമ്പർ (വാർഡ് II)"
ശ്രീമതി	L. അംബുജം	മെമ്പർ (വാർഡ് VI)
ശ്രീ	വി.ജി. ജനാർദ്ദനൻ നായർ	മെമ്പർ (വാർഡ് VII)
ശ്രീമതി	കൊച്ചുറാണി ജോസഫ്	മെമ്പർ (വാർഡ് VIII)
കുമാരി	ലവ്‌ലി ജോസഫ്	മെമ്പർ (വാർഡ് IX)



സ്റ്റാഫ്

ശ്രീ	എൻ.എം. എംഗൽസ്	(സെക്രട്ടറി. സ്പെഷൽഗ്രേഡ്)
"	കെ.ജെ. സ്കറിയ	(ജൂനിയർ സൂപ്രണ്ട്)
"	സി.എൻ. സോമശേഖരൻ നായർ	(യു.ഡി.സി)
ശ്രീമതി.	പി.കെ. രത്നം	(")
ശ്രീ.	എ.ജെ. രാജു	(")
ശ്രീമതി.	കെ.കെ. രാധാമണിയമ്മ	(L D C)
ശ്രീ.	സുനിൽ. കെ. ജോർജ്ജ്	(")
"	കെ.വി. ശാന്തൻ	(")
ശ്രീമതി.	പി.എൻ. ശാന്ത	(ക്ലാസ് IV)
ശ്രീ.	കെ.എൻ. രവി	(")
"	എം.ആർ. ഗോപകുമാർ	(ലൈബ്രേറിയൻ)



സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ജനാധിപത്യ ഭരണക്രമത്തിന് അൻപതു വയസ്സു പൂർത്തിയാവുകയാണ്. നൂറ്റാണ്ടുകൾക്കപ്പുറം നീണ്ട അടിമത്വത്തിൽ നിന്നും മോചിതമായ ഭാരതത്തെ, സമഗ്ര പുരോഗതിയിലേയ്ക്ക് നയിക്കുവാൻ രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ആശയമാണ് ഗ്രാമപഞ്ചായത്ത്. ഇൻഡ്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കി ഭാരതത്തിന്റെ വികസനം സാദ്ധ്യമാക്കാമെന്നുമാണ് ഗ്രാമസ്വരാജ് സങ്കല്പം.

1951ൽ ആരംഭിച്ച് ഇന്നും തുടർന്നു വരുന്ന പഞ്ചവത്സര പദ്ധതികളാണ് ഭാരതത്തിന്റെ വികസനത്തിനുള്ള മാർഗ്ഗമായി ഭരണകർത്താക്കൾ തെരഞ്ഞെടുത്തത്. ഭരണകൂടത്തിന്റെ മുകൾ തലങ്ങളിൽ മാത്രം ചർച്ചചെയ്യപ്പെട്ട് അംഗീകരിക്കപ്പെടുന്ന വികസന പരിപാടികളാണ് നമ്മുടെ പഞ്ചവത്സര പദ്ധതികൾ. തന്മൂലം അടിസ്ഥാന തലത്തിലെ ജനകീയാവശ്യങ്ങളും മുകൾ തലങ്ങളിൽ രൂപപ്പെടുത്തുന്ന പദ്ധതി നിർദ്ദേശങ്ങളും പരസ്പരം ബന്ധപ്പെടാത്തവയായിത്തീർന്നു. ജനകീയ സഹകരണത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ചെങ്കിൽ മാത്രമേ താഴേതട്ടിലേക്ക് അതിന്റെ പ്രയോജനം ലഭ്യമാകൂ. കേരള സർക്കാർ ആവിഷ്കരിക്കുന്ന ജനകീയാസൂത്രണ പരിപാടി, ഇത്തരത്തിൽ ദിശമാറ്റം നടത്തുന്ന ആസൂത്രണ പ്രക്രിയയാണ്. ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിയുകയും അവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.

പഞ്ചായത്തീരാജ് - നഗരപാലികാ നിയമത്തിലൂടെ രൂപീകൃതമായ ഗ്രാമസഭകളിൽ നാടിന്റെ ആവശ്യങ്ങൾ ജനങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്ന വികസന സമീപനമാണ് ഈ പദ്ധതിയുടെ രൂപ കല്പന മുതൽ നടപ്പാക്കൽ വരെ ജനപങ്കാളിത്തം ഉറപ്പാക്കുന്നു. പദ്ധതി വിഹിതത്തിന്റെ40% തുകവരെയാണ് പഞ്ചായത്തുകൾക്ക് നല്കപ്പെടുന്നത്. ഉദ്യോഗസ്ഥ മേധാവിത്വം ഒഴിവാക്കി നാടിന്റെ വികസനം ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുമ്പോൾ മുഴുവൻ തുകയുടേയും പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകുന്നു.

ജില്ലാടിസ്ഥാനത്തിൽ നടന്ന ഒന്നാംഘട്ട പരിശീലനത്തിനുശേഷം ഈ പഞ്ചായത്തിലെ ഒൻപതു വാർഡുകളിലും നടന്ന ഗ്രാമസഭകൾ അവരുടെ ആവശ്യങ്ങളെക്കുറിച്ചും വിഭവസമാഹരണമാർഗ്ഗങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. 12വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ച സമഗ്ര മേഖലകളുടെയും വികസനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു.

രണ്ടാംഘട്ട പരിശീലനത്തോടൊപ്പം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെ സംബന്ധിക്കുന്ന വിവര ശേഖരണം നടത്തി. ഗ്രാമസഭകളിൽ വന്ന ജനകീയാവശ്യങ്ങളും രണ്ടാംഘട്ട വിവരശേഖരണ റിപ്പോർട്ടുകളും കുടുംബ സർവ്വേ നടത്തി സ്വരൂപിച്ച വിവരങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയ വികസന രേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

സാമൂഹ്യപുരോഗതിക്ക് ഉതകുന്ന പരിപാടികളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കിയാൽ അതു വിജയിക്കുമെന്ന് തെളിയിച്ചിട്ടുള്ളനാടാണ് കേരളം.

ഭൂപരിഷ്കരണ നടപടി, സംഘടിത ഗ്രന്ഥശാലാ പ്രസ്ഥാനം, സാക്ഷരതാ പരിപാടി ഇവയൊക്കെ അതിനുദാഹരണങ്ങളാണ്.

1997ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നമ്മുടെ നാടിന്റെ പുരോഗതിക്കുള്ള വഴികാട്ടിയായിരിക്കും ഈ വികസന റിപ്പോർട്ട്.

പൂർവ്വികർ തെളിച്ച പന്ഥാവിലൂടെ നമുക്ക് മുന്നേറാം. ചരിത്ര സൃഷ്ടിയിൽ സ്വയം പങ്കാളികളാകാം."



സാമൂഹിക സാംസ്കാരിക ചരിത്രം

മണിമലയാറിന്റെ വടക്കേതീരം ചേർന്ന് 13കിലോമീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്ന വെള്ളാവൂർ പഞ്ചായത്തിൽ വടകര, കടയനിക്കാട്, കുന്നുംഭാഗം, ഏറത്തുവടകര, വെള്ളാവൂർ താഴത്തു വടകര, കുളത്തൂർ - പ്രയാർ എന്നീ കരകളാണുള്ളത്. ചിറക്കടവ്, മണിമല കോട്ടാങ്ങൽ, ആനിക്കാട്, നെടുംകുന്നം, കങ്ങഴ, വാഴൂർ എന്നീ പഞ്ചായത്തുകൾ അതിരുകളാണ്.

രാജഭരണകാലത്ത് പുതിയ മണ്ണിൽ കണക്കു പത്മനാഭപിള്ളയ്ക്ക് 956ഏക്കർ സ്ഥലം, രാജകൊട്ടാരത്തിൽ നിന്നും പതിച്ചുകൊടുത്തു. വെള്ളാളർക്ക് പതിച്ചുകൊടുത്ത ഭൂമിയായതുകൊണ്ട് വെള്ളാളരുടെ ഊര് എന്ന് ഈ സ്ഥലത്തിനു പേരു വന്നു. ഈ പേരു ലോപിച്ചാണ് വെള്ളാവൂർ എന്ന പേരു ലഭിച്ചതെന്നാണ് പറയപ്പെടുന്നത്. വെള്ളാവൂർ തോടിനും കുഴിച്ചിട്ട കല്ലിനും, ഏറത്തു വടകരയ്ക്കും, മണിമലയാറിനും ഇടയ്ക്കുള്ള ഉദ്ദേശം 5കിലോ മീറ്റർ ചുറ്റളവിലുള്ള സ്ഥലമാണ് വെള്ളാവൂർ കര.

കുന്നുകളും, പാറക്കെട്ടുകളും, താഴ്വരകളും നിലങ്ങളും, ചെറുപുഴകളും നിറഞ്ഞതാണ് പ്രകൃതി രമണീയമായ ഈ പഞ്ചായത്ത്. തെങ്ങും, കമുകും, മരച്ചീനിയും, ഇഞ്ചിയും, കരിമ്പും, നെല്ലും, കാപ്പിയും കൃഷി ചെയ്തിരുന്ന പുരയിടങ്ങൾ ഇന്ന് റബർ മരങ്ങൾ കയ്യടക്കിയിരിക്കുകയാണ്.

ആചാരത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായിരുന്നു ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ. ഒരു കാലത്ത് കാവുകളാൽ സമൃദ്ധമായിരുന്നു ഈ പഞ്ചായത്തിലെ പല പുരയിടങ്ങളും വറ്റാത്ത ജലസ്രോതസ്സ് നൽകുന്ന കാവുകൾക്ക്, പരിസ്ഥിതിയുടെ സന്തുലിതവുമായി ഏറെ ബന്ധമുണ്ട്. ഇവ ഇന്ന് അന്യം നില്ക്കുന്ന ഒരു അവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ട് എന്നതാണ് സത്യം.

ശ്രീ അയ്യപ്പന്റെ കാല്പാദം പാറയിൽ കാണുന്നു എന്നു വിശ്വസിക്കുന്ന ചുവട്ടടിപ്പാറ, കിഴക്കേപ്പാറയിലെ പുലിയള ഇന്നും പ്രായം നിശ്ചയിക്കാൻ കഴിയാത്ത മണിമല കൊച്ചുപ്പാലം ഈ പഞ്ചായത്തിന്റെ അതിർത്തി വിട്ടുപോകുന്നതിനുമുമ്പ് മണിമലയാർ വെള്ളാവൂരിനു സമ്മാനിച്ച സസ്യശ്യാമളമായ കുളത്തൂർ മുഴിത്തുരുത്ത്, നിലംപൂർ വനത്തിലും കാണാൻ കഴിയാത്ത വലിപ്പമുള്ള തേക്ക്, പെരുങ്കാവിലെ പുഞ്ചപ്പാടങ്ങൾ ഇവയെല്ലാം ഗ്രാമീണ സൗന്ദര്യത്തിന്റെ മാത്രം പ്രത്യേകതകളാണ്.

ഹൈന്ദവ, ക്രിസ്ത്യൻ, മുസ്ലീം ദേവാലയങ്ങൾ നിരവധിയാണ്. 400ൽ ഏറെ വർഷങ്ങൾ പഴക്കമുള്ള ഹൈന്ദവക്ഷേത്രങ്ങൾ ഇവിടെയുണ്ട്. കുളത്തുങ്കൽ ദേവീക്ഷേത്രം, കടയനിക്കാടു ശ്രീ ഭഗവതിക്ഷേത്രം, കടയനിക്കാട് ശ്രീ ധർമ്മശാസ്താക്ഷേത്രം, മുഖ്യപ്പുറത്ത് ശ്രീ ഭഗവതിക്ഷേത്രം തൃക്കണ്ണാപുരം ശിവക്ഷേത്രം എന്നിവ പ്രസിദ്ധങ്ങളാണ്. മണിമല സെൻറ് ബേസിൽ ചർച്ച്, വടകര ലൂർദുമാതാ ചർച്ച് പെരുങ്കാവ് സെൻറ് തോമസ് ചർച്ച് എന്നീ കത്തോലിക്കാ ദേവാലയങ്ങളും, സാൽവേഷൻ ആർമി, സി.എസ്.ഐ. സി.എം.എസ്. പെന്തക്കോസ്, ആഗ്ലിക്കൻ സഭ, സിയോൻ ഗോസ്പൽ ചർച്ച് തുടങ്ങിയ സഭകളുടെ ദേവാലയങ്ങളും ഏറത്തുവടകര മുസ്ലീം പള്ളിയുമാണ് വിവിധ മതക്കാരുടെ ആരാധനാലയങ്ങൾ.

വിവിധ ക്ഷേത്രങ്ങളുടെയും, പള്ളികളുടേയും വാർഷികാഘോഷങ്ങളോടനുബന്ധിച്ച് ദിവസങ്ങൾ നീണ്ടു നില്ക്കുന്ന കലാപരിപാടികളും സമ്മേളനങ്ങളും നടത്താറുണ്ട്. വെള്ളാവൂർ പഞ്ചായത്തിനോടടുത്തു കിടക്കുന്നതും മുമ്പ് വെള്ളാവൂർ പഞ്ചായത്തിലായിരുന്നതായി പറയപ്പെടുന്നതുമായ കോട്ടാങ്ങൽ ദേവീക്ഷേത്രത്തിൽ ആണ്ടുതോറും മകരമാസത്തിൽ നടത്തപ്പെടുന്ന പടയണി മഹോത്സവം മദ്ധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ ആഘോഷമാണ്. ഈ പടയണിയോടനുബന്ധിച്ച് പ്രാചീന കലാരൂപങ്ങളായ വേലകളി, കോലം തുള്ളൽ, കാളകെട്ട്, തൊഴുവം പ്രദർശനം, അടവി എന്നിവ ഇപ്പൊഴും നടത്തിവരുന്നു.

കലാസാംസ്കാരിക രംഗത്ത് ഈ പഞ്ചായത്തിന് ഒരു പൂർവ്വകാല ചരിത്രമുണ്ട്. ഇതിൽ അവിസ്മരണീയമായിട്ടുള്ളത് 1114-ൽ വെള്ളാവൂരിൽ സ്ഥാപിതമായ കഥകളി സംഘമാണ്. ശ്രീ വാവോലിക്കൽ നാരായണന്റെ നേതൃത്വത്തിൽ ആരംഭിച്ച കഥകളി സംഘം ഇന്നില്ല. ഹരിജനങ്ങളുടെ കോൽക്കളി, കാളകെട്ട്, മുടിയാട്ടം തുടങ്ങിയ പ്രാചീനകലകൾ ഉത്സവ



ങ്ങളോടനുബന്ധിച്ച് നടത്തിയിരുന്നു. കടയനിക്കാട്ട് കോനാട്ടു ഗോവിന്ദന്റെയും, മാധവന്റെ യും നാദസ്വര സംഘത്തിൽ തവിൽ വിദഗ്ദ്ധനായ സഹജമണി മാത്ര മാണ് ഇന്ന് ജീവിച്ചിരിക്കുന്നത്. മുൻപുണ്ടായിരുന്ന വേലൻ പ്രവൃത്തിയും, മണ്ണാൻ പാട്ടും ഇന്ന് നിലവി ലില്ല. പല ഹൈന്ദവ ഭവനങ്ങളിലും വിശേഷാവസര ങ്ങളിൽ തിരുവാതിര അവതരിപ്പിച്ചിരുന്നു. വായ്ക്കുര വയുടെ അകമ്പടിയോടെ അരങ്ങേറുന്ന ഈ തനതു കേരളീയ കലാരൂപം അന്യം നിന്നിട്ടും നാളേറെയായി.

സാംസ്കാരിക സംഘടനകൾ, കലാസംഘടനകൾ ഇവ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ 1927ൽ സ്ഥാപിതമായ ശ്രീ വിലാസം വായനശാല, കടയനിക്കാട് ടാഗോർ സ്മാരക വായനശാല, കുളത്തൂർ ജയ്ഹിന്ദ് ലൈബ്രറി, വെള്ളാ വൂർ ഗ്രാമദീപം ഗ്രന്ഥശാല, ഏറത്തുവടകര സാംസ്കാ രിക നിലയം, താഴത്തുവടകര നാഷണൽ ലൈബ്രറി, ചുവട്ടടിപ്പാറ ത്രിവേണിഗ്രന്ഥശാല തുടങ്ങിയവ ഈ പഞ്ചായത്തിൽ വിജ്ഞാന വിതരണത്തിന് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നു. കടയനിക്കാട് ആരംഭിച്ച ഗ്രാമസ്വരാജ് വായനശാല ഇപ്പോൾ ഇടയരിക്കപ്പുഴയാ ണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

നിരവധി ആർട്ട്സ് ക്ലബ്ബുകളും സ്പോർട്ട്സ് ക്ലബ്ബു കളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവ ർത്തിക്കുന്നുണ്ട്. കലാകായിക സാമൂഹ്യ രംഗങ്ങളിൽ സാമ്പത്തികമായും സംഘടനാപരമായും പ്രോത്സാഹ നം നൽകാൻ കെല്പുള്ള മണിമല ലയൺസ് ക്ലബ്ബിന്റെ പ്രവർത്തവുനം വിസ്മരിക്കാവുന്നതല്ല.

1960 മുതൽ കുളത്തൂർമൂഴിയിൽ ആരംഭിച്ച ഹിന്ദു മത കൺവെൻഷൻ മദ്ധ്യകേരളത്തിലെ വളരെ പ്ര സിദ്ധമായ ഒരു കൺവെൻഷനാണ്. ഇൻഡ്യയുടെ പ്രസിഡൻറുമാരായിരുന്ന Dr. ബാബു രാജേന്ദ്രപ്രസാദ്, Dr. എസ് രാധാകൃഷ്ണൻ, ശ്രീ. വി. വി. ഗിരി തുടങ്ങി യവർ ഈ കൺവെൻഷനിൽ പങ്കെടുത്തിട്ടുണ്ട്. 1977 ൽ മണിമല മണൽപ്പുറത്ത് ആരംഭിച്ച ബൈബിൾ ക ൺവൻഷൻ ആദ്ധ്യാത്മിക പ്രഭാഷണത്തിലൂടെ കൂടുത ൽ ജനശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. സർവ്വമത സാഹോദര്യ സന്ദേശവുമായി എത്തുന്ന പൂജാരാജാക്കളുടെ തിരുനാൾ വർഷാരംഭത്തിൽ മണി മലയെ പുളകചാർത്തണിയിക്കുന്നു. നിരവധി കലാകാ രന്മാർക്ക് ജന്മം കൊടുത്ത നാടാണ് വെള്ളാവൂർ. ചിത്രകാരനായിരുന്ന ശ്രീ. കെ.ആർ. രാമക്കുഞ്ഞ്, ആർട്ടിസ്റ്റ് വിജയൻ, കലാകാരനായിരുന്ന ശ്രീ. കരുണാ ലയൻ നായർ, തുള്ളൽ രംഗത്തു വ്യക്തിമുദ്ര പതിപ്പിച്ചി രുന്ന കലാമണ്ഡലം സുകുമാരൻനായർ എന്നി വരൊക്കെ കാലയവനികക്കുള്ളിൽ മറഞ്ഞു.

ശ്രീ. പുരുഷോത്തമൻ കർത്താ തുള്ളൽ രംഗത്തും നൃത്തരംഗത്തും പ്രാഗത്ഭ്യം തെളിയിച്ചിണ്ട്. പ്രസിദ്ധ കാഥികനായ ശ്രീ. ഏ.എൻ.ആർ. പിള്ളയുടെ കലാജീവി തം ആരംഭിച്ചത് കടയനിക്കാട്ടു നിന്നാണ്. ആർട്ടിസ്റ്റും നാടകനടനുമായ സുചിത്ര ഉണ്ണിക്കൃഷ്ണൻ ആർട്ടി സ്റ്റ് മോഹനൻ മണിമല, ആർട്ടിസ്റ്റ് സോമൻ എന്നി വർ ഈ പഞ്ചായത്തിന്റെ അഭിമാന ഭാജനങ്ങളാണ്. മലയാളികളുടെ കലയായ കഥകളി കടലിനക്കരെ അ ഭ്യസിപ്പിക്കുന്ന കലാമണ്ഡലം വിജയൻ (കല്ലമ്മാക്ക ൽ) ഈശ്വരൻ നമ്പൂതിരി, കടയനിക്കാട് രഘുനാഥ്, പുഷ്പാംഗദൻ, സുരേഷ് മണിമല തുടങ്ങി കലാരംഗ ത്തു പ്രവർത്തിക്കുന്നവരുടെ പട്ടിക ഇവിടെ അവസാ നിക്കുന്നില്ല.

കരിമരുന്നു കലാപ്രതിഭയായിരുന്ന മേലഴകത്ത് ജോയി അന്തരിച്ചെങ്കിലും അദ്ദേഹത്തിന്റെ സഹോദ രൻ ശ്രീ. ജോസഫ് മേലഴകത്ത് ഈ രംഗത്ത് ഇപ്പോഴു ള്ള പ്രതിഭയാണ്.

ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയാകുന്നതിനുമുമ്പ് തന്നെ നമ്മുടെ പഞ്ചായത്തിൽ ഹിന്ദി പ്രചരിപ്പിച്ച ശ്രീ. രാമൻ പിള്ള സാർ, അദ്ദേഹത്തിന്റെ പുത്രനും പ്രശസ്ത സാഹിത്യകാരനുമായിരുന്ന ശ്രീ. മോഹൻ ഡി. കങ്ങഴ, ശ്രീ. ഫിലിപ്പ് മണിമല എന്നിവർ സാഹിത്യരംഗത്തും, വിദ്യാഭ്യാസ രംഗത്തും വെള്ളാവൂരിന്റെ യശസ് ഉയർത്തിയവാരണ്.

ജന്മനാടിന്റെ മോചനത്തിനായി സ്വാതന്ത്ര്യ സമ രതീച്ചൂളയിൽ എടുത്തുചാടി നിസ്വാർത്ഥമായ സേവനം നടത്തിയ ശ്രീ. പി. ഏ നാരായണൻ, ഇലഞ്ഞി മണ്ണിൽ ഈ. ജെ. ചെറിയാൻ വട്ടക്കാവിൽ ശ്രീ. ഗോപാലൻനാ യർ, മത്തായി മാത്യു, മാളിയേക്കൽ എന്നിവരെ കൃത ജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഗ്രാമസ്വരാജ് സങ്കല്പത്തെ പ്രവർത്തിപഥത്തിൽ എത്തിക്കുകയും, ഏഴുപതിറ്റാണ്ടുകൾക്കപ്പുറത്ത് ശ്രീ വിലാസം വായനശാല സ്ഥാപിക്കുകയും, എസ്.കെ.വി. എൻ.എസ്.എസ് സ്ക്കൂളിന്റെ ആരംഭം കുറിക്കുകയും ചെയ്ത പാലത്ത് ശ്രീ. പരമേശ്വരക്കുറുപ്പ് ഈ പഞ്ചാ യത്തിന്റെ സാംസ്കാരിക തിരുമുറ്റത്ത് ജ്വലിച്ചു നില്ക്കുന്ന കർപ്പൂരദീപമാണ്.

പുരോഗമന പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കു കയും, 1967ൽ വാഴൂർ അസംബ്ലിയെ പ്രതിനിധീക രിക്കുകയും ചെയ്ത അഡ്വ. കടയാനിക്കാടു പുരുഷോ



ത്തമൻ പിള്ള, വെള്ളാവൂർ എന്ന പേരിനോടൊപ്പം പീരമേട്ടിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇടുക്കി ജില്ലാ പഞ്ചായത്തുമെമ്പർ വെള്ളാവൂർ സുകമാരൻ എന്നിവർ രാഷ്ട്രീയ രംഗത്ത് ഉയർച്ചയുടെ പടവുകൾ കയറിപ്പോയ വെള്ളാവൂരിന്റെ സന്തതികളാണ്.

ഒരു സമുദായത്തിന്റെ മാത്രമല്ല കേരളത്തിന്റെ റയാകെ അഭിമാനമാണ് കർദ്ദിനാൾ ആൻറണി പടിയറ അദ്ദേഹം പിറന്ന നാടാണ് നമ്മുടേത്. ഔദ്യോഗിക രംഗത്ത് ഉന്നത ശ്രേണിയിൽ എത്തിയിട്ടുള്ളവർ നിര വധിയാണ്. ശ്രീ അൽഫോൻസ് കണ്ണന്താനം, ശ്രീ. റ്റി.ഡി. തങ്കച്ചൻ, ശ്രീ. കെ.പി.എം. റാവുത്തർ കിഴക്ക യിൽ, ശ്രീ. വി.കെ. ദാമോദരൻ വാകനാനിൽ ശ്രീ. ബാബു രാജേന്ദ്രൻ പുത്തൻ പുരയ്ക്കൽ തുടങ്ങി നിരവധി പേർ ഈ രംഗത്തുണ്ട്. വിഷചികിത്സയ്ക്ക് പ്രസിദ്ധനായ കടയനിക്കാട് വഞ്ചിയോലിൽ ശ്രീ. നാരായണപിള്ള (കൊച്ചെജമാനൻ), തിരുവിതാംകൂർ ദേവസ്വം ബോർഡ് ആന വൈദ്യനായ നാരായണ മന്ദിരം ശ്രീ. സി. എൻ ദോമോദരൻ നായർ വസൂരി ചികിത്സാരംഗത്ത് പ്രസിദ്ധനായിരുന്ന കരിപ്പാൽ ശ്രീ. പരമേശ്വരൻപിള്ള തുടങ്ങിയവർ നമ്മുടെ നാട്ടിലെ ചികിത്സാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വൈദ്യ ന്മാരാണ്.

പണ്ട് ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഭൂരിഭാ ഗവും പുതിയ മണ്ണിൽ കണക്കു പത്മനാഭപിള്ള, ചിലമ്പനേത്ത് ഈശ്വരപിള്ള (കടുവാ നാരായണ പിള്ള) ആര്യാട്ട് ആശാൻ എന്നീ മൂന്ന് ഭൂ ഉടമകളുടെ കൈവശമായിരുന്നു. ഇവരുടെ മണ്ണിൽ പണിയെ ടുത്തിരുന്ന അടിയാന്മാരെ യാതൊരു കാരണവും കൂടാതെ നിഷ്കരുണം കുടിയിറക്കിയ നടപടിയ്ക്കെ തിരെ 1952നു ശേഷം കർഷകത്തൊഴിലാളികൾ ശ ബ്ദമുയർത്തിയിരുന്നു. 1952-54കാലഘട്ടത്തിൽ പെരു ങ്കാവ് പ്രദേശത്തു നടന്ന കർഷകത്തൊഴിലാളി സമരം പുരോഗമനപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി അവരുടെ നേതൃത്വത്തിലാണ് നടന്നത്.

മറ്റു പ്രദേശങ്ങളിൽ നിന്നും ഈ പഞ്ചായത്തി ലേക്ക് കുടിയേറിപ്പാർത്ത കുടുംബങ്ങൾ നിരവധിയാണ്. എന്നാൽ 1950നു ശേഷം നിരവധി കുടുംബങ്ങൾ അ വരുടെ സ്ഥലം വിറ്റ് ഇടുക്കി ജില്ലയിൽ തോവാള, കട്ടപ്പന, മലബാറിൽ കണ്ണൂർ, കാസർകോഡ് തുട ങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറി പാർത്തിട്ടുണ്ട്.

18.9.53ൽ വെള്ളാവൂർ പഞ്ചായത്ത് രൂപീകൃതമായി. ശ്രീ. പി.ഏ നാരായണൻ BABL പ്രസിഡൻറായും, ശ്രീ. പി. ജി. ജോസഫ് എരിതനാട്ടു വൈസ്പ്രസിഡൻറായും സർവ്വശ്രീ. റ്റി.പി. കൃഷ്ണപിള്ള കള്ളിക്കൽ, ഈ. കുമാരപിള്ള പുത്തൻപുരയ്ക്കൽ, കെ.ഈ. മാധവ കൈമൾ ആര്യാട്ട് വറുഗീസ് മത്തായി ഞാലിപ്പറമ്പിൽ, M.Pഗോവിന്ദൻ എന്നിവരായിരുന്നു ആദ്യ ഭരണസ മിതി അംഗങ്ങൾ. ഇതിൽ എം.പി. ഗോവിന്ദൻ രാജി വെച്ചപ്പോൾ കെ. ഗോവിന്ദൻ തെരഞ്ഞെടുക്കപ്പെട്ടു. താഴത്തു വടകരയിൽ പ്രവർത്തനം ആരംഭിച്ച പഞ്ചാ യത്ത് ഓഫീസ് 11.8.54ൽ വെള്ളാവൂരിലേക്ക് മാറ്റുക യും18.12.56ൽ വീണ്ടും താഴത്തു വടകരയ്ക്കു മാറ്റുക യും ചെയ്തു. തുടർന്നാണ് മണിമലയിലേക്ക് ഓഫീസ് മാറ്റി സ്ഥാപിച്ചത്.

1963ൽ രണ്ടാമത്തെ ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ. വി.എൻ. ഗോപാലകൃഷ്ണപിള്ളയും തുടർന്ന് ശ്രീ. E.J. ദേവസ്യായും പ്രസിഡൻറുമാരായി രുന്നു. മൂന്നാമതു വന്ന ഭരണ സമിതിയിൽ ശ്രീ. എം. എം. ജോസഫ് ശ്രീ. പി. ശങ്കരൻകുട്ടി നായർ, എന്നിവ ർ വിവിധ കാലയളവുകളിൽ പ്രസിഡൻറുമാരായി രുന്നിട്ടുണ്ട്. തുടർന്നു വന്ന ഭരണ സമിതിയിൽ ശ്രീ. വി.ജി. ജനാർദ്ദനൻനായരും തുടർന്ന് എം.എം. ജോസഫും പ്രസിഡൻറുമാരായിരുന്നു. ഇപ്പോൾ ശ്രീ. സുരേഷ് മൈലാട്ടുപാറ പ്രസിഡൻറും, ശ്രീ. ജി. ഗോപിനാഥക്കുറുപ്പ് വൈസ്പ്രസിഡൻറുമായി പ്രവ ർത്തിക്കുന്നു. വി. എൻ.വേണുഗോപാൽ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ.


വെള്ളാവൂർ പഞ്ചായത്തിന്റെ കൈവശമിരുന്ന കുളത്തൂർ കാവും ഭാഗത്തെ82 ഏക്കർ 32 സെൻറ് സ്ഥലം 1958ൽ ഡിലിമിറ്റേഷനോടുകൂടി കോട്ടങ്ങൽ പഞ്ചായത്തിനോടു ചേർക്കപ്പെട്ടു. ഈ പഞ്ചായത്തിൽ 1991ലെ സെൻസസ് പ്രകാരം 3342 താമസമുള്ളവീ ടുകളുണ്ട്. ജനസംഖ്യ 15811. പുരുഷന്മാർ 7835, സ്ത്രീകൾ 7956, പട്ടികജാതി പുരുഷന്മാർ 1230 പട്ടികജാതി സ്ത്രീകൾ 1260. പട്ടികവർഗ്ഗം പുരുഷ ന്മാർ 62സ്ത്രീകൾ 72

കോട്ടയം ജില്ലയിലെ ഏറ്റവും കൂടുതൽ പട്ടികജാതി കോളനികൾ ഉള്ള പഞ്ചായത്താണ് ഇത്. 550ൽ പരം കുടുംബങ്ങൾ ഈ കോളനികളിലായി താമസിക്കുന്നു.

ഈ പഞ്ചായത്തിന്റെ പരിമിതമായ വരുമാന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഭരണസമതികൾ ഒക്കെ തന്നെ വികസന പരിപാടികൾ കുറെയൊക്കെ നടപ്പിലാ ക്കിയിട്ടുണ്ട്. ഇനിയും അവശ്യം വേണ്ട വികസന പരി പാടികളിൽ നമുക്ക് ഒത്തുചേരാം! ഒന്നായി പരി ശ്രമിക്കാം!!

●

VELLAVOOR GRAMA PANCHAYATH



ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

കോട്ടയം ജില്ലയുടെ തെക്കതിരിൽ ചങ്ങനാശ്ശേരി താലൂക്കിന്റെ തെക്കുകിഴക്കതിരിൽ പത്തനംതിട്ട ജില്ലാതിർത്തിയോടു ചേർന്ന് വെള്ളാവൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. തട്ടമലയിൽ (വാഗമൺ) നിന്നുത്ഭവിച്ച് ഒരു കാലത്ത് തോടായി ഒഴുകി ഈ പഞ്ചായത്തതിർത്തിയിൽ എത്തുമ്പാൾ മാത്രം ആറായി രൂപപ്പെട്ടിരുന്ന മണിമലയാറിന്റെ വടക്കുഭാഗത്തുമായാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം ഒന്ന്, നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകളുടെ തെക്കതിരിൽ കൂടിയാണ് മണിമലയാർ ഒഴുകുന്നത്.

ചിറക്കടവ്, വാഴൂർ, കങ്ങഴ, നെടുംകുന്നം, പത്തനംതിട്ട ജില്ലയിലുള്ള ആനിക്കാട് എന്നീ പഞ്ചായത്തുകളുടേയും മണിമലയാറിന്റേയും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന വെള്ളാവൂർ പഞ്ചായത്തിന്, ഉദ്ദേശം 13 കി.മീ. നീളം മണിമലയാറിന്റെ തീരഭൂമിയുണ്ട്. നിരവധി കുന്നുകളും പാറക്കെട്ടുകളും വളരെ കുറച്ചുപാടശേഖരങ്ങളും ഉൾപ്പെട്ട ഒരു ഭൂവിഭാഗമാണ് ഈ പഞ്ചായത്തിനുള്ളത്.

ഭൂപ്രകൃതിയനുസരിച്ച് വെള്ളാവൂർ ഗ്രാമപഞ്ചായത്തു പ്രദേശത്തെ ആറായി വിഭജിക്കാം.മണിമല ആറിന്റെ നിരപ്പിൽ നിന്നും 20മീ.വരെ ഉയരത്തിലുള്ള നദീതീര സമതല പ്രദേശങ്ങളും 100 മീറ്റർ വരെ ഉയരമുള്ള ചരിവുള്ള ഭൂമിയും 100 മുതൽ 147 മീറ്റർ വരെ ഉയരമുള്ള കുന്നിൻ പ്രദേശങ്ങളും പാറക്കെട്ടുകളും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്ന് മൂന്ന്, നാല്, അഞ്ച് വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന തെങ്ങും പള്ളിമലയാണ്. (147.മീ. ഉയരം) കൂടാതെ മൂന്നാം വാർഡിലുള്ള വില്ലൻപാറ (138മീ. ഉയരം) തൊട്ടു പിന്നാലെ നില്ക്കുന്നു. ഈ പഞ്ചായത്തിൽ കുന്നുകൾ ഇല്ലാത്ത ഒരു വാർഡും ഇല്ല.

പ്രധാനമായും നാലുതരത്തിലുള്ള മണ്ണാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. നദീതീര സമതലപ്രദേശങ്ങളിൽ എക്കൽ കലർന്നമണലും പാടങ്ങളിൽ പശിമരാശി മണ്ണും കുന്നുകളിലും, ചരിവുപ്രദേശങ്ങളിലും ആഴം കുറഞ്ഞ ചരൽ കലർന്ന ചുവന്ന മ

	ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി (ഹെക്ടർ)	ശതമാനം
1.	കുന്നിൻപ്രദേശം	504	23
2.	വലിയ ചരിവുള്ള ഭൂപ്രദേശം	160	7
3.	ചെറിയചരിവുള്ള ഭൂമി	1343.5	60.5
4.	നദീതീരസമതലം, പാടങ്ങൾ	73	3
5.	പാറക്കെട്ടുകൾ	32	1.5
6.	തോട്, പുഴ, റോഡ്	107	5
	ആകെ	2219.5	



വാർഡ്		കുന്നുകൾ ഉയരം (മണിമലയാറിന്റെ നിരപ്പിൽ നിന്നും)		
Ward I	കിഴക്കേപാറ	100മീ.	മുതൽ	120.മീ.വരെ
Ward II	പാറയ്ക്കാട്	"	"	"
"	മലങ്കോട്ട	"	"	"
Ward III	വില്ലൻപാറ	120	"	140 "
"	തുപ്പനാമല	100	"	120 "
"	മലേപറമ്പ്	"		"
"	മലമ്പാറ	"		"
Ward IV	പള്ളത്തുപാറ	"		"
Ward V	തെങ്ങംപള്ളി	120	"	147 "
Ward VI	വില്യാനി	100	"	120 "
"	കോയിപ്പുറം, വട്ടക്കാവ്	"		"
Ward VII	മുടിമല	60	"	100 "
Ward VIII	പള്ളിത്തടം	100	"	120 "
Ward IX	വേട്ടോക്കാവ്	"	"	

ണ്ണുമാണുള്ളത്. വെട്ടുകല്ലു രൂപത്തിലുള്ള മണ്ണ് പഞ്ചായത്തിന്റെ 50% പ്രദേശത്തുണ്ട്. കൂടാതെ ഉയർന്ന പാറകൂട്ടങ്ങളും കാണപ്പെടുന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും മൂന്നടിമുതൽ ഇരുപത്തഞ്ചടി വരെ ആഴത്തിൽ മണ്ണും അതിനടിയിൽ പാറയുമാണ്.

1.	നദീതീരസമതലപ്രദേശം	എക്കൽ കലർന്നമണൽ	2%
2.	പാടങ്ങൾ	പശിമരാശി മണ്ണ്	1%
3.	കുന്നുകൾ, ചരിവുകൾ	ചരൽകലർന്ന ചുവന്ന മണ്ണ്	46%
	"	വെട്ടുകല്ലു കലർന്ന മണ്ണ്	50%
4.	പാറക്കെട്ടുകൾ	-	1%

മഴക്കാലത്ത് മണിമലയാറിന്റെ ഉത്ഭവപ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായാൽ, ആറ്റിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും പഞ്ചായത്തിലെ നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത് ഈ വാർഡുകളുടെ നദീതീര സമതല പ്രദേശങ്ങൾ വെള്ളം കയറി നാശനഷ്ടങ്ങൾക്കിരയാവുകയും ചെയ്യാറുണ്ട്. മൊത്തം ഭൂവിസ്തൃതിയുടെ 80% ത്തോളം റബ്ബർ കൃഷിക്കായി ഉപയോഗിക്കുന്നു.

ജനപ്രകൃതി

ചങ്ങനാശ്ശേരി താലൂക്കിന്റെ തെക്കുകിഴക്കേ അതിരിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിലെ ജനസാന്ദ്രത മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറവാണ് (ച. കി.മീറ്ററിന് 674) ചരിത്രപശ്ചാത്തലം ഇതിനുകാരണമാണ്. ഈ പഞ്ചായത്തിലെ മുഴുവൻ ഭൂമികളും മൂന്നുനാലു കുടുംബങ്ങളുടേതായിരുന്നു. കാലക്രമത്തിൽ പല സ്ഥലങ്ങളിൽ നിന്നായി കുറെയാളുകൾ ഇവിടെവന്ന് താമസമുറപ്പിച്ചെങ്കിലും പ്രസ്തുത കുടുംബങ്ങളുടെ പിൻതുടർച്ചക്കാരുടെ കൈവശത്തിൽ തന്നെ ഗണ്യമായ ഒരു ഭൂപ്രദേശമുണ്ട്. സ്ഥലവാസികളിൽ ഭൂരിപക്ഷവും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. വ്യാപാരത്തിലും മറ്റു ചെറുകിട തൊഴിലിലുമേർപ്പെട്ടിരിക്കുന്നവരും, സർക്കാർ - സ്വകാര്യജീവനക്കാരും ധാരാളമായുണ്ട്. വിദേശത്ത് ജോലിയുള്ള വളരെയധികം ആളുകൾ ഈ പഞ്ചായത്തു നിവാസികളായുണ്ട്.

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായ



ത്തിലെ ജനസംഖ്യ 15811 ആണ്. 7855 പുരുഷന്മാരും 7956 സ്ത്രീകളുമാണുള്ളത്. മൊത്തം ജനസംഖ്യയുടെ 16.6% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നു. 14 അംഗീകൃത കോളനികൾ ഈ പഞ്ചായത്തിലുണ്ട്. സാക്ഷരതാശതമാനം 98 ആണ്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഈ പഞ്ചായത്തിലെ നിവാസികളായുണ്ട്. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനമുള്ളതും സ്ത്രീകൾ സാമൂഹ്യപ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തു വരുന്നതുമാണ്. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഈ പഞ്ചായത്തിൽ നിലവിലില്ല. അദ്ധ്വാനശീലരായ കർഷകരും കർഷക തൊഴിലാളികളും, സർക്കാർ, പ്രൈവറ്റ് മേഖലകളിലെ ജീവനക്കാരുമായ ജനങ്ങൾ സൗഹാർദ്ദത്തോടെ ജീവിക്കുന്നു. അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ജനങ്ങളുടെ പ്രധാനവരുമാനം കാർഷികവൃത്തിയിൽ നിന്നുള്ളതാണ്.

ജനങ്ങൾ പൊതുവേ ആരോഗ്യമുള്ളവരാണ്. പറയത്തക്ക സാംക്രമികരോഗങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലെ ജനങ്ങളെ ബാധിച്ചിട്ടില്ല. പൊതുവേ ശുചിത്വ ബോധമുള്ളവരാണ് പഞ്ചായത്തു നിവാസികൾ. ശുചിത്വമുള്ള അന്തരീക്ഷവും പരിസരവും ജലവും ഈ പഞ്ചായത്തിന് ഒരു മുതൽ കൂട്ടാണ്.

ജലപ്രകൃതി

പൊതുവേ ഉയർന്ന പ്രദേശങ്ങളുള്ള ഈ പഞ്ചായത്തിൽ മഴ ധാരാളമായി ലഭിക്കുന്നുണ്ട്. കിണറുകളിലേയും തോടുകളിലേയും ജലലഭ്യത മഴയുടെ ഏറ്റക്കുറച്ചിലനുസരിച്ചാണ്. പഞ്ചായത്തിന്റെ തെക്കതിരിൽ കൂടി മണിമലയാറ് ഒഴുകുന്നു. മണിമലയാറ്റിലെ ജല നിരപ്പും മഴയെ ആശ്രയിച്ചാണ്. ആറിനോടു ചേർന്നുള്ള ഒന്ന്, നാല്, അഞ്ച്, ഏഴ്, എട്ട് എന്നീ വാർഡുകളിലെ ഭൂമി, ആറിനേക്കാൾ 20 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരത്തിൽ ഉള്ളതാകയാൽ ആറ്റിലെ ജലം സ്വാഭാവികമാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്ക് എത്തിയ്ക്കുവാൻ നിർവ്വാഹമില്ല. അഞ്ച്, എട്ട്, ഒൻപത് എന്നീ വാർഡുകളുടെ വളരെ കുറച്ചു പ്രദേശത്തു മാത്രമേ ആറ്റിലെ ജലം സാധാരണ നിലയിൽ ഒഴികിയെത്തൂ.

കാര്യമായി ജലനിർഗ്ഗമനമൂള്ള തോടുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. കുറെയെങ്കിലും വെള്ളമൊഴുക്കുള്ള തോട് വെള്ളാവൂർ തോടാണ്. പ്രസ്തുത തോടും ഒഴുകുന്നത് പഞ്ചായത്തിന്റെ അതിരിൽ കൂടിയാണെന്നു പറയാം. മൂന്ന്, ആറ് എന്നീ വാർഡുകളുടെ പടിഞ്ഞാറതിരിൽ കൂടി (പഞ്ചായത്തിന്റെയും പടിഞ്ഞാറതിരിൽകൂടി) ഒഴുകി മണിമലയാറ്റിൽ ചേരുന്നു. ഈ തോട് ഒഴിച്ചുള്ള മറ്റു തോടുകൾ ജനുവരി മുതൽ ജൂൺ വരെയുള്ള കാലത്ത് തീർത്തും വറ്റി വരളുന്നു. കുറെയെങ്കിലും ജലലഭ്യതയുള്ള പാടങ്ങൾ അഞ്ച്, എട്ട്, ഒൻപത് എന്നീ വാർഡുകളിലാണുള്ളത്. മൊത്തം ഭൂവിസ്തൃതിയുടെ 1% മാത്രമാണ് വയൽ. പ്രസ്തുത പ്രദേശങ്ങളും വരൾച്ച ബാധിതമാണ്. കാര്യമായി വർഷം മുഴുവൻ ജലലഭ്യതയ്ക്കുള്ള ശ്രോതസ്സുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ആകെ ആശ്രയിക്കാവുന്നത് മണിമല ആറു മാത്രമാണ്. സാധാരണ ജനുവരി മുതൽ ജൂൺ വരെയുള്ള കാലത്ത് രൂക്ഷമായ വരൾച്ച അനുഭവപ്പെടാറുണ്ട്.

ജനങ്ങൾ കുടിജലത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകളിൽ നിന്നും ലഭിക്കുന്ന ജലം ശുദ്ധമാണ്. കൂടാതെ ഒഴുക്കുള്ള സമയങ്ങളിൽ തോടുകളിലെ ജലവും ശുദ്ധമാണ്. കിണറുകളുടെ അടിത്തട്ടും തോടുകളുടെ പാർശ്വങ്ങളും മറ്റും പാറ ആയതിനാലാണ് ശുദ്ധജലം ലഭ്യമാകുന്നത്.


ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകളിലെ ജലത്തിൽ സൾഫറിന്റെ അംശം കൂടുതലായി കാണപ്പെടുന്നു. ഇതുമൂലം പ്രസ്തുത ജലം ഉപയോഗയോഗ്യമല്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറിലെ വിദഗ്ധരുടെ നിഗമനത്തിൽ ഭൂഗർഭജലശേഖരം ഇവിടെ വളരെ കുറവാണ്.

പൊതുകുളങ്ങൾ രണ്ടെണ്ണം മാത്രമാണുള്ളത്, കടയനിക്കാട്ടുള്ള കുറ്റിയ്ക്കാട്ടുകുളവും, പെരുങ്കാവിലുള്ള കുളവും, ചെറിയ ഒൻപതു സ്വകാര്യകുളങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. ഇവ എല്ലാം തന്നെ വേനൽക്കാലത്ത് ജലലഭ്യത വളരെ കുറയുന്ന വയാണ്.

ഭൂമിയുടെ കുത്തനെയുള്ള ചരിവുമൂലം മഴക്കാലത്ത് ലഭിക്കുന്ന ജലത്തിന്റെ നല്ല പങ്കും ഒഴുകി നഷ്ടപ്പെടുന്നു. ഈ പഞ്ചായത്തിൽ ഭാഗികമായി വാട്ടർ ഷെഡ് പദ്ധതി നടപ്പാക്കിയെങ്കിലും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമായിട്ടില്ല.

പ്രധാന നീരൊഴുക്കു തോടുകൾ	എവിടെ ചേരുന്നു എന്ന്	ജലലഭ്യത
1. മൂങ്ങാനിതോട്	മണിമലയാറ്റിൽ	6 മാസം
2. അടാമറ്റം തോട്	മൂലേപ്ലാക്കൽതോട്	8 മാസം
3. അരീക്കൽതോട് (Ward III)	വെള്ളാവൂർതോട്	6 മാസം
4. വെള്ളാവൂർതോട്	മണിമലയാറ്റിൽ	9 മാസം
5. തോണിപ്പാറതോട്	"	6 മാസം
6. കൊക്കപ്പുഴതോട്	"	6മാസം
7. പെരുവംമണ്ണിൽ തോട്	"	6 മാസം
8. തോട്ടത്തുംകുഴിതോട്	വെള്ളാവൂർ തോട്	8 മാസം
9. അരീക്കുഴിതോട് (Ward VIII)	മണിമലയാറ്റിൽ	8 മാസം
10. കടലാടിതോട്	"	8മാസം

ഇതു കൂടാതെ 15 ചെറിയ നീർചാലുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്.









വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

ഒൻപതാം പഞ്ചവത്സര പദ്ധതി - 1997-2002

വികസന മേഖലകളുടെ അവലോകനം

★ ഗ്രാ മ സ ഭാ നി ർ ദ്ദേ ശ ങ്ങ ൾ ★





1

കുടിവെള്ളം

മനുഷ്യജീവൻ നിലനിർത്താനുള്ള ഒരു അവശ്യ വസ്തു എന്ന പ്രാധാന്യം തന്നെ നല്കി, ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്തുന്നതി നാണ്, ആകെയുള്ള ഒൻപത് ഗ്രാമസഭകളും, കുടിവെള്ള ലഭ്യതയ്ക്കുള്ള പദ്ധതി നിർദ്ദേശങ്ങൾക്ക് മുന്തിയ പരിഗണന നല്കിയിട്ടുള്ളത്.

കുന്നുകളും, പാറക്കെട്ടുകളും, കുത്തനെ ചരിവുള്ള ഭൂമിയും, വളരെ ചെറിയ പാടങ്ങളും ഒത്തു ചേരുന്ന ഈ പഞ്ചായത്തു പ്രദേശത്ത് 'കുടിജല ദൗർലഭ്യം' മിക്ക സ്ഥലങ്ങളിലും അനുഭവപ്പെടുന്നു. പൊതു-സ്വകാര്യകിണറുകളെയാണ് ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. പഞ്ചായത്തും, വികസനബ്ലോക്കും നിരവധി കിണറുകളും, കുളങ്ങളും, കുഴൽ കിണറുകളും വിവിധ വാർഡുകളിലായി നിർമ്മിച്ചിട്ടുണ്ടെങ്കിലും വേനൽക്കാലം പകുതിയെത്തുമ്പോഴേയ്ക്ക് കുഴൽ കിണറുകൾ അടക്കമുള്ള ജലസ്രോതസുകളും, തോടു കളും, പാടങ്ങളും വറ്റി വരളുകയാണ്. ജലലഭ്യതയ്ക്ക് മണിമലയാറുമാത്രമാണ് ആശ്രയം. 1986, 1990, 1993 എന്നീ വർഷങ്ങളിലുണ്ടായ വരൾച്ചക്കാലത്ത് ടാങ്കർ ലോറിയിൽ മണിമലയാറ്റിൽ നിന്നും ജലം സംഭരിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 60-ലധികം പോയിന്റുകളിൽ കുടിജലം എത്തിക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഈ പ്രദേശത്തെ ഭൂപരിതസ്ഥിതികൾക്കും കൃഷിരീതിയ്ക്കുമുണ്ടായ മാറ്റം ജല ദൗർലഭ്യത്തിന് ഒരു കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ ഭക്ഷ്യവിളകളുടെ കൃഷി, വ്യാപകമായിരുന്നതിനാൽ എല്ലാവർഷവും ഭൂമിയുടെ ഉപരിതലം കിളച്ച് ഇളക്കുകയും, മഴമൂലം ലഭിക്കുന്ന ജലം ഭൂമിയിൽ താഴുന്നതിന് സാദ്ധ്യമാവുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന്, ഈ പഞ്ചായത്തിന്റെ 65% ത്തിലേറെയും ഭൂമി റബ്ബർ കൃഷിക്ക് ഉപയുക്തമാക്കിയിരിക്കുന്നതിനാൽ റബ്ബറിന്റെ വേരുപടലം ഭൂമിയുടെ ഉപരിതലത്തെ ദൃഢമാക്കി, വർഷങ്ങളോളം ഉപരിതലമണ്ണിന് ഇളക്കം തട്ടാതെ, മഴമൂലം ലഭിക്കുന്ന വെള്ളം ഭൂമിക്കുള്ളിലേയ്ക്ക് ഇറങ്ങുന്നതിന് വിഘാതമായി വർത്തിക്കുന്നു. ഇക്കാരണത്താൽ ജലം ഭൂമിയിൽ സംഭരിക്കപ്പെടാതെ ഒഴുകി നഷ്ടപ്പെടുകയാണ്. കൂടാതെ റബ്ബർ, മറ്റു വിളകളെ അപേക്ഷിച്ച് ഭൂമിയിലുള്ള വെള്ളം കൂടുതലായി വലിച്ചെടുക്കുന്ന ഒരു വൃക്ഷമാണ്. ഇതു പോലെയുള്ള പ്രദേശങ്ങളിൽ ജലദൗർലഭ്യവും രൂക്ഷമാവാൻ ഒരു കാരണം ഇതാണെന്നു കരുതപ്പെടുന്നു. ജനസംഖ്യാ പെരുപ്പവും ജനസാന്ദ്രതയിലുള്ള വർദ്ധനവും മൂലം ജലത്തിന്റെ ഉപയോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവും ജലദൗർലഭ്യത്തിനു കാരണമായിട്ടുണ്ട്.

പൊതു കിണറുകളുടേയും, സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിലുള്ള കിണറുകളുടേയും അടിയിൽ, ഭൂരിഭാഗവും, വലിയ പാറയാണ്. അതിനാൽ അവയിലൊന്നിലും തന്നെ വേനൽക്കാലമാവുമ്പോൾ വെള്ളം കാണുകയില്ല. വിവിധ ഭാഗങ്ങളിൽ കുഴിച്ചിട്ടുള്ള കുഴൽ കിണറുകളുടേയും സ്ഥിതി മറ്റൊന്നല്ല. കൂടാതെ കുഴൽ കിണറുകളിലെ വെള്ളത്തിൽ സൾഫറിന്റെ അംശം വളരെ കൂടിയ അളവിൽ ഉള്ളതിനാൽ ജലം പൂർണ്ണമായി ഉപയോഗയോഗ്യവുമല്ല. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും, കുന്നുകളും, കുത്തനെ ചരി



വുള്ള ഭൂമിയുമാകയാൽ കുഴൽകിണറുകൾ കൂടുത ലായി നിർമ്മിക്കുക അപ്രായോഗികമാണ്. ഗ്രൗണ്ട് വാ ട്ടർ ഡിപ്പാർട്ടുമെൻറിലെ വിദഗ്ദ്ധരുടെ പഠനങ്ങളിൽ, 'പഞ്ചായത്തിൻെറ ചില പ്രദേശങ്ങളൊഴിച്ചാൽ, ബാക്കി യുള്ള സ്ഥലങ്ങളിൽ ഉപരിതലത്തിൽ നിന്നും 20 അടി മുതൽ 4000 അടി വരെ താഴ്ചയിൽ പാറയാണ്.' അതിനാൽ നിലവിലുള്ള കിണറുകൾ ആഴം കൂട്ടിയോ പുതിയവ നിർമ്മിച്ചോ കുടി ജലക്ഷാമം പരിഹരിക്കു വാൻ കഴിയില്ല. കോട്ടയം ജില്ലയിൽ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന ഈ പഞ്ചായ ത്തിൻെറ തെക്കേ അതിരിൽ കൂടിയാണ് മണിമലയാറ് ഒഴുകുന്നത്. സമീപത്തുള്ള ചില പഞ്ചായത്തുകളിലേ യ്ക്ക്, മണിമലയാറ്റിലെ ജലം പൈപ്പു വഴി ഈ പഞ്ചാ യത്തിൽ കൂടി കൊണ്ടുപോകുന്നുണ്ടെങ്കിലും വേനൽ കാലത്ത് രണ്ടും മൂന്നും കി.മീറ്റർ ദൂരെ, മണിമ ലയാറ്റിൽ നിന്നും, മറ്റ് ജലലഭ്യതയുള്ള കിണറുകളിൽ നിന്നും കുടിവെള്ളം ശേഖരിക്കേണ്ട ബുദ്ധിമുട്ടാണ് ഈ പഞ്ചായത്തു നിവാസികൾക്കുള്ളത്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വെള്ളാ വൂർ, മണിമല, ചെറുവള്ളി, വാഴൂർ, ആനിക്കാട് എന്നീ വില്ലേജുകൾക്കായി ഒരു മേജർ വാട്ടർ സപ്ലൈ സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ തീർന്നിട്ടുണ്ടെങ്കിൽ പോലും കോടിക്കണക്കിനു രൂപാ ചെലവുവരുന്ന, പ്ര സ്തുത സ്കീം സമീപകാലത്തെങ്ങും നടപ്പിലാകുമെന്ന് പ്രതീക്ഷയില്ല.

ആകയാൽ വെള്ളാവൂർ പഞ്ചായത്തു പ്രദേശത്തെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുവാൻ താഴെ വിവരിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമുകൾ സത്വരപരിഗണന നല്കി നടപ്പാക്കേണ്ടതുണ്ട്.

1. കുളത്തുങ്കൽ മിനി വാട്ടർ സപ്ലൈ സ്കീം
2. തെങ്ങം പള്ള മിനി വാട്ടർ സപ്ലൈ സ്കീം
3. കണ്ണഴ വാട്ടർ സപ്ലൈ എക്റ്റൻഷൻ സ്കീം

കൂടാതെ ഇപ്പോൾ പണി നടന്നു വരുന്നതും 1997 മാർച്ച് 31 നകം പൂർത്തീകരിക്കുമെന്ന് കേരളാ വാട്ടർ അതോറിറ്റി അധികാരികൾ പറയുന്നതുമായ 'പള്ളത്തു പാറ SCP സ്കീമി'നായി പമ്പു ഹൗസ് പണിത് മോട്ടർ സ്ഥാപിക്കുകയും സ്കീം കമ്മീഷൻ ചെയ്യുവാനുള്ള സത്വര നടപടികൾ സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കുകയും വേണം.

ചെക്ക് ഡാമുകൾ

വേനൽ കാലത്ത് മണിമലയാറ്റിലെ ജലവിതാനം വളരെയധികം താഴുന്നതിനാൽ സമീപപ്രദേശത്തും ഭൂമിയിലെ ജലവിതാനം ഗണ്യമായി താഴുന്നു. ഇതു പരിഹരിക്കുവാൻ മണിമലയാറ്റിലെ ജലനിരപ്പ് ഉയർ ത്തി നിർത്തേണ്ടത് അത്യാവശ്യമാണ്. അതിനായി താഴെ പറയുന്ന സ്ഥലങ്ങളിൽ, ആറ്റിൽ, ഓരോ ചെ ക്കുഡാമുകൾ നിർമ്മിക്കുന്ന പദ്ധതിയും കുടിവെള്ള പദ്ധതിയോടൊപ്പം ചെയ്തു തീർക്കേണ്ടത് ആവശ്യ മാണ്. എങ്കിൽ മാത്രമേ വാട്ടർ സപ്ലൈ സ്കീമുകൾ ക്കായി നിർമ്മിക്കുന്ന കിണറുകളിൽ സുലഭമായി വെള്ളം എല്ലാക്കാലത്തും ലഭിക്കുകയുള്ളൂ.

നിലവിലുള്ള ജലശ്രോതസുകൾ

ഇനം	എണ്ണം	വർഷം മുഴുവൻ ജലലഭ്യത	സംരക്ഷണമുള്ളത്	സംരക്ഷണമില്ലാത്തത്	ജലം കുടിയ്ക്കുവാൻ യോഗ്യമാണോ	റിമാർക്സ്
1. പൊതുകിണറുകൾ	64	3	58	6	അല്ല	ശുചിയാക്കാറില്ല
2. സ്വകാര്യകിണറുകൾ	2857	317	1318	1539	ഭൂരിഭാഗവും യോഗ്യമാണ്	
3. കുഴൽകിണറുകൾ	17	6	-	-	അല്ല	ജലത്തിൽ സൾഫറിൻെറ അംശം കൂടുതലായുണ്ട്
4. കുളങ്ങൾ പൊതുവായുള്ളത്	2	2	2	-	അല്ല	പമ്പും മോട്ടോറും ഉപയോഗിച്ച് ജലം സപ്ലൈ ചെയ്യുവാൻ മാത്രം വെള്ളം ലഭ്യമല്ല
സ്വകാര്യം	14	7	3	11	അല്ല	"



1. വിലങ്ങുപാറ
2. മുങ്ങാനി
3. മാരൂർകടവ്
4. മുണ്ടോലിക്കടവ്
5. ഒളോമനക്കടവ്
6. കുളത്തൂർമുഴി

കുടിജല ദൗർലഭ്യ പരിഹാരം – ഗ്രാമസഭാനിർദ്ദേശങ്ങൾ

പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ഉദ്ദേശ ചെലവ് (രൂ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രദേശം ലഭിക്കുന്ന പ്രദേശം	റിമാർക്സ്
1. കുളത്തുങ്കൽ മിനി വാട്ടർ സപ്ലൈ സ്കീം. (കുളത്തുങ്കൽ ക്ഷേത്രത്തിനു സമീപം ഗ്രൗണ്ട് ലവൽ ടാങ്ക് നിർമ്മിച്ച് പള്ളത്തുപാറ SCP സ്കീമിനുവേണ്ടി ആയിലപ്പടിയിൽ നിർമ്മിക്കുന്ന പമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പു ചെയ്ത് വിതരണം നടത്തുക)	കേന്ദ്ര, സംസ്ഥാ നഗവ: K.W.A, ജില്ലാഗ്രാമ പഞ്ചായത്തുകൾ	45 ലക്ഷം	2 വർഷം	ഒന്ന്, രണ്ട് വാർഡുകൾ പൂർണ്ണമായും മൂന്നാം വാർഡ് ഭാഗികമായും	കറുകച്ചാൽ - മണിമല റോഡിനു കിഴക്കു ഭാഗത്തുള്ള ഈ പഞ്ചായത്തു പ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്കും (ഉദ്ദേശം 1200) കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയും.
2. തെങ്ങുംപള്ളി മിനിവാട്ടർ സപ്ലൈ സ്കീം. (മണിമലയാറ്റിൽ കോറപ്പള്ളിക്കടവിൽ കിണറും പമ്പു ഹൗസും നിർമ്മിച്ച് തെങ്ങും പള്ളി മലയിൽ ഗ്രൗണ്ട് ലവൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് വിതരണം നടത്തുക)	"	65 ലക്ഷം	2 വർഷം	മൂന്ന്, നാല്, അഞ്ച്, ആറ് വാർഡുകൾ ഭാഗികമായും ഏഴാം വാർഡു പൂർണ്ണമായും	വെള്ളാവൂർ തോടിനു കിഴക്കും, കറുകച്ചാൽ മണിമല റോഡിനു പടിഞ്ഞാറുഭാഗത്തുമായുള്ള മുഴുവൻ പഞ്ചായത്തു പ്രദേശത്തും ഉദ്ദേശം 1750 കുടുംബങ്ങൾക്ക് കുടിവെള്ള മെത്തിക്കാൻ കഴിയും ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ സ്ഥലമാണ് ഉദ്ദേശം 147 മി. തെങ്ങും പള്ളിമല
3. കങ്ങഴ വാട്ടർ സപ്ലൈ എക്സ്റ്റൻഷൻ സ്കീം (കങ്ങഴ - നെടുംകുന്നം വാട്ടർ സപ്ലൈ സ്കീമിൽ നിന്നും നെടുംകുന്നം പഞ്ചായത്ത് വിടർത്തി കഴിയുമ്പോൾ, പ്രസ്തുത സ്കീമിൽ വെള്ളാവൂർ പഞ്ചായത്തിന്റെ 8, 9 ഉൾപ്പെടുത്താവുന്ന പദ്ധതി)	"	20 ലക്ഷം	2 വർഷം	എട്ട്, ഒൻപത് വാർഡുകൾ പൂർണ്ണമായും പഞ്ചായത്തിന്റെ മുഴുവൻ വാർഡുകൾ	വെള്ളാവൂർ തോടിനു പടിഞ്ഞാറു ഭാഗത്തുള്ള ഈ പഞ്ചായത്തു പ്രദേശത്തെ 900 കുടുംബങ്ങൾ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനം ലഭിക്കും
4. മണിമലയാറ്റിൽ വിലങ്ങുപാറ മുങ്ങാനി മാരൂർക്കടവ്, മുണ്ടോലിക്കടവ്, ഒളോമനകടവ്, കുളത്തൂർമുഴി എന്നീ സ്ഥലങ്ങളിൽ ഓരോ ചെക്കുഡാമുകൾ നിർമ്മിക്കുക	ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ്, ജില്ലാപ്ലാക്ക്, ഗ്രാമപഞ്ചായത്തുകൾ	1,20,00000/-	2 വർഷം		ഈ പഞ്ചായത്തു കൂടാതെ മണിമല, കോട്ടാങ്ങൽ, ചിറക്കടവ് പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കും. കുടിവെള്ള പദ്ധതിക്ക് വെള്ളം ലഭ്യമാക്കുന്നതോടൊപ്പം ടി പഞ്ചായത്തു പ്രദേശങ്ങളിൽ കൃഷിക്കും ചെക്കു ഡാമുകളിലെ ജലം ലഭ്യമാക്കാം.

മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കിയാൽ വെള്ളാവൂർ പഞ്ചായത്തു പ്രദേശം മുഴുവൻ കുടിവെള്ളം എല്ലാക്കാലത്തും ലഭ്യമാക്കാവുന്നതാണ്.

അനുബന്ധം -1

കുടിവെള്ളവിതരണ പദ്ധതി, ആകെ അടങ്കൽ 250 ലക്ഷം രൂപാ







പാർപ്പിടവും സാമൂഹ്യക്ഷേമവും

2

ലോകരാഷ്ട്രങ്ങളിലൊക്കെ തന്നെ പാർപ്പിട പ്രശ്നം, പരിഹരിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയ മായി മാറിയിരിക്കുകയാണ്. ജനസംഖ്യാവർദ്ധനവിനനുസരിച്ച് പാർപ്പിടത്തിന്റെ ആവശ്യവും വർദ്ധിച്ചു വരികയാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വിഭിന്നമായി, കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളുടെ അവസ്ഥ സംജാതമായി കൊണ്ടിരിക്കുകയാണ്. കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ ജനങ്ങൾ ഓരോ മേഖലകളിൽ മാത്രം കേന്ദ്രീകരിച്ച് വാസമുറപ്പിക്കുമ്പോൾ കേരളത്തിൽ മുഴുവൻ പ്രദേശങ്ങളിലും ജനങ്ങൾ വീടു നിർമ്മിച്ച് വസിക്കുകയാണ്. ഭൂപരിഷ്ക്കരണം പോലുള്ള സാമൂഹ്യ മാറ്റങ്ങൾ കേരളത്തിൽ നടപ്പായതോടുകൂടി പത്തോപതിനഞ്ചോ കുടുംബങ്ങളുടേതുമാത്രമായിരുന്ന ഓരോ ഗ്രാമങ്ങളിലേയും ഭൂമി, തുണ്ടുതുണ്ടായി വിഭജിക്കപ്പെടുകയും, ഓരോ, തുണ്ടുഭൂമിയിലും ഓരോ ഗൃഹങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തു. കേരളത്തിലെ മറ്റെല്ലാ ഗ്രാമങ്ങളിലെന്നപോലെ ഈ പഞ്ചായത്തിലും ഈ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ ശരാശരി ഒരു ച.കി.മീറ്ററിന് 151 വീടുകൾ വീതം നിലവിലുണ്ട്. എന്നാൽ സമീപപഞ്ചായത്തുകളുമായി താരതമ്യം ചെയ്താൽ വലിയ കെട്ടിടങ്ങളുടെ എണ്ണം വളരെ കുറവാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും കാര്യമായി ഈ മേഖലയിൽ സ്വാധീനം ചെലുത്തിയിട്ടില്ല.

വാർഡ്	വീടുകൾ	മറ്റുകെട്ടിടങ്ങൾ	ആകെ	കോൺ ക്രീറ്റ്	ഓട്	ഷീറ്റ്	കുടിൽ
1	544	68	612	68	484	19	41
2	543	37	580	22	465	38	55
3	497	29	626	46	439	9	32
4	382	96	478	16	390	23	49
5	388	102	490	34	413	17	26
6	372	83	455	44	321	4	86
7	371	123	494	50	387	15	42
8	451	113	564	43	540	7	64
9	376	92	468	53	375	9	31
ആകെ	3924	743	4667	376	3724	141	426

(അസസ്മെൻറ് രജിസ്റ്റർ പ്രകാരമുള്ളത്)



താഴ്ന്ന വരുമാനക്കാരായ ആളുകൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ 14 അംഗീകൃത പട്ടികജാതി കോളനികൾ നിലവിലുണ്ട്. ഈ കോളനികളിൽ പലതിലും സർക്കാരും പഞ്ചായത്തും നിർമ്മിച്ചു നൽകിയ വീടുകളും, കൈവശക്കാർ തന്നെ നിർമ്മിച്ച വീടുകളും കാലപ്പഴക്കം കൊണ്ടും, നിർമ്മാണത്തിലുണ്ടായ അപാകത മൂലവും വാസയോഗ്യമല്ലാതായിട്ടുണ്ട്. അതുപോലെ SC/ST വിഭാഗത്തിൽപെടാത്ത പല കോളനിവാസികൾക്കും അതിലേയ്ക്കുള്ള സ്കീമുകൾ ഇല്ലാത്തതിനാൽ വാസയോഗ്യമായ വീടുണ്ടാക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

കോളനികളിലല്ലാതെ സ്വന്തമായി നാമമാത്രഭൂമി കൈവശമുള്ള മറ്റനവധി കുടുംബങ്ങൾ ഒരു വീടു നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക പിൻബലമില്ലാത്തവരായും ഉണ്ട്. അതുപോലെ ഗണ്യമായ ഒരു വിഭാഗം കുടുംബങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമായിട്ടുമില്ല. ഇവർക്കൊക്കെ വീടും പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കുവാനുള്ള ബാദ്ധ്യത ഗവൺമെൻറിനും പഞ്ചായത്തുകൾക്കുമുണ്ട്.

ആവശ്യങ്ങൾ പ്രശ്നങ്ങൾ

★സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരായ 426 കുടുംബങ്ങൾ (IRDP പരിധിയ്ക്കുള്ളിൽ)ക്ക് വീട് നിർമ്മിക്കണം.

★ ജീർണ്ണാവസ്ഥയിലായിട്ടുള്ള 254 വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് (IRDP പരിധിയ്ക്കുള്ളിൽ) വീടു പുനഃരുദ്ധരിക്കുന്നതിന് ധനസഹായം ലഭ്യമാകണം.

★ താഴ്ന്ന വരുമാനക്കാരും സ്വന്തമായി വീടുവയ്ക്കുവാൻ ഭൂമി ഇല്ലാത്തവരുമായ 50 കുടുംബങ്ങൾക്ക് വീടു വെയ്ക്കുവാൻ മൂന്നു സെൻറു വീതം ഭൂമി ലഭ്യമാക്കുകയും അവർക്ക് വീടിനുള്ള ധനസഹായം നല്കുകയും ചെയ്യണം.

★ ഐ.ആർ.ഡി.പി. പരിധിയ്ക്കുള്ളിൽ വരുന്ന, സ്വന്തമായി കക്കൂസ് ഇല്ലാത്ത 1295 കുടുംബങ്ങൾക്ക് ആയതിലേയ്ക്കുള്ള ധനസഹായം നല്കണം

പരിഹാരനിർദ്ദേശങ്ങൾ

★ നിലവിലുള്ള ഭവനനിർമ്മാണപദ്ധതികൾ അപര്യാപ്തവും അശാസ്ത്രീയവുമാണ്. IRDP പരിധിയിലുള്ള ഒരു കുടുംബത്തിന് വീടു നിർമ്മിക്കുവാൻ ഇപ്പോൾ നല്കുന്ന ധനസഹായം അപര്യാപ്തമാണ്. പ്രസ്തുത തുക 30000 രൂപയായി വർദ്ധിപ്പിക്കണം.

★ ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനഃരുദ്ധാരണത്തിനും, അർഹരായവർക്ക് 10000 രൂപ ഗ്രാൻറായി നൽകണം

★ എല്ലാ ഭവനങ്ങളിലും ശുചിത്വമുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ടോട്ടൽ സാനിട്ടേഷൻ പദ്ധതിയ്ക്കായി ഗവ: സഹായം നൽകണം.

★ ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ വായ്പ തുക അൻപതിനായിരം രൂപയും, സബ്സിഡി 25000/- രൂപയുമായി വർദ്ധിപ്പിക്കണം.

സാമൂഹ്യക്ഷേമം

പെൻഷനുകൾ

ദുർബല വിഭാഗത്തിൽപെടുന്നവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ കുറെയൊക്കെ ലഭിക്കുന്നുണ്ടെങ്കിലും അർഹരായ പലർക്കും ചില സാങ്കേതിക തടസ്സങ്ങൾ മൂലം ലഭിക്കാത്ത സാഹചര്യമാണുള്ളത്. കുടുംബബന്ധങ്ങളിലുണ്ടായിട്ടുള്ള ശൈഥില്യം മൂലം പ്രായാധിക്യമുള്ള വളരെയാളുകൾ നിരാലംബരായിട്ടുണ്ട്. ഇപ്പോഴുള്ള നിബന്ധന പ്രകാരം പ്രായപൂർത്തിയായ ഒരു മകൻ, ഒരു വൃദ്ധനോ വൃദ്ധയ്ക്കോ ഉണ്ടെങ്കിൽ പ്രസ്തുത മകൻെറ സംരക്ഷണയിലാണ് അവർ എന്നാണ് ഗവൺമെൻറിൻെറ നിഗമനം. എന്നാൽ പല കുടുംബങ്ങളിലും പ്രായമെത്തിയ അച്ഛനും അമ്മയും ഒക്കെ അധികപ്പറ്റായിരിക്കുന്ന സ്ഥിതിയാണുള്ളത്. അങ്ങിനെയുള്ള വൃദ്ധനോ, വൃദ്ധയ്ക്കോ സർക്കാർ ധനസഹായം പഞ്ചായത്തു കമ്മറ്റിയുടെ തീരുമാനത്തിനു വിധേയമായി അനുവദിയ്ക്കുവാനുള്ള പൂർണ്ണമായ അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. കൂടാതെ വരുമാന പരിധിയും ഉയർത്തേണ്ടതുണ്ട്.

വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ എന്നീ പദ്ധതികൾ എല്ലാ ഗ്രാമ പഞ്ചായത്തുകൾ വഴിയും നടപ്പാക്കണം. നിലത്തെഴുത്താശാന്മാർക്ക് നിലവിൽ പഞ്ചായത്തിൽ നിന്നും നല്കി കൊണ്ടിരിക്കുന്ന ഗ്രാൻറ് തുടർന്നും നല്കണം.

മുൻപ് സൂചിപ്പിച്ചതുപോലെ പ്രായം ചെന്ന ആളുകൾക്ക് വാർദ്ധക്യകാലത്ത് വേണ്ട പരിചരണവും മാനസികോല്ലാസവും ലഭിക്കുന്നതിലേയ്ക്ക്, ആലംബമില്ലാതെ വരുന്നവരെ പാർപ്പിക്കുവാൻ ഒരു 'വൃദ്ധമന്ദിരം' ഈ പഞ്ചായത്തിലെ കടയനിക്കാടുകരയിൽ സ്ഥാപിക്കേണ്ടതാണ്.

ബാലവാടികൾ


ഈ പഞ്ചായത്തിൽ ചുവട്ടടിപ്പാറ, വെള്ളച്ചിറവയൽ, പൊട്ടുകുളം, താഴത്തുവടകര എന്നിവിടങ്ങളിൽ ഓരോ ബാലവാടികൾ സ്ഥാപിക്കേണ്ടതുമുണ്ട്. സാമൂഹ്യസേവനരംഗത്ത് ബാലവാടികൾക്ക് വ്യക്തമായ സ്ഥാനമുണ്ട്. ഈ പഞ്ചായത്തിൽ ഇപ്പോൾ അഞ്ച് ബാലവാടികളാണ് പ്രവർത്തിക്കുന്നത്. ഒന്നിൻറേയും പ്രവർത്തനം തൃപ്തികരമല്ല. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ കുട്ടികളാണ് ബാലവാടികളിൽ എത്തുന്നത് എന്നുള്ളതു കൊണ്ടുതന്നെ, ഇതിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതുപോലെ ബാലവാടികളിൽ ജോലി ചെയ്യുന്നവർക്ക് കൃത്യമായും കാലാനുസൃതമായും വേതനം നല്കണം

വളരെയധികം ക്ഷേമപദ്ധതികൾ ഗവൺമെൻറ് നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ മൂലം അർഹരായ പലർക്കും അവ ലഭിക്കാതെ വരുന്നുണ്ട്. ആയതിനാൽ ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുള്ള മുഴുവൻ ക്ഷേമ പദ്ധതികളെ കുറിച്ചുമുള്ള വിവരങ്ങൾ യഥാസമയം പഞ്ചായത്തുകളെ അറിയിക്കേണ്ടതാണ്.

പൊതുവിതരണം

ഈ പഞ്ചായത്തിൽ പൊതുവിതരണരംഗത്ത് ഒരു മാവേലിസ്റ്റോറും 11 വിതരണകേന്ദ്രങ്ങളും (റേഷൻകട) പ്രവർത്തിക്കുന്നുണ്ട്. മാവേലിസ്റ്റോർ പഞ്ചായത്തിൻറെ കിഴക്കേഅറ്റത്ത് മണിമലയിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ പഞ്ചായത്തിൻറെ VII, VIII, IX വാർഡുകളിലുള്ളവർക്ക് അതിൻറെ പ്രയോജനം ലഭിക്കുന്നില്ല, റേഷൻ കടകളുടെ പ്രവർത്തനവും മെച്ചമല്ല. പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുമെന്ന് പരസ്യപ്പെടുത്തുന്ന സാധനങ്ങൾ പലതും വിതരണത്തിനെത്താറില്ല. കാർഡുടമകൾക്ക് പലപ്പോഴും, ഗോതമ്പ്, പച്ചരി, മണ്ണെണ്ണ തുടങ്ങിയവ നിശ്ചിത സമയത്തും അളവിലും ലഭിക്കാറില്ല. കാരണമെന്തു തന്നെയായാലും കൃത്യമായ അളവിലും തൂക്കത്തിലും, നിശ്ചിത സാധനങ്ങൾ പൊതുവിതരണകേന്ദ്രങ്ങളിൽ യഥാസമയം ലഭിക്കുവാനുള്ള നടപടി സ്വീകരിച്ച് ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.


വാർഡ്	പൊതുവിതരണകേന്ദ്രം	മാവേലിസ്റ്റോർ
1	2	1
2	1	-
3	2	-
4	-	-
5	1	-
6	1	-
7	2	-
8	1	-
9	1	-
ആകെ	11	1





പാർപ്പിടം ഗ്രാമസഭാനിർദ്ദേശങ്ങൾ
(Total Housing & Total Sanitation programme)

പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ഉദ്ദേശ ചെലവ് (രൂ)	പ്രയോജനം ലഭിക്കുന്ന പ്രദേശം	പൂർത്തിയാക്കേണ്ട സമയപരിധി	റിമാർക്സ്
1. താഴ്ന്ന വരുമാനക്കാരായ വാസയോഗ്യമായ വീടില്ലാത്ത 426 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുക. (വീടൊന്നിന് 25000/-)	സംസ്ഥാന ഗവ: ജില്ല ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ, ഭവനനിർമ്മാണ ബോർഡ് SC/ST ക്ഷേമവകുപ്പ് വിവിധ ഏജൻസികൾ ഗുണഭോക്താക്കൾ	10650000/-	പഞ്ചായത്തിലെ 9 വാർഡുകൾ	5 വർഷം	പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിനു പരിഹാരം, ധാരാളം തൊഴിലവസരങ്ങൾ നിർമ്മാണമേഖലയിൽ സൃഷ്ടിക്കപ്പെടും.
2. താഴ്ന്ന വരുമാനക്കാരും, മെയിൻറനൻസ് വേണ്ടി വരുന്ന പുരയുള്ളവരുമായ 254 കുടുംബങ്ങൾക്ക് പുരയുടെ മെയിൻറനൻസിനു സഹായം നൽകുക. (വീടൊന്നിന് 10000/-രൂപ വരെ)	"	2540000/-	"	5 വർഷം 5 വർഷം 2 വർഷം	പഞ്ചായത്തിലെ 254 കുടുംബങ്ങൾക്കും വാസയോഗ്യമായ പുര ലഭ്യമാകും. കൂടുതൽ തൊഴിൽ ലഭ്യമാകും.
3. താഴ്ന്ന വരുമാനക്കാരും സ്വന്തമായി ഭൂമി ഇല്ലാത്തവരുമായ 50 കുടുംബങ്ങൾക്ക് വീടു വെയ്ക്കുന്നതിന് 3 Cent വീതം ഭൂമി വാങ്ങുവാൻ ധനസഹായം നല്കുക. അതോടൊപ്പം വീടിനുള്ള ധനസഹായവും നല്കുക. (15000/- രൂ. പ്രകാരം ഭൂമിക്കും 25000/-രൂ പ്രകാരം വീടിനും)	"	2000000/-	"		കോളനികളിലും മറ്റും ഒരു വീട്ടിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർക്ക് സ്വന്തമായി ഭൂമിയും വീടും ലഭ്യമാകും.
4. താഴ്ന്ന വരുമാനക്കാരായ 1295 കുടുംബങ്ങൾക്ക് വീടിനോടനുബന്ധിച്ച് കക്കൂസ് നിർമ്മിക്കുന്നതിനു ധനസഹായം നല്കുക. (ഒന്നിന് 2000/- രൂ പ്രകാരം)	സംസ്ഥാന ഗവ:ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കൾ	2590000/-	"		പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാകും. പരിസര മലിനീകരണം ഒഴിവാകും.
5. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണവായ്പ 50000/- രൂപയായി ഉയർത്തുക (സബ്സിഡി 25000/-രൂ)	സംസ്ഥാന ഗവ: ഭവനനിർമ്മാണ ബോർഡ്	-	"		ഭവനനിർമ്മാണസാമഗ്രികളുടേയും കൂലിച്ചെലവിന്റേയും വർദ്ധനവു കണക്കിലെടുത്ത് വർദ്ധനവ് അനിവാര്യമാണ്.
ആകെ		17780000			




സാമൂഹ്യക്ഷേമം - ഗ്രാമസഭാനിർദ്ദേശങ്ങൾ

പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ഉദ്ദേശ ചെലവ് (രൂ)	പ്രയോജനം ലഭിക്കുന്ന പ്രദേശം	പൂർത്തിയാക്കേണ്ട സമയപരിധി	റിമാർക്സ്
1. വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വികലാംഗ പെൻഷൻ മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി അർഹരായ എല്ലാവർക്കും പെൻഷൻ നല്കുക.	സംസ്ഥാന ഗവൺമെൻറ്		മുഴുവൻ പഞ്ചായത്തുകളും	ഒരുവർഷം	അർഹരായ എല്ലാവർക്കും പെൻഷൻ ലഭിക്കും
2. ഈ പഞ്ചായത്തിൽ കടയനിക്കാട് ഒരു 'വൃദ്ധമന്ദിരം' സ്ഥാപിക്കുക.	സംസ്ഥാന ഗവൺമെൻറ് സാമൂഹ്യ ക്ഷേമവകുപ്പ് ജില്ലഗ്രാമപഞ്ചായത്തുകൾ	10 ലക്ഷം	പഞ്ചായത്തിലെ ഒൻപതു വാർഡുകളും സമീപ പഞ്ചായത്തുകളും	5 വർഷം	ആലംബഹീനരായ വൃദ്ധർക്ക് ഒരു വിശ്രമസ്ഥലമുണ്ടാക്കും
3. നിലത്തെഴുത്താശാൻമാർക്ക് ഗ്രാൻറ് തുടർന്നു നല്കുക.	ഗ്രാമപഞ്ചായത്ത്	0.6 ലക്ഷം	പഞ്ചായത്തിലെ ഒൻപതു വാർഡുകൾ	5 വർഷം	
4. വെള്ളച്ചിറവയൽ, ചുവട്ടടിപ്പാറ, പൊട്ടുകുളം, താഴത്തുവടകര എന്നിവിടങ്ങളിൽ ഓരോ ബാലവാടികൾ ആരംഭിക്കുക	സംസ്ഥാന ഗവ. ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ ഗ്രാമസഭകൾ	3 ലക്ഷം	ഒന്ന്, രണ്ട്, ആറ്, എട്ട് വാർഡുകൾ	2 വർഷം	-
5. ജീർണ്ണാവസ്ഥയിലുള്ള ഏറത്തുവടകര, കടയനിക്കാട് ബാലവാടികെട്ടിടങ്ങൾ പുതുക്കി പണിയുക.	ഗ്രാമപഞ്ചായത്ത്, ഗ്രാമസഭ	1 ലക്ഷം	3, 4, 5, 6 വാർഡു പ്രദേശങ്ങൾ	1 വർഷം	-
ആകെ		14,60000/-			-

അനുബന്ധം II

പാർപ്പിടം, സാമൂഹ്യക്ഷേമം

ആകെ അടങ്കൽ 19240000/-രൂ







കൃഷി – ജലസേചനം

3

'മദ്ധ്യതിരുവിതാംകൂറിന്റെ കല്പവൃക്ഷം' എന്നു വിശേഷിപ്പിക്കാവുന്ന റബ്ബറാണ് ഈ പഞ്ചായത്തിലെ മുഖ്യകൃഷി

തെങ്ങ്, കരിമ്പ്, നെല്ല്, വാഴ, പച്ചക്കറിയിനങ്ങൾ, കുറുമ്പൂപ്പ് കൃഷികൾ എന്നിവ ഇടതൂർന്നു വളർന്നിരുന്ന ഈ ഭൂവിഭാഗം നാണ്യവിളയായി വിശേഷിപ്പിക്കാവുന്ന റബ്ബർ കൃഷിയിലേക്ക് മാറിയതിന്റെ മുഖ്യമായ കാരണം തെങ്ങിനു വ്യാപകമായി പടർന്നു പിടിച്ച 'കാറ്റുവീഴ്ച' എന്ന രോഗമാണ്.

30 വർഷങ്ങൾക്കുമുമ്പ് അങ്ങിങ്ങായി കൃഷി ചെയ്തിരുന്ന റബ്ബർ ഇന്ന് ഏതാണ്ട് മുഴുവൻ കൃഷിയിടങ്ങളും കൈയ്യടക്കിക്കഴിഞ്ഞു.

ഇതിൽനിന്നും സമൂലമായ ഒരു തിരിച്ചുപോക്ക് ക്ഷിപ്രസാദ്ധ്യമല്ല. എങ്കിൽ പോലും അടുത്ത അഞ്ചുവർഷം കൊണ്ട് മറ്റു കൃഷികൾക്കും ഒരു തിരിച്ചു വരവിനവസരം നല്കാനുദ്ദേശിച്ച് 9 ഗ്രാമസഭകൾ നല്കിയ വിലപ്പെട്ട നിർദ്ദേശങ്ങൾ 34 പദ്ധതികളായി അന്യത്ര പ്രതിപാദിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സ്കീമുകളാണ് ഇവയിൽ ബഹുഭൂരിപക്ഷവും. നടപ്പിലാക്കേണ്ട പദ്ധതികൾ; അവയുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.

പഞ്ചായത്തു മുഴുവൻ പ്രയോജനപ്പെടുന്ന ഒരു 'വാട്ടർ ഷെഡ്സ്കീം' നടപ്പിലാക്കുക.

'മണ്ണൊലിപ്പു നിവാരണപദ്ധതി' പഞ്ചായത്തിൽ മുഴുവൻ നടപ്പിലാക്കുക. ഗ്രൂപ്പ് ഇൻഷ്വറൻസ് (ഒരു കൃഷിയിടത്തിലെ എല്ലാകൃഷികൾക്കും) പദ്ധതി നടപ്പിലാക്കുക, ഇൻഷ്വറൻസ് കവറേജില്ലാത്ത കർഷകർക്കും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുക, റബ്ബർ ബോർഡിന്റെ സബ്സിഡി നയം പുനഃപരിശോധിച്ച് റബ്ബർ തോട്ടങ്ങളിൽ മറ്റു മരങ്ങൾ വളർത്തുന്നതിന് അനുവാദം നല്കുക, റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുക.

കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്താനും, കർഷകനു സമൂഹത്തിൽ അംഗീകാരം ഉറപ്പിക്കുവാനും ഉതകുന്ന രീതിയിൽ ആണ്ടുതോറും പഞ്ചായത്തടിസ്ഥാനത്തിൽ വിപുലമായ 'കാർഷികമേള' സംഘടിപ്പിച്ച് നല്ല വിളകൾക്ക് കാഷ് അവാർഡു നല്കുക. പഞ്ചായത്തിലെ ഏറ്റവും നല്ല കർഷകനെ തെരഞ്ഞെടുത്ത് ക്യാഷ് അവാർഡു നല്കി ആദരിക്കുക.

കാറ്റു വീഴ്ചയുള്ള തെങ്ങുകൾ വെട്ടിമാറ്റി പകരം രോഗപ്രതിരോധശേഷിയുള്ള തെങ്ങുവച്ചു പിടിപ്പിക്കുന്നതിന് (റബ്ബറിനു നല്കുന്നതുപോലെ) റീപ്ലാന്റിംഗ് സബ്സിഡി ഏർപ്പെടുത്തുക.

ഫലഭൂയിഷ്ഠമായ തീരം ഇടിഞ്ഞു നഷ്ടപ്പെടാതെ മണിമലയാറിന്റെ തീരം കല്ക്കെട്ടു കെട്ടി സംരക്ഷിക്കുക

പാടശേഖങ്ങളുടെ നടുത്തോട്, ആറ്റിലേക്കുള്ള നിർഗ്ഗമനത്തോട് ഇവ കല്ക്കെട്ടു കെട്ടി സംരക്ഷിക്കുക

പച്ചറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത്, വളം മുതലായവ സൗജന്യനിരക്കിൽ കർഷകർക്കു നല്കുക. പഞ്ചായത്തുവക പുറമ്പോക്ക് ഭൂമികൾ പച്ചക്കറികൃഷിയ്ക്കായി നിശ്ചിത വ്യവസ്ഥയിൽ നല്കുക, പഞ്ചായത്തടിസ്ഥാനത്തിൽ മൂങ്ങാനിയിൽ ഒരു പച്ച



ക്കറിസ്റ്റാൾ തുടങ്ങുക.

പുഷ്പകൃഷി, സുഗന്ധവ്യഞ്ജനകൃഷി, ഡ്രിപ്പ് ഇറിഗേഷൻ ഇവ നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

കുറുമ്പുപ്പൂ കൃഷിയ്ക്ക് ഒരു ഭീഷണിയായ 'എലി ശല്യം' ഒഴിവാക്കുന്നതിന് വർഷത്തിൽ രണ്ടെന്ന കണക്കിന്'എലിനശീകരണ വാരം'ങ്ങൾ തീരുമാനിച്ച്, ടി വിപത്തിന് പരിഹാരം കാണുക.

റബ്ബറിന് ഇടവിളയായി കൈത, ഔഷധസസ്യങ്ങൾ ഇവ കൃഷി ചെയ്യുക.

കുരുമുളകിന്റെ 'ദ്രുതവാട്ടം' തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വിപണന സാദ്ധ്യതയുള്ള വിവിധയിനം വാഴകളുടെ കൃഷിവ്യാപിപ്പിക്കുക.

തേക്ക്, ആഞ്ഞിലി, പ്ലാവ്, മാഞ്ചിയം, മഹാഗണി തുടങ്ങിയ വൻമരങ്ങളുടെ ഒരു ശ്രേണി വളർത്തിയെടുക്കുക.

പച്ചക്കറി കൃഷിയ്ക്കനുയോജ്യമായ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ചാക്കിൽ മണ്ണുനിറച്ച് കൃഷി ചെയ്യുന്നതിനു ധനസഹായം നല്കുക.

കൃഷിയിടങ്ങളിലെ മണ്ണ് കാലാകാലങ്ങളിൽ പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗം നടത്തുവാനുള്ള ആഭിമുഖ്യം കർഷകരിലുളവാക്കുക.

കമ്പോസ്റ്റ് വളം നിർമ്മിക്കുന്നതിനുള്ള വ്യാപകമായ ബോധവൽക്കരണവും ന്യായമായ സഹായവും നല്കുക.

പച്ചക്കറികൃഷി, വെറ്റില കൃഷി മുതലായവയ്ക്കു ജലസേചനത്തിനായി പമ്പുസെറ്റുകൾ സഹായവിലയ്ക്കു നല്കുക.

ആവശ്യമായ സ്ഥലം ലഭ്യമാകുന്ന 7, 8 വാർഡുകളിലൊന്നിൽ ഒരു പച്ചക്കറി ചന്ത തുടങ്ങുക

മൂലേ പ്ലാക്കൽതോട്, മുങ്ങാനിത്തോട്, തോണിപ്പാറത്തോട്, വെള്ളാവൂർ തോട് ഇവയിൽ രണ്ടു വീതം ചെക്ക് ഡാമുകൾ നിർമ്മിക്കുക.

ടി തോടുകളുടെ തീരം ഇടിയുന്നതു തടയാൻ ആവശ്യമായ ഭാഗങ്ങളിൽ കല്ക്കെട്ടു കെട്ടുക.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുപത് കുഴൽ കിണറുകൾ നിർമ്മിക്കുക.

നിലവിലുള്ള കിണറുകൾ തേകി വൃത്തിയാക്കുക.

കുറ്റിയ്ക്കാട്ടുകുളം, പന്നിക്കുഴി, പുന്നത്താനം; പാണ്ടിയംകുഴി കുളങ്ങൾ പുനരുദ്ധരിക്കുക.

വെള്ളാവൂർ കൃഷിഭവന് സ്വന്തമായി കടയനിക്കാട് 8-ാം മൈലിൽ കെട്ടിടം നിർമ്മിക്കുക.

റബ്ബർ

റബ്ബർ ബോർഡിന്റെ നിലവിലുള്ള സബ്സിഡി നയത്തിൽ റബ്ബറിനിടയിൽ വളർത്താവുന്ന മറ്റു മരങ്ങളുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ അധികമായി നില്ക്കുന്ന മരങ്ങൾ നില്ക്കുന്ന ഭാഗം അളവിൽ കുറച്ചും, സബ്സിഡി നല്കി വരുന്നു. 7 വർഷം തുടർച്ചയായി പണം മുടക്കേണ്ട ഈ വിളയ്ക്കു നല്കുന്ന സബ്സിഡി, മുടക്കുമുതലിന്റെ ചെറിയ ഒരംശം മാത്രമാണ്. നാമമാത്രമായ ഈ സബ്സിഡി വാങ്ങാൻ, വൻമരങ്ങളാകേണ്ട വൃക്ഷങ്ങൾ അകാലത്തിൽ വെട്ടിമാറ്റപ്പെട്ടതുമൂലമാണ്, ഒരുകാലത്ത് സുലഭമായിരുന്ന പ്ലാവ്, മാവ് മുതലായ വൃക്ഷങ്ങളും അവയുടെ ഫലങ്ങളും ഇന്ന് നാട്ടിൻപുറങ്ങളിൽ പോലും ദുർലഭമായത്. മറ്റു വൃക്ഷങ്ങളുടെ ചുവട്ടിൽ നില്ക്കുന്ന റബ്ബർ മരങ്ങൾക്ക് വളർച്ച കുറയും എന്ന റബ്ബർബോർഡിന്റെ ന്യായം വാദത്തിനു വേണ്ടി അംഗീകരിക്കാമെങ്കിൽ പോലും പ്രസ്തുത റബ്ബർമരങ്ങൾ ഒന്നോരണ്ടോ വർഷം താമസിച്ച് വളർച്ചയെത്തുന്നതിൽ നിന്നുണ്ടാകുന്ന നഷ്ടത്തിന്റെ എത്രയോ ഇരട്ടി നഷ്ടമാണ് വൻമരങ്ങളാകേണ്ട തടികൾ അകാലത്തിൽ വെട്ടിമാറ്റുന്നതുകൊണ്ട് ഉണ്ടാകുന്നത്. നെല്ല്, ഗോതമ്പ് ഇവയ്ക്കിടയിലെ കളകൾ പോലും നശിപ്പിക്കാതെ കൃഷി നടത്തുന്ന രീതി ജപ്പാൻ പോലെയുള്ള രാജ്യങ്ങൾ വർഷങ്ങൾക്കുമുമ്പേ വ്യാപകമാക്കികഴിഞ്ഞു.

വൻകിട തോട്ടങ്ങളിൽ പുതുകൃഷി, ആവർത്തനകൃഷി ഇവ നടത്തുമ്പോൾ ഇടയ്ക്കു നില്ക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നത് റബ്ബറിന്റെ വളർച്ച പരിഗണിച്ചല്ല, മറിച്ച് റബ്ബർ വളർന്നു കഴിഞ്ഞ് ഈ മരങ്ങൾ മുറിച്ചു നീക്കുമ്പോഴുണ്ടാകുന്ന മറ്റു നഷ്ടങ്ങൾ കൂടുതലാണ് എന്നതു പരിഗണിച്ചാണ്.

വൻകിടക്കാരൻ സ്വയം ചെയ്യുന്നത് ചെറുകിട കർഷകനെക്കൊണ്ട് നിർബന്ധമായി ചെയ്യിക്കുന്ന ഈ നയത്തിൽ സമൂലമായ ഒരു പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്.

മറ്റു തൊഴിൽ മേഖലകളിൽ കൂടുതൽ പ്രതിഫലം



ലഭിക്കുന്ന സാഹചര്യത്തിൽ, ടാപ്പിംഗ് ജോലിയ്ക്ക് ആളില്ലാതെ വരുന്ന സാഹചര്യമായതിനാൽ റബ്ബറിന്റെ ഉല്പാദനവും ഗണ്യമായി കുറയുന്നുണ്ട്. ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം കൂലി കൂടുതൽ നല്കുന്നത് ലാഭകരമല്ലാത്ത സാഹചര്യവുമാണ്. ആയതിനാൽ ടാപ്പിംഗ് ജോലി കൂടുതൽ ആകർഷകമാക്കുന്നതിന് ഒരു പദ്ധതി, താഴെ വിവരിക്കുന്നു. റബ്ബർ ബോർഡ് നേരിട്ട് ഈ പദ്ധതി നടപ്പാക്കുന്നത്, ചെറുകിട റബ്ബർകർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും വളരെ പ്രയോജനം ചെയ്യും.

റബ്ബർ ബോർഡിന്റെ ഫീൽഡ് ആഫീസുകളിൽ സീസൺ തുടങ്ങുമ്പോൾ ടാപ്പറായി പേര് രജിസ്റ്റർ ചെയ്യുന്നവരും. ചെറുകിട റബ്ബർ തോട്ടങ്ങളിൽ സ്ഥിരമായി ടാപ്പിംഗ് ജോലി നടത്തി വരുന്നവരുമായ ടാപ്പിംഗ് തൊഴിലാളികൾക്ക്, അവർ ഉല്പാദിപ്പിക്കുന്ന റബ്ബറിന് ഒരു കിലോയ്ക്ക് 50 പൈസാ (അൻപതു പൈസാ) വീതം "വാർഷികബോണസ്സായി" വർഷാവസാനം റബ്ബർബോർഡിൽ നിന്നും നല്കേണ്ടതും, ഇപ്രകാരം ഇരുപതു വർഷം ബോണസ്സ് വാങ്ങുന്ന ടാപ്പർക്ക് 500/- രൂപാ (അഞ്ഞൂരു രൂപാ) പ്രകാരം പ്രതിമാസ പെൻഷൻ നല്കേണ്ടതുമാണ്. ഇതിലേയ്ക്കു വേണ്ടിവരുന്ന പണം റബ്ബറിന്റെ വില്പനയിൽ അവസാനപോയിന്റിൽ, റബ്ബർ ബോർഡ് പിരിക്കുന്ന സെസ്സിൽ നിന്നും കണ്ടെത്താവുന്നതാണ്.

കർഷകർ - ഒരു വിശകലനം		
1.	നാമമാത്രകർഷകർ (ഒരു ഹെ. താഴെഭൂമിയുള്ളവർ) -	1535 എണ്ണം
2.	ചെറുകിട കർഷകർ (ഒന്നു മുതൽ രണ്ടു ഹെ. വരെ ഭൂമിയുള്ളവർ) -	870 എണ്ണം
3.	വൻകിട കർഷകർ (രണ്ടുഹെ. മുകളിൽ ഭൂമിയുള്ളവർ) -	134 എണ്ണം



വെള്ളാവൂർ കൃഷി ഭവനിൽ നിന്നും വിതരണം ചെയ്ത നടീൽ വസ്തുക്കൾ

ഇനം	എണ്ണം 1993 - 94	94 - 95	95 - 96
തെങ്ങ്	1847 എണ്ണം	840 എണ്ണം	1324 എണ്ണം
കുരുമുളക്	-	4000 "	4400 "
മാവ്	-	-	100 "
പ്ലാവ്	-	-	107 "
കൊക്കോ	1500 "	-	152 "
ഫ്രൂട്ട് പ്ലാൻറ് കിറ്റ്	10 "	-	224 "
വെജിറ്റബിൾ പാക്കറ്റ്	741	"	400 "
പയർ	320kg	80kg	-
മൈനർ ട്യൂബേഴ്സ്	10Nos.	-	7 Nos
എള്ള്	-	20kg	-
മഞ്ഞൾ	105 kg	-	400 kg
സപ്പോട്ട്	-	-	25nos.

കൃഷിനാശം - ധനസഹായം

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993.94	-	-
94-95	68 Nos.	2317 രൂ. 50 സ.
95-96	33 "	21069 രൂ.

കൃഷി-ജലസേചനം - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	കങ്ങഴ വാട്ടർഷെഡിന്റെ പരിധിയിൽപ്പെടാത്ത, ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും ഉൾപ്പെടുത്തി, (മണിമലയാറ് മെയിൻ സ്ട്രീമാക്കി) ഒരു വാട്ടർ ഷെഡു പദ്ധതി നടപ്പാക്കുക.	കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ	100.ലക്ഷം	5.വർഷം	1, 4, 5, 9 വാർഡുകൾ പൂർണ്ണമായും 2, 3, 6, 7, 8 വാർഡുകൾ ഭാഗികമായും.	കങ്ങഴവാട്ടർ ഷെഡിന്റെ പരിധിയിൽ ഭാഗികമായി വരുന്ന 2, 3, 6, 7, 8 വാർഡുകളുടെ ബാക്കി ഭാഗത്തും 1, 4, 5, 9 വാർഡുകൾക്കു പൂർണ്ണമായും പ്രയോജനപ്പെടും.
2.	മണ്ണൊലിപ്പു നിവാരണപദ്ധതി 9 വാർഡുകളിലും നടപ്പിലാക്കുക	സംസ്ഥാന ഗവ: സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെൻറ്, ത്രിതല പഞ്ചായത്തുകൾ, കൃഷിഭവൻ	45.ലക്ഷം	5 വർഷം	9.വാർഡുകളും	രണ്ടായിരം ഹെക്ടർ സ്ഥലത്ത് മണ്ണൊലിപ്പുസംരക്ഷണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.
3.	ഗ്രൂപ്പ് ഇൻഷ്വറൻസ് - (ഒരു കൃഷിയിടത്തിലെ എല്ലാത്തരം കൃഷികൾക്കും കൂടി) പദ്ധതി ഏർപ്പെടുത്തുക	കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ ഇൻഷ്വറൻസ് കമ്പനി, കർഷകർ	30.ലക്ഷം			ഒരു ഹെക്ടറിന് 1250 രൂപയിൽ കൂടാതെ പ്രീമിയം ഒരു പ്രാവശ്യം അടയ്ക്കുന്ന കർഷകന് 20 വർഷത്തേയ്ക്ക് ഇൻഷ്വറൻസ് കവറേജു ലഭിക്കണം. ബാക്കി പ്രീമിയം സർക്കാർ അടയ്ക്കണം. ടി സ്ഥലത്തുള്ള എല്ലാത്തരം വിളകൾക്കും ഇൻഷ്വറൻസ് കവറേജു ലഭ്യമാക്കണം (2350 ഹെക്ടറിന്) സ്കീമിന് ഗവ: അംഗീകാരം ലഭിക്കണം.
4.	ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കർഷകർക്കും, വിളനാശം സംഭവിച്ചാൽ ന്യായമായ നഷ്ടപരിഹാരം നല്കുക	സംസ്ഥാന ഗവ: കൃഷിഭവൻ, ഗ്രാമപഞ്ചായത്ത്	10. ലക്ഷം			നാമമാത്രകർഷകർക്കും വിളനാശത്തിനു നഷ്ടപരിഹാരം ലഭിക്കും.
5.	റബ്ബർബോർഡിന്റെ സബ്സിഡി നയം കാലാനുസൃതമായി പരിഷ്കരിച്ച് നിലവിലുള്ള നിബന്ധനകളിൽ അയവു വരുത്തുക.	റബ്ബർ ബോർഡ്, കേന്ദ്ര ഗവൺമെൻറ്		1 വർഷം		പുതുകൃഷി, ആവർത്തനകൃഷി ഇവയ്ക്കിടയിൽ കൂടുതൽ മറ്റു വൃക്ഷങ്ങൾ വളർത്താനും ഇടവിളകൾ കൂടുതലായി കൃഷി ചെയ്യാനും സാധിക്കും.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
6.	R.P.S.കളുടെ പ്രവർത്തനം വിപുലമാക്കുകയും റബ്ബർക്കറ ശേഖരിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യുക.	റബ്ബർ ബോർഡ് R.P.S കൾ ഗ്രാമ സഭകൾ	2. ലക്ഷം	1വർഷം	9വാർഡുകളും	R.P.S. കൾ വഴി റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകും.
7.	R.P.S.കളുടെ ചുമതലയിൽ ഒരു നല്ല റബ്ബർ നഴ്സറി സ്ഥാപിക്കുക	R.P.Sകൾ ഗ്രാമ സഭകൾ	2. ലക്ഷം	1വർഷം	9വാർഡുകളും	കർഷകർക്ക് ഉത്തരവാദിത്വമുള്ള നല്ലയിനം റബ്ബർ തൈകൾ ന്യായവിലയ്ക്കു ലഭ്യമാകും.
8.	നല്ലയിനം റബ്ബർ ഷീറ്റുണ്ടാക്കുവാനുള്ള പരിശീലനം കർഷകർക്കും, റബ്ബർടാപ്പർമാർക്കും നല്കുക	റബ്ബർബോർഡ് R.P.S കൾ ഗ്രാമ സഭകൾ	0.05 ലക്ഷം	1വർഷം	9വാർഡുകളും	കർഷകർക്ക് നിലവിൽ ലഭിക്കുന്ന റബ്ബറിൽ നിന്നുതന്നെ കൂടുതൽ വരുമാനം ലഭ്യമാകും
9.	ഓരോ വർഷവും പഞ്ചായത്തടിസ്ഥാനത്തിൽ 'കാർഷികമേള' സംഘടിപ്പിക്കുകയും ഓരോ ഇനത്തിലും നല്ല വിളകൾക്ക് ക്യാഷ് അവാർഡുകൾ നല്കുകയും ചെയ്യുക.	ഗ്രാമപഞ്ചായത്ത് കൃഷിഭവൻ	1.ലക്ഷം	തുടർപദ്ധതി	9വാർഡുകളും	കൃഷിക്കാർക്ക് അംഗീകാരം ലഭിക്കുന്നതിനോടൊപ്പം മെച്ചമായ ഉല്പന്നങ്ങൾ വിളയിക്കുവാനുള്ള മനോഭാവം കൃഷിക്കാരിലുണ്ടാവുകയും ചെയ്യും.
	ടി മേളയോടൊപ്പം പഞ്ചായത്തിലെ ഏറ്റവും നല്ല കർഷകനെ തെരഞ്ഞെടുത്ത് ക്യാഷ് അവാർഡു നല്കി ആദരിക്കുക.	ഗ്രാമപഞ്ചായത്ത് കൃഷിഭവൻ	0.5 ലക്ഷം	തുടർപദ്ധതി	9വാർഡുകളും	കൃഷിയോടുള്ള ആഭിമുഖ്യം വളർത്താൻ സാധിക്കും
10.	റബ്ബർടാപ്പർ മാർക്കായി വാർഷിക ബോണസ്സും. പെൻഷനും നല്കുന്ന പദ്ധതി നടപ്പാക്കുക.	കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകൾ, റബ്ബർബോർഡ്	-	ഒരുവർഷം	കേരളമൊട്ടാകെ.	ചെറുകിട റബ്ബർ കർഷകർക്കും ടാപ്പർമാർക്കും വളരെ പ്രയോജനപ്പെടും, ഉല്പാദനം ഗണ്യമായി വർദ്ധിക്കും.
11.	കാറ്റുവീഴ്ചയുള്ള തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധ ശേഷി കൂടുതലുള്ള പുതിയ ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് റീപ്ലാൻറിംഗ് സബ്സിഡി ഏർപ്പെടുത്തുക.	കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ കേരവികസന ബോർഡ് പഞ്ചായത്ത്, കൃഷിഭവൻ	33.75ലക്ഷം	7 വർഷം	9വാർഡുകളും	തെങ്ങൊന്നിന് 300 രൂപാ പ്രകാരം 11250 തെങ്ങിന് ആകെ വരുന്ന സബ്സിഡി തുകയിൽ പുകതി ആദ്യവർഷവും ബാക്കി 6 തുല്യവാർഷിക ഗഡുക്കളായും നല്കിയാൽ രോഗപ്രതിരോധശേഷിയുള്ള 11250 തെങ്ങുകൾ പുതിയതായി ഉണ്ടാകും.
12.	മണിമലയാറിൻെറ തീരം ഇടിഞ്ഞ്					

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	ഫലഭൂയിഷ്ഠമായ പുറമ്പോക്കു ഭൂമി നഷ്ടപ്പെടുന്നതു തടയാൻ മൂലേപ്ലാവു മുതൽ കുളത്തൂർ മുഴി വരെയുള്ള ആറ്റുതീരം കല്ക്കെട്ടു കെട്ടി സംരക്ഷിക്കുക	സ ം സ് ഥ ാ ന ഗവ: മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ്	50. ലക്ഷം	5 വർഷം	9വാർഡുകളും 1, 4, 5, 7, 8, 9 വാർഡുകൾ	പച്ചക്കറി, കുറുമ്പൂപ്പ്കൃഷികൾ ചെയ്യാവുന്ന 80 ഏക്കറിലധികം ഭൂമി നഷ്ടമാകാതെ സൂക്ഷിക്കാം
13.	കുളത്തിനടി, കരിങ്കുറ്റി, കുമ്പങ്കാവ്, പെരുനിലം ഈ പാടശേഖരങ്ങളുടെ നടുത്തോട്, ആറ്റിലേക്കുള്ള നിർഗ്ഗമനത്തോട് ഇവ കല്ക്കെട്ടു കെട്ടി സംരക്ഷിക്കുക.	ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് ത്രിതല പഞ്ചായത്തുകൾ	25. ലക്ഷം	3 വർഷം	5, 8, 9 വാർഡുകൾ	പഞ്ചായത്തിൽ ആകെയുള്ള നൂറേക്കറോളം വരുന്ന പാടശേഖരത്തിൽ 3 കൃഷി ചെയ്യാനുള്ള സൗകര്യം സംജാതമാകും.
14.	പച്ചക്കറി കൃഷിചെയ്യുന്നതിനുള്ള മനോഭാവം എല്ലാവീട്ടുകാർക്കും ഉണ്ടാക്കുക. അതിനായി വിത്ത്, വളം മുതലായവ സൗജന്യനിരക്കിൽ നല്കുക.	കൃഷിഭവൻ ഗ്രാമ പഞ്ചായത്ത് ഗ്രാമ സഭകൾ	2.25 ലക്ഷം	1വർഷം	9 വാർഡുകളും	അമിതമായി മാരകകീടനാശിനികൾ പ്രയോഗിക്കാത്ത നല്ലയിനം പച്ചക്കറികൾ ലഭ്യമാകും.
15.	ഏറ്റെടുക്കുന്ന പുറമ്പോക്കു ഭൂമിയിൽ പച്ചക്കറി കൃഷിയ്ക്കനുയോജ്യമായവ അതിനായി ഓരോ വർഷവും വാരത്തിനു നല്കുക	ഗ്രാമപഞ്ചായത്ത്	ഇല്ല	1 വർഷം	ഗ്രാമപഞ്ചായത്ത്	പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യമുള്ളവരും അതിനനുയോജ്യമായ ഭൂമിയില്ലാത്തവരുമായ ആൾക്കാർക്ക് കൃഷി ചെയ്യാൻ ഭൂമി ലഭിക്കുന്നതിനോടൊപ്പം പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമാകും.
16.	പച്ചക്കറി വിപണനത്തിനും ആവശ്യക്കാർക്കു ന്യായവിലയ്ക്കു നല്കുന്നതിനുമായി ഒരു പച്ചക്കറി സ്റ്റാൾ തുടങ്ങുക. മൂങ്ങാനിയിൽ	സംസ്ഥാന ഗവ: സിവിൾ സപ്ലൈസ് കോർപ്പറേഷൻ	2 ലക്ഷം	1വർഷം	9 വാർഡുകളും	ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകനു ന്യായവില ലഭിക്കാനും ഗുണഭോക്താവിന് ന്യായവിലയ്ക്കു .പച്ചക്കറി ലഭിക്കാനും സഹായിക്കും
17.	പുഷ്പ - സുഗന്ധവ്യഞ്ജന കൃഷി (ഓർക്കിഡ്, ആന്തൂറിയം, വാനില മുതലായവ) ഡ്രിപ്പ് ഇറിഗേഷൻ ഇവ നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായ	ഗ്രാമപഞ്ചായത്ത് കൃഷിഭവൻ, സ്പൈസസ് ബോർഡ്, ഹോർട്ടിക്കൾച്ചറൽ ഡിപ്പാർട്ടുമെ	10. ലക്ഷം	1വർഷം	9 വാർഡുകളും	ചുരുങ്ങിയ ഭൂവിസ്തൃതിയിൽ നിന്നും കൂടുതൽ വരുമാനം കർഷകർക്കു ലഭിക്കും

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	ങ്ങൾ ലഭ്യമാക്കുക (ഇഞ്ചി, മഞ്ഞൾ ഉൾപ്പെടെ)	ൻറ് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ്				
18.	മരച്ചീനി, കാച്ചിൽ, ചേമ്പ് മുതലായ കുറുമ്പൂപ്പു കൃഷികൾ ചെയ്യാൻ പ ല കർഷകരും മടിക്കുന്നത് വ്യാപക മായ എലിശല്യം ഒന്നുകൊണ്ടു മാത്ര മാണ്. എലിശല്യം ഒഴിവാക്കാനായി 6 മാസം കൂടുമ്പോൾ ഒരാഴ്ച 'എലിനശീകരണവാര'മായി തീരുമാ നിച്ച് എലിനശീകരണ പ്രവർത്തന ങ്ങൾ നടത്തുക.	ഗ്രാമപഞ്ചായത്ത് കൃഷിഭവൻ, ഗ്രാമ സഭകൾ	0.5ലക്ഷം	5വർഷം	9 വാർഡും	വർഷത്തിൽ രണ്ടു പ്രാവശ്യം വീതം 5 വർഷം കൊണ്ട് 10 പ്രാവശ്യം സംയു ക്തമായി നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ട് എലി ശല്യം ഗണ്യമായി കുറയ്ക്കുവാൻ കഴിയും.
19.	റബ്ബറിന് ഇടവിളയായി കൈത കൃഷി നടത്തുക.	റബ്ബർബോർഡ് R.P.S. കൾ ഗ്രാമ സഭകൾ	2.25 ലക്ഷം	1വർഷം	9 വാർഡും	റബ്ബർ ടാപ്പു ചെയ്യാൻ പ്രായമാകുന്നതു വരെ ഇടവിളയിൽ നിന്നും ലഭിക്കുന്ന ആദായം കർഷകന് ഒരു ആശ്വാസമാ യിരിക്കും
20.	റബ്ബറിന് ഇടവിളയായി ഔഷധസ സ്യങ്ങൾ കൃഷി ചെയ്യുക	റബ്ബർബോർഡ് R.P.S.കൾ ഗ്രാമ സഭകൾ	2.25 ലക്ഷം	1വർഷം	9 വാർകളും	ആദായം ലഭിക്കുന്ന കുരുമുളകുചെടികൾ നശിക്കുന്നത് തടയുന്നു.
21.	കുരുമുളകിൻെറ ദ്രുതവാട്ടം തടയുന്ന തിനാവശ്യമായ നടപടികൾ സ്വീക രിക്കുക.	കൃഷിഭവൻ ഗ്രാമ സഭകൾ സ്പൈസസ് ബോർഡ്	1ലക്ഷം	1വർഷം	9 വാർഡുകളും	നല്ലയിനം (Newveriety) വാഴവിത്തുകൾ സംഭരിച്ച് ന്യായവിലയ്ക്കു കർഷകർക്ക് എത്തിയ്ക്കുക. വളം, കീടനാശിനി മുതലാ
22.	വിപണനസാധ്യതയുള്ള വിവിധ യിനം വാഴകളുടെ കൃഷി വ്യാപിപ്പി ക്കുക	വാഴഗവേഷണ കേന്ദ്രം കൃഷിഭവൻ ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	9 ലക്ഷം	2വർഷം	9 വാർഡുകളും	യവ സബ്സിഡി നിരക്കിൽ നല്കുക.
23.	തേക്ക്, ആഞ്ഞിലി, പ്ലാവ്, മാഞ്ചിയം, മഹാഗണി തുടങ്ങിയ വൻമരങ്ങ ളുടെ ഒരു ശ്രേണി വളർത്തിയെ	ഫോറസ്റ്റ് ഡിപ്പാ: സോഷ്യൽ ഫോറ	1ലക്ഷം	1വർഷം	9 വാർഡുകളും	കൂടുതൽ ഭൂമിയുള്ള കർഷകർക്ക് പ്രസ്തുത മരങ്ങളുടെ നല്ലയിനം തൈകൾ സഹാ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	ടുക്കുക.	സ്ട്രി, കൃഷിഭവൻ ഗ്രാമപഞ്ചായത്ത് ഗ്രാമസഭ				യവിലയ്ക്കു നല്കുക.
24.	സ്വന്തമായി കൂടുതൽ ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ചാക്കിൽ മണ്ണുനിറച്ച് പച്ചക്കറി കൃഷി നടത്താൻ ധനസഹായം നല്കുക.	ഗ്രാമപഞ്ചായത്ത് കൃഷിഭവൻ ഗ്രാമസഭ	1ലക്ഷം	1വർഷം	9 വാർഡുകളും	കൃഷി ഭൂമിയില്ലാത്ത കുടുംബങ്ങൾക്കും ഒരളവുവരെ സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി ലഭ്യമാകുന്നു.
25.	കൃഷിയിടങ്ങളിലെ മണ്ണ് കാലാകാലങ്ങളിൽ പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗം നടത്തുവാനുള്ള ആഭിമുഖ്യം കർഷകരിൽ വളർത്തിയെടുക്കുക.	കൃഷിവകുപ്പ് കൃഷിഭവൻ ഗ്രാമസഭകൾ	2.25 ലക്ഷം	1വർഷം	9 വാർഡുകളും	കൃഷികൾക്ക് ആവശ്യമായ വളങ്ങൾ മനസ്സിലാക്കി നല്കുന്നതുകൊണ്ട് ഉല്പാദനം കൂടുകയും ചെലവുകുറയുകയും ചെയ്യും
26.	കമ്പോസ്റ്റു വളം നിർമ്മിക്കുന്നതിനുള്ള വ്യാപകമായ ബോധവൽക്കരണവും ന്യായമായ ധനസഹായവും നല്കുക.	കൃഷി ഭവൻ ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	1ലക്ഷം	1വർഷം	9 വാർഡുകളും	മണ്ണിന്റെ വീര്യം നശിക്കാതെ സൂക്ഷിക്കാനും വളപ്രയോഗത്തിനുള്ള ചെലവ് കുറയ്ക്കുവാനും കഴിയും.
27.	പച്ചക്കറികൃഷി, വെറ്റിലകൃഷി മുതലായവയ്ക്കു ജല സേചനാവശ്യങ്ങൾക്കായി പമ്പുസെറ്റുകൾ സഹായ വിലയ്ക്കു നല്കുക.	സംസ്ഥാന ഗവ: ജില്ലാ ബ്ലോക്കു ഗ്രാമപഞ്ചായത്തുകൾ കൃഷിഭവൻ	2.5ലക്ഷം	1 വർഷം	9 വാർഡുകളും	മഴയില്ലാത്ത 6 മാസക്കാലയളവിലും ഈ കൃഷികളിൽ നിന്നും വർദ്ധിച്ച ഉല്പാദനം കുറഞ്ഞ ചെലവിൽ ലഭ്യമാകും.
28.	ആവശ്യമായ സ്ഥലം ലഭ്യമാകുന്ന 7, 8 വാർഡുകളിലൊന്നിൽ ഒരു പച്ചക്കറി ചന്ത ആരംഭിക്കുക	ഗ്രാമസഭകൾ പഞ്ചായത്ത്	1.ലക്ഷം	1വർഷം	7, 8, 9 വാർഡുകൾ പൂർണ്ണമായും 5, 6 വാർഡുകൾ ഭാഗികമായും	പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സൗകര്യം ലഭിക്കും
29.	മൂലേപ്ലാക്കൽ തോട്, മൂങ്ങാനിത്തോട്, തോണിപ്പാറത്തോട്, വെള്ളാവൂർ തോട് ഇവയിൽ 2 വീതം ചെക്ക് ഡാമുകൾ നിർമ്മിക്കുക	കൃഷിവകുപ്പ്, ജില്ലാബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ കൃഷിഭവൻ,	2 ലക്ഷം	1വർഷം	1, 3, 4, 5, 6, 7, 8 വാർഡുകൾ	പ്രസ്തുത പ്രദേശങ്ങളിലെ ഭൂജലനിരപ്പ് ഗണ്യമായി താഴുന്നതു കുറയ്ക്കുന്നു
30.	ടി തോടുകളുടെ തീരം ഇടിയുന്നതു	ഗ്രാമസഭകൾ				

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4.	5	6	7
	തടയാൻ ആവശ്യമായി വരുന്ന ഭാഗങ്ങളിൽ കല്ക്കെട്ടു കെട്ടുക	സോമിൽ കൺസർവേഷൻ, മൈനർ ഇറിഗേഷൻ, ത്രിതലപഞ്ചായത്തുകൾ കൃഷിഭവൻ, ഗ്രാമസഭകൾ	10 ലക്ഷം	1വർഷം	1, 3, 4, 5, 6, 7, 8 വാർഡുകൾ	തോടുകളുടെ തീരം ഇടിഞ്ഞ് ഫലഭൂയിഷ്ടതയുള്ള മണ്ണ് നഷ്ടപ്പെടുന്നത് തടയുന്നു.
31.	പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 കുഴൽ കിണറുകൾ നിർമ്മിക്കുക	സംസ്ഥാനഗവ: ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറ്,	6 ലക്ഷം	1വർഷം	9വാർഡുകളും	വേനൽക്കാലത്തും കൃഷിക്കാവശ്യമായ ജലം, ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ലഭ്യമാകുന്നു
32.	നിലവിലുള്ള കിണറുകൾ പുനരുദ്ധരിക്കുക.	ജില്ലാപഞ്ചായത്ത് ഗ്രാമസഭകൾ ഗ്രാമപഞ്ചായത്ത്	0.25 ലക്ഷം	1വർഷം	9 വാർഡുകൾ	ചെളിനിറഞ്ഞ കിണറുകൾ ഗ്രാമസഭകളുടെ നേതൃത്വത്തിൽ തേകി വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക.
33.	പന്നിക്കുഴി, പുന്നത്താനം, പാണ്ടിയാംകുഴി കുറ്റിയ്ക്കാട്ട് കുളങ്ങൾ പുനരുദ്ധരിക്കുക.	പഞ്ചായത്ത് 7-ാം വാർഡ് ഗ്രാമസഭ	0.25ലക്ഷം	1വർഷം	7-ാം വാർഡ്	ജനപങ്കാളിത്തത്തോടെ ടി കുളങ്ങൾ ചെളിവാരിത്തേകി വൃത്തിയാക്കുക
34.	കൃഷി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. (കടയനിക്കാട് 8-ാം മൈലിൽ)	സംസ്ഥാന ഗവ: ഗ്രാമപഞ്ചായത്ത്	2.ലക്ഷം	1വർഷം	9വാർഡുകളും	വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവന് സ്വന്തം കെട്ടിടമുണ്ടാകും.
		അനുബന്ധം III ആകെ അടങ്കൽ 360.75 ലക്ഷം				





ഫിഷറീസ് - മൃഗപരിപാലനം

4

കുന്നുംമലയും നിറഞ്ഞ, വേനലിൽ തോടുകളും കുളങ്ങളും പൂർണ്ണമായും വറ്റിവരളുന്ന, ഈ പഞ്ചായത്തു പ്രദേശം പൊതുവേ മത്സ്യകൃഷി നടത്താൻ യോജിച്ചതല്ല.

എന്നാൽ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ (രാജസ്ഥാൻ കനാലിലും മറ്റും) വിജയകരമായി നടത്തിപ്പോരുന്ന ശുദ്ധജല മത്സ്യകൃഷി സംസ്ഥാന സർക്കാർ മുൻകൈയെടുത്തു നടപ്പിലാക്കാം.

കേരളത്തിലെ 44 നദികളിലും, ശുദ്ധജല മത്സ്യങ്ങളായ കറ്റ്ല, രോഹിത, മൃഗല, പുൽമീൻ, വെള്ളിമീൻ, സിപ്രിന മുതലാവയവയിൽ, ഏറ്റവും അനുയോജ്യമായ ഇനങ്ങളുടെ മൂന്നുമാസത്തിൽ കുറയാതെ പ്രായമുള്ള കുഞ്ഞുങ്ങളെ, വ്യാപകമായി സർക്കാർ ചെലവിൽ നിക്ഷേപിക്കുക. അടുത്ത മൂന്നു വർഷത്തേയ്ക്ക് പ്രജനനസമയത്ത് (ജൂൺ, ജൂലൈ മാസങ്ങളിൽ) നദികളിൽ നിന്നും അവയോടു ബന്ധപ്പെടുന്ന മറ്റു ജലാശയങ്ങളിൽ നിന്നും മത്സ്യബന്ധനം കർശനമായി നിരോധിക്കുകയും (അതിന് ബോധവല്ക്കരണം വ്യാപകമായി നടത്തുകയും വേണം) ചെയ്യുക. തുടർന്നുള്ള വർഷങ്ങളിൽ കണ്ണകലമുള്ള വല ഉപയോഗിച്ചു മാത്രം മത്സ്യബന്ധനം നടത്തുകയും ചെയ്യുക. കോടിക്കണക്കിനു രൂപാ വിലവരുന്ന മത്സ്യസമ്പത്ത് ഈ രീതിയിൽ നമ്മുടെ നദികളിൽ ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ വളർത്തിയെടുക്കാം. (കറ്റ്ല തുടങ്ങിയ ഇനങ്ങളുടെ വംശവർദ്ധനവിന് രണ്ടു കിലോമീറ്ററിൽ കൂടുതൽ ദൈർഘ്യമുള്ള ജലാശയങ്ങൾ അത്യന്താപേക്ഷിതമാകയാൽ നദികളിൽ അവയുടെ വംശവർദ്ധനവ് സ്വാഭാവികമായി നടന്നുകൊള്ളും) നദീതീരങ്ങളോടു ചേർന്നുള്ള ഗ്രാമപഞ്ചായത്തുകളെ കൂടി ഈ പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളികളാക്കിയിട്ട് മത്സ്യം ലേലം ചെയ്തു കൊടുക്കുന്നതിലൂടെയുള്ള വരുമാനം ആ പഞ്ചായത്തുകൾക്കു നല്കുകയും ചെയ്യണം. (മത്സ്യങ്ങളുടെ വംശനാശം വരുത്തുന്ന രീതിയിൽ 'നഞ്ച്, തോട്ടാ' ഇവ മൂലം മത്സ്യം പിടിക്കുന്നവരെ കഠിനമായി ശിക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ മാത്രമേ ഈ പദ്ധതി പൂർണ്ണമായി വിജയിപ്പിക്കാൻ സാദ്ധ്യമാവുകയുള്ളൂ)

മറ്റുചില നിർദ്ദേശങ്ങൾ കൂടി താഴെ വിവരിക്കുന്നു

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് 13 കി.മീ. ദൈർഘ്യമുള്ള ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അറ്റത്താണ്. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ളവർക്ക് ചിറക്കടവു പഞ്ചായത്തിലെ മൃഗാശുപത്രിയെ ആശ്രയിക്കാം. എന്നാൽ മദ്ധ്യഭാഗത്തുള്ള ആൾക്കാർക്ക് ഈ രണ്ടു മൃഗാശുപത്രികളുടെയും സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് എറത്തു വടകരയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കടയനിക്കാട്, മുണ്ടാനി, വെള്ളാവൂർ എന്നീ സ്ഥലങ്ങളിൽ ഓരോ I.C.D.P സബ് സെൻററുകൾ സ്ഥാപിക്കുക

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്ഷീരവ്യവസായ സഹകരണസംഘം കിഴക്കേ അറ്റത്താണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അതിന്റെ പരിധിയിൽ നിന്നും

2,3,5, 6, 7, 8, 9 വാർഡുകൾ വിടുതൽ ചെയ്ത് പുതിയ നാല് സംഘങ്ങൾ കൂടി രൂപീകരിക്കുകയും അഞ്ചു സംഘങ്ങളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യണം.

വർദ്ധിച്ച ഉൽപ്പാദന ശേഷിയുള്ള ആടുമാടുകളെ വാങ്ങുന്നതിനു ധനസഹായം നല്കുക

ഇറച്ചിക്കോഴി, മുട്ടക്കോഴി ഇവയെ ഫാമുകളിൽ വളർത്തുന്നതിനും, വീട്ടുവളപ്പിൽ കോഴി വളർത്തുന്നതിനും ആവശ്യമായ ധനസഹായം നല്കുക.

കാലിത്തീറ്റ, കോഴിത്തീറ്റ ഇവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തലിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കുക

തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് വിത്ത്, വളം മുതലായവ നല്കുക.


എല്ലാ വർഡിലും മൃഗഡോക്ടറുടെ സേവനം മാസത്തിലൊരു ദിവസം കൃത്യമായും ലഭ്യമാക്കുക.

കാടൻകുളത്തെ മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുക

പേവിഷ ബാധപൂർണ്ണമായും നിർമ്മാജ്ജനം ചെയ്യുന്നതിനായി അലഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ചു കൊല്ലുകയും, പട്ടി വളർത്തുന്നതിന് ലൈസൻസ് നിബ്ബന്ധമാക്കുകയും ചെയ്യുക. ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവർക്ക് 500 രൂപയിൽ കുറയാതെ പിഴ ചുമത്തി ഈടാക്കേണ്ടതാണ്.

ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് വ്യാപകമായ പ്രചരണം നല്കുകയും സബ്സിഡി ഉയർത്തുകയും ചെയ്യുക.

ഓരോ വർഷവും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുന്ന കാർഷിമേളയോടനുബന്ധിച്ച് കന്നുകാലി പ്രദർശനം സംഘടിപ്പിക്കുകയും ഏറ്റവും നല്ല ഉരുക്കളുടെ ഉടമസ്ഥർക്ക് ക്യാഷ് അവാർഡ് നല്കുകയും ചെയ്യുക.




ഫിഷറീസ് - മൃഗപരിപാലനം - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	ഭൂപ്രകൃതിയും കാലാവസ്ഥയും മത്സ്യകൃഷിയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ, കോൺക്രീറ്റ് ടാങ്കുകൾ നിർമ്മിച്ച് മത്സ്യം വളർത്തുന്നത് ആദായകരമാണെങ്കിൽ, ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നല്കുക	F.F.D.A ജില്ലാ ഓഫീസ്, കൃഷി ഭവൻ, ഗ്രാമസഭകൾ	0.5 ലക്ഷം	1 വർഷം	-	പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്നതിനുമാത്രം
2.	5-ാം വാർഡിൽ (ഏറത്തുവടകര) ഒരു പുതിയ മൃഗാശുപത്രി സ്ഥാപിക്കുക	ഗവൺമെൻറ് ഗ്രാമപഞ്ചായത്ത്	2 ലക്ഷം	1വർഷം	4, 5, 6, 7 വാർഡുകൾ	കാടൻകുളത്തു പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ പ്രയോജനം ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ലഭ്യമല്ല. ആകയാൽ 13 KM. നീളത്തിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ഒരു മൃഗാശുപത്രി അത്യന്താപേക്ഷിതമാണ്.
3.	കടയനിക്കാട്, മൂങ്ങാനി വെള്ളാവൂർ എന്നീ സ്ഥലങ്ങളിൽ ഓരോ I.C.D.P സബ് സെൻററുകൾ സ്ഥാപിക്കുക.	ഗവൺമെൻറ് ഗ്രാമപഞ്ചായത്ത്	0.45 ലക്ഷം	1വർഷം	1മുതൽ 7വരെ വാർഡുകൾ	പഞ്ചായത്തിന്റെ എല്ലാഭാഗത്തുമുള്ളവർക്ക് പ്രയോജനപ്പെടും
4.	മൂങ്ങാനിയിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.	ക്ഷീരവികസന ഡിപ്പാർട്ട്മെൻറ് ടി. സംഘം	0.5ലക്ഷം	1 വർഷം	1, 2, 3, 4, 5 വാർഡുകൾ	നാമമാത്രമായി പ്രവർത്തിക്കുന്ന ടി സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.
5	മൂങ്ങാനി ക്ഷീരസംഘത്തിന്റെ ഏരിയ വിഭജിച്ച് 2, 3, 5, 6, 7, 8, 9 വാർഡുകൾക്കായി കടയനിക്കാട്, ഏറത്തു വടകര, വെള്ളാവൂർ താഴത്തുവടകര എന്നിവിടങ്ങളിൽ ഓരോ പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുക	ക്ഷീരവികസന ഡിപ്പാർട്ടുമെൻറ്, മൂങ്ങാനി സംഘം, ഗ്രാമസഭകൾ	2 ലക്ഷം	1 വർഷം	6, 7, 8, 9 വാർഡുകൾ	പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകൾക്ക് പ്രയോജനപ്രദം
6	മേൽത്തരം പശു, ആട് ഇവയെ വാങ്ങുന്നതിന് ധനസഹായം നല്കുക	സംസ്ഥാനഗവ: ധനകാര്യസ്ഥാപനങ്ങൾ, ത്രിതല പഞ്ചായത്തുകൾ	13.5 ലക്ഷം	5 വർഷം	9 വാർഡുകളും	കറവമാടുകളെ വാങ്ങി വളർത്താൻ താല്പര്യമുള്ളവർക്കു പ്രയോജനപ്രദം

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
7.	കോഴി വളർത്തലിന് ആവശ്യമായ ധനസഹായം നല്കുക	സംസ്ഥാന: ഗവ: ധനകാര്യസ്ഥാപനങ്ങൾ. ത്രിതല പഞ്ചായത്തുകൾ	4.5 ലക്ഷം	2 വർഷം	9 വാർഡുകളും	മുട്ടക്കോഴികളെയും, ഇറച്ചിക്കോഴികളെയും വളർത്താൻ താല്പര്യമുള്ളവർക്കു പ്രയോജനപ്രദം.
8.	സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക	ജില്ലാപഞ്ചായത്ത് ഡയറി എക്സ്റ്റൻഷൻ ഡിപ്പാർട്ടുമെൻറ്	4.5 ലക്ഷം	5 വർഷം	9 വാർഡുകളും	കാലിത്തീറ്റയുടെ നിയന്ത്രണാതീതമായ വിലകൊണ്ട് വിഷമിക്കുന്ന കർഷകർക്ക് പ്രയോജനപ്രദം.
9.	വീട്ടുവളപ്പിൽ കോഴിവളർത്തലിനു ധനസഹായം നല്കുക	ജില്ലാപഞ്ചായത്ത് മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന ഗവ:	6 ലക്ഷം	2 വർഷം	9 വാർഡുകളും	വീട്ടാവശ്യത്തിന് വേണ്ട മുട്ട ലഭ്യമാകും
10.	സൗജന്യനിരക്കിൽ കോഴിത്തീറ്റ ലഭ്യമാക്കുക.	ജില്ലാപഞ്ചായത്ത് മൃഗസംരക്ഷണ വകുപ്പ്	2.25 ലക്ഷം	2 വർഷം	9 വാർഡുകളും	കോഴിവളർത്തൽ ലാഭകരമായി നടത്താൻ സാധിക്കും
11.	തേനീച്ച വളർത്തലിന് ആവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നല്കുക	ഖാദിബോർഡ് പഞ്ചായത്തുകൾ	2.25 ലക്ഷം	5 വർഷം	9 വാർഡുകളും	റബ്ബർതോട്ടങ്ങളിൽ വിജയകരമായി നടത്താവുന്ന തേനീച്ച വളർത്തൽ തികച്ചും ലാഭകരമാണ്.
12.	തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ വിത്ത് വളം മുതലായവ നല്കുക	ജില്ലാപഞ്ചായത്ത് ഡയറി എക്സ്റ്റൻഷൻ ഡിപ്പാർട്ടുമെൻറ് ഗ്രാമസഭകൾ	5 ലക്ഷം	5 വർഷം	9 വാർഡുകളും	കന്നുകാലി വളർത്തലിൽ ഏർപ്പെടുന്ന കൃഷിക്കാർക്ക് ലാഭകരം
13.	എല്ലാവാർഡിലും മൃഗഡോക്ടറുടെ സേവനം മാസത്തിലൊരു ദിവസം കൃത്യമായും ലഭ്യമാക്കുക	ഗ്രാമപഞ്ചായത്ത് വെറ്റിനറി ഡിപ്പാർട്ടുമെൻറ് ഗവൺമെൻറ്	0.5 ലക്ഷം	2 വർഷം	9 വാർഡുകളും	മൃഗഡോക്ടറുടെ സേവനം നിശ്ചിത ദിവസങ്ങളിൽ എല്ലാവാർഡിലും ലഭ്യമാകും.
14.	കാടൻ കുളത്തെ മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	1 ലക്ഷം	1 വർഷം	9 വാർഡുകളും	ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടും കൂടുതൽ മെച്ചമായ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ഭാഗങ്ങളിലുണ്ടാകും.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
15.	അലഞ്ഞുതിരിയുന്ന പട്ടികളെ പിടിച്ചു കൊല്ലുകയും പട്ടിവളർത്തലിനും പന്നി വളർത്തലിനും ലൈസൻസ് നിർ ബന്ധമാക്കുകയും ചെയ്യുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.5 ലക്ഷം	1 വർഷം	9 വാർഡുകളും	പേവിഷബാധനിർമ്മാർജ്ജനം ചെയ്യുന്നതിനു ശക്തമായ നടപടികൾ സ്വീകരിക്കണം
16.	ലൈസൻസില്ലാതെ നായ്ക്കളെ വളർത്തുന്നവർക്ക് 500 രൂപയിൽ കുറയാതെ പിഴചുമത്തുകയും, അടയ്ക്കാതിരുന്നാൽ നികുതി കുടിശികയായി കണക്കാക്കി ഈടാക്കുകയും ചെയ്യുക.	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	-	1 വർഷം	9 വാർഡുകളും	
17.	ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വ്യാപകമായ പ്രചരണം നല്കുക. സബ്സിഡി ഉയർത്തുക.	ഗവൺമെന്റ് മൃഗ സംരക്ഷണ വകുപ്പ്, കൃഷിഭവൻ	4.5 ലക്ഷം	2 വർഷം	9 വാർഡുകൾ	ഊർജ്ജപ്രതിസന്ധിയ്ക്ക് ഒരളവുവരെ പരിഹാരം
18.	ഓരോ വർഷവും കാർഷിക മേളയോടനുബന്ധിച്ച് കന്നുകാലി പ്രദർശനം സംഘടിപ്പിക്കുകയും നല്ല ഉരുക്കളുടെ ഉടമസ്ഥർക്ക് ക്യാഷ് അവാർഡ് നല്കുകയും ചെയ്യുക.	ഗ്രാമപഞ്ചായത്ത് ക്ഷീരവികസന വകുപ്പ്	1 ലക്ഷം		9 വാർഡുകൾ	നല്ല ഉരുക്കളെ വളർത്താനുള്ള മത്സരഭാവം കർഷകരിലുണ്ടാകും.
	അനുബന്ധം IV ആകെ അട്ടങ്കൽ 51.95 ലക്ഷം					





ഗതാഗതം ഊർജ്ജം

5

റോഡുകൾ

ഏതു രീതിയിലുള്ള വികസനപ്രവർത്തനങ്ങൾ ഒരു പ്രദേശത്തു നടപ്പിലാക്കണമെങ്കിലും സഞ്ചാരസൗകര്യവും ഗതാഗത സൗകര്യവും ആദ്യമായി ഉണ്ടാകേണ്ടതായുണ്ട്. വെള്ളാവൂർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗതാഗതസൗകര്യങ്ങൾ തികച്ചും കുറവുള്ള ഒരു പ്രദേശമാണ്. കുന്നും മലയും നിറഞ്ഞ ഈ പഞ്ചായത്തു പ്രദേശത്ത് 67 റോഡുകൾ നിലവിലുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും ജീപ്പുകൾ പോലും കയറിചെല്ലാൻ സാധിക്കാത്ത രീതിയിലാണ്. രണ്ടു കിലോമീറ്ററിൽ കുറഞ്ഞ ദൈർഘ്യമുള്ളവയാണ് ഭൂരിപക്ഷം റോഡുകളും. ഇതിൽ പകുതി റോഡുകളെങ്കിലും 9-ാം പഞ്ചവത്സര പദ്ധതിക്കാലത്തു തന്നെ ടാർ ചെയ്തു സുഗമമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 39.025 കീ. മീറ്റർ നീളം ടാർ ചെയ്യേണ്ട 37 റോഡുകളുടെ പേരും ഓരോന്നിന്റെയും നീളവും അനുബന്ധമായി നല്കിയിരിക്കുന്നു. തുല്യപ്രാധാന്യം നല്കി അടുത്ത ഒന്നോ രണ്ടോ വർഷത്തിനകം ഇത്രയും റോഡുകൾ ടാർ ചെയ്തു സുഗമമാക്കിയെങ്കിൽ മാത്രമേ മറ്റു വികസന പ്രക്രിയകളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാദ്ധ്യമാവുകയുള്ളൂ.

അതോടൊപ്പം തന്നെ പുതിയ 25 റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും തുല്യപ്രാധാന്യം കൊടുത്ത് നിർവഹിക്കപ്പെടേണ്ടതായി ഉയർന്നു വന്നിട്ടുണ്ട്. അവയുടെ ലിസ്റ്റും അന്യത്ര ചേർത്തിരിക്കുന്നു.

ടാർ ചെയ്തു സുഗമമാക്കേണ്ട റോഡുകളുടെ വിവരം

SL. No.	റോഡിന്റെ പേര്	ആകെ നീളം മീറ്റർ	ടാർ ചെയ്യേണ്ട നീളം മാറ്റർ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)
1.	ഞവർപ്പ - തോണിപ്പാറ റോഡ്	2000	2000	1000000-
2.	കോത്തലപ്പടി - പുത്തൻപീടിക റോഡ്	2400	300	150000
3.	തോണിപ്പാറ - ഹെൽത്തുസെൻറർ "	1200	400	200000
4.	കരിങ്കുറ്റി - കോറപ്പള്ളി "	400	400	200000
5.	തിരുവല്ലാലുങ്കൽപടി - S.N.U.P.S "	1100	1100	550000
6.	കൂടത്തിങ്കൽ - L.P.S "	1200	1000	500000
7.	കുന്നുംഭാഗം - പുത്തൻപീടിക "	1700	1500	750000
8.	വരമ്പകം - പെരുങ്കാവ് "	1060	1060	530000
9.	വെള്ളച്ചിറ - മഞ്ഞാക്കൽപടി "	1320	1320	660000



SL. No.	റോഡിന്റെ പേര്		ആകെ നീളം മീറ്റർ	ടാർ ചെയ്യേണ്ട നീളം മാറ്റർ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)
10.	8-ാം മൈൽ - കടയനിക്കാട് L.P.S.	"	1630	1630	815000
11.	ഏഴാമൈൽ - എണ്ണശ്ശേരി	"	2200	1900	950000
12.	കോയിപ്പുറം - പേക്കുഴി	"	1000	1000	500000
13.	കരിമ്പാനിൽപ്പടി - ശാസ്താംകാവ്	"	460	460	230000
14.	8-ാം മൈൽ - കുമ്പിളുംതടം	"	2300	1150	575000
15.	തൊട്ടീപ്പീടിക - തോട്ടത്തിൻകുഴി	"	600	500	250000
16.	പടിഞ്ഞാറ്റയിൽപടി - കുന്നുംഭാഗം	"	1600	1600	800000
17.	ചടയൻപാറ - ചട്ടുവക്കുളം	"	900	900	450000
18.	കുളത്തുങ്കൽ - അടാമറ്റം	"	900	900	450000
19.	പൊട്ടുകുളം - മുളയ്ക്കൽപടി	"	500	500	250000
20.	കാവുങ്കൽ - കീച്ചേരി	"	1200	400	200000
21.	കുമ്പിളുംതടം - വട്ടക്കാവ്	"	1000	1000	500000
22.	കൊച്ചാലുങ്കൽ - കൊണ്ടിയക്കുന്ന്	"	1280	1000	500000
23.	താഴത്തുവടകര - കാടൻകുളം	"	1185	1185	592500
24.	ചില്ലാക്കുന്ന് - കടുകത്തലപ്പടി	"	1300	1300	650000
25.	നീറനാനി - കൊറ്റമ്പ്ര	"	1000	1000	500000
26.	നീറനാനി - ഒളോമന	"	1600	1600	800000
27.	കോത്തലപ്പടി - കോണേക്കടവ്	"	2600	1800	900000
28.	പാലയ്ക്കൽ - ആനിക്കാട്	"	495	495	247500
29.	ചാത്തമല - കുറ്റിയിലവ്	"	1000	1000	500000
30.	പാറയ്ക്കാട് - ഉള്ളായം	"	2000	2000	1000000
31.	ചുവട്ടടിപ്പാറ - പുള്ളിന്തറ	"	950	950	475000
32.	കുറ്റിക്കാട്ടുവളവ് - വെള്ളച്ചിറ	"	525	525	262500
33.	ചുവട്ടടിപ്പാറ - മടുക്ക	"	850	850	425000
34.	പൊട്ടുകുളം - മുടിമല	"	100	1000	500000
35	പാലത്തുങ്കൽമണ്ണ് - തുറേക്കടവ്	"	500	500	250000
36.	വെട്ടുവേലിപ്പടി - രണ്ടുമാക്കൽപ്പടി	"	2200	2200	1100000
37.	ചില്ലാക്കുന്ന് - പാലയ്ക്കൽ	"	600	600	300000
				39025 മീ:	19512500



പുതുയതായി വെട്ടിത്തുറക്കേണ്ട പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമായ റോഡുകൾ

SL. No.	റോഡിന്റെ പേര്	ചെയ്തു തീർക്കേണ്ട പ്രവൃത്തി
1.	കണിയാട്ടുപാറ - വൈദ്യൻപടി റോഡ് വെട്ടി തുറക്കണം	
2.	കരയോഗക്കുന്ന് - പാറയ്ക്കാട് "	"
3.	8-ാം മൈൽ - O.L.H. കോളനി "	ഏറ്റെടുക്കണം
4.	ഉള്ളായം - H.W.S. കോളനി "	"
5.	അടാമറ്റം - പുളിന്തറ "	"
6.	കള്ളിയ്ക്കൽപടി - കോണേക്കടവ് "	വെട്ടിത്തുറക്കണം
7.	പൂതവേലി - അടാമറ്റം "	"
8.	വില്ലൻപാറ - തോട്ടത്തിൻകുഴി "	"
9.	ഞവർപ്പ - പെരുകാവ് "	"
10.	ചവരംപ്ലാക്കൽ - ചട്ടുവക്കുളം "	"
11.	കടയനിക്കാട് അമ്പലം - അരീക്കുഴി - ശാസ്താംകാവ് "	"
12.	പരുവക്കാട്ടുപടി - ആരാധനാമഠം "	"
13.	ഇളംപ്ലാക്കൽപടി - പൊന്നരത്താംകുഴി "	"
14.	പുരയിടത്തിൽ കരോട്ടുപടി - പള്ളത്തുപാറ - മുങ്ങാനി "	"
15.	കുന്നേൽപടി - കല്ലേലിൽപടി "	"
16.	തോട്ടപ്പള്ളി കോളനി "	"
17.	തോട്ടപ്പള്ളി കോളനി - O.L.H. കോളനി "	"
18.	ഒളോമനപ്പടി - കോറപ്പള്ളി - മൂണ്ടോലിക്കടവ് "	"
19.	നാരകംപൊയ്ക - പേഴത്താനി "	"
20.	നാരകംപൊയ്ക - മണവാളൻ പൊയ്ക "	"
21.	ഇലവുങ്കൽ - പേക്കുഴി "	ഏറ്റെടുക്കണം
22.	പന്നിക്കുഴി - കാവുങ്കൽ "	"
23.	കലേക്കുളം - വെള്ളാവൂർ "	"
24.	വാവോലിക്കൽ - പുന്നത്താനം "	"
25.	വെള്ളാവൂർകവല - പുന്നത്താനം "	"
26.	വില്യാനി - പന്നിക്കുഴി - ആശുപത്രിപ്പടി ഇടവഴി	"
27.	പൂണിക്കാവ് - വില്യാനി "	"
28.	ചാരുങ്കൽപടി - കരയോഗക്കുന്ന് "	"
29.	പൊൻകുന്നേൽ - പെരുങ്കാവ് "	"
30.	കരിമ്പാനിൽ പടി - ശാസ്താംകാവ് - കോയിപ്പുറം	"



മറ്റു മരാമത്തു വേലകൾ (ഗതാഗതം)

മണിമല ടൗണിൽ ഇപ്പോഴുള്ള ബസ്സ്റ്റാൻഡ് തികച്ചും അപര്യാപ്തമാണ്. 30 സെൻറ് സ്ഥലത്തു സ്ഥിതി ചെയ്യുന്ന ടി ബസ്സ്റ്റാൻഡിൽ ഇപ്പോൾ തന്നെ വരുന്ന ബസ്സുകൾ മുഴുവൻ കയറി യാത്രക്കാരെ കയറ്റിയിറക്കാൻ വിഷമിക്കുന്നു. കറുകച്ചാൽ - മണിമല റോഡിനും മണിമലയാറിനും ഇടയിൽ കിടക്കുന്ന പുറമ്പോക്കു ഭൂമി പഞ്ചായത്ത് ഒഴിപ്പിച്ചെടുത്തത് ഏകദേശം രണ്ടേക്കർ സ്ഥലത്തോളം വരും. ആ സ്ഥലത്ത് പുതിയ ഒരു ബസ് സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുവാനും, കൊച്ചുപാലത്തോടു ചേർന്ന് ആധുനിക രീതിയിലുള്ള ഒരു ടൗൺഹാൾ (വിവാഹ ആവശ്യത്തിനും മറ്റും ഉപയോഗിക്കാവുന്ന രീതിയിൽ) നിർമ്മിക്കുവാനും. നിലവിലുള്ള കൊച്ചുപാലം ഒരു ചെക്ക് ഡാമായി മാറ്റുവാനും ഉദ്ദേശിച്ചുള്ള ഒരു ബ്രഹത് പദ്ധതിയ്ക്ക് പഞ്ചായത്തു കമ്മറ്റി രൂപം കൊടുത്തിട്ടുണ്ടെങ്കിലും ഇത്രയും വലിയ ഒരു സാമ്പത്തിക ഭാരം പഞ്ചായത്തിനെക്കൊണ്ടു താങ്ങാവുന്നതിലും അധികമാകയാൽ 9-ാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ പ്രത്യേക പരിഗണന നല്കി ഈ സ്കീം പൂർത്തിയാക്കണമെന്നു ഭൂരിപക്ഷം ഗ്രാമസഭകളും നിർദ്ദേശിച്ചിരിക്കുന്നു.

വെള്ളാവൂർ ജംഗ്ഷനിൽ പഞ്ചായത്തു വക സ്ഥലത്ത് പണിത ഷോപ്പിംഗ് കോംപ്ലെക്സിനോടനുബന്ധിച്ച് പുതിയ ബസ്സ്റ്റാൻഡു പണി തീർക്കേണ്ടതുണ്ട്.

മണിമല കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ പ്രധാന ടൗണായി മാറിക്കൊണ്ടിരിക്കുന്ന കുളത്തൂർ മൂഴിയിൽ, ഒരു ബസ്സ്റ്റാൻഡു നിർമ്മിക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യത്തിന് അനേക വർഷത്തെ പഴക്കമുണ്ട്. ആവശ്യമായ സ്ഥലം വിലയ്ക്കു വാങ്ങി കുളത്തൂർമൂഴിയിൽ ഒരു ബസ്സ് സ്റ്റാൻഡു നിർമ്മിക്കുക എന്നുള്ളതും ഒരു വർഷത്തിനകം തന്നെ നടക്കേണ്ടതായുണ്ട്.

കോട്ടയം ജില്ലയിൽ വെള്ളാവൂർ പഞ്ചായത്തിലെ മുണ്ടോലിക്കടവും പത്തനംതിട്ട ജില്ലയിൽ കോട്ടാങ്ങാൽ പഞ്ചായത്തിലെ കടൂർ കടവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറിന് ഒരു പാലം നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് പി. ഡബ്ലിയു.ഡി. കോട്ടയം റോഡ്സ് എക്സി: എൻജിനീയർ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത അഞ്ചു വർഷംകൊണ്ട് പ്രസ്തുത പാലത്തിൻറെ പണി പൂർത്തിയാക്കേണ്ടതാണ്.

ടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് നൂലുവേലിക്കടവിൽ ഒരു 'കോസ് വേ' നിർമ്മിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

ഉള്ളായം തോടിന് ദേശസേവിനി മഹിളാസമാജം ആഫീസിനു പടിക്കൽ നടപ്പാലം നിർമ്മിക്കുക

മണിമലയാറ്റിൽ എളമണ്ണൂർക്കടവിലും, ഏറത്തുവടകര ലക്ഷം വീടു കോളനിപ്പടിയ്ക്കലും ആയിലപ്പടിയിലും പുതിയ കല്പടവുകൾ നിർമ്മിക്കുക.

മണിമലയാറ്റിൽ വിലങ്ങുപാറക്കടവ് മാരൂർകടവ്, പള്ളിക്കടവ്, മുണ്ടോലിക്കടവ്, കോറപ്പള്ളിക്കടവ്, കൂടത്തിങ്കൽ കടവ് ചിറയ്ക്കൽപ്പാറ എന്നിവിടങ്ങളിൽ നിർമ്മിച്ചിരിക്കുന്ന കല്പടവുകൾ, ആറു താഴ്ന്നതിനാൽ ഇപ്പോൾ 8ഉം 10ഉം അടി ഉയർന്ന് നില്ക്കുന്നതിനാൽ കൂടുതൽ പടവുകൾ കെട്ടുകയും നിലവിലുള്ളവ റിപ്പെയർ ചെയ്യുകയും വേണം.

മണിമലയാറ്റിൽ മാരൂർക്കടവ്, മുണ്ടോലിക്കടവ്, നൂലുവേലിക്കടവ്, ചിറയ്ക്കപ്പാറക്കടവ് എന്നിവിടങ്ങളിലുള്ള സർക്കാർ കടത്ത് (വള്ളങ്ങൾ) എല്ലാവർഷവും ജനുവരി 15 വരെ മുടക്കം കൂടാതെ നടത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

കറുകച്ചാൽ - മണിമല റോഡിൽ കുറ്റിക്കാട്ടുവളവ്, കരിമ്പാനിൽപ്പടി കടയനിക്കാട്പള്ളിപ്പടി എന്നിവിടങ്ങളിലും മണിമല-കുളത്തൂർമൂഴി തീരദേശറോഡിൽ ആനക്കല്ല്, പുത്തൻപീടിക, തിരുല്ലാലുങ്കൽപടി, കൂടത്തിങ്കൽ പന്നിക്കുഴി, പൊട്ടുകുളം, പൂണിക്കാവ് എന്നിവിടങ്ങളിലും വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്. കുളത്തൂർമൂഴി പത്തനാടു റോഡിൽ ചില്ലാക്കുന്നു കവലയിലും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

പ്ലാക്കൽപടി വെള്ളാവൂർ റോഡ് (P.W.D) വീതികൂട്ടി (ആവശ്യമായ കലുങ്കുകളും റിട്ടെയിനിംഗ് വാളും നിർമ്മിച്ച്) റീടാർ ചെയ്യുക, പത്തനാട് - കുളത്തൂർ മൂഴി റോഡ് റീടാർ ചെയ്യുക എന്നിവയും അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

പത്തനാട് - കുളത്തൂർമൂഴി റോഡിൽ താഴത്തുവടകര നിന്നും ഹയർസെക്കൻഡറി സ്കൂളിനു മുൻവശത്തുകൂടി ചിറയ്ക്കപ്പാറ കടവിലേയ്ക്കുള്ള റോഡ് P.W.D. യിൽ നിന്നും (22 വർഷങ്ങൾക്കു മുമ്പു ടാർ ചെയ്തത്) ഉപേക്ഷിച്ച രീതിയിലാണ്. പ്രസ്തുത റോഡും


റീടാർ ചെയ്യാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുന്നിനി - പാലയ്ക്കൽ റോഡിൽ 'പാലയ്ക്കൽ' ഒരു കലുങ്കും, തിരുവല്ലാലുങ്കൽ S.N.U.P. സ്കൂൾ റോഡിൽ വാവോലിയ്ക്കൽ രണ്ടു കലുങ്കുകളും പേക്കുഴി - ഇലവുങ്കൽ റോഡിൽ പാറയ്ക്കൽ ഒരു കലുങ്കും നിർമ്മിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചാരുങ്കൽപടി, അരീക്കൽ (3-ാം വാർഡ്) പാറക്കുഴി, കൂവപ്പുഴ ഭാഗം, അരീക്കൽ (8- വാർഡ്) ഏറത്തുവടകര ബാലവാടിപ്പടി, നാരകംപൊയ്ക, മലയ്ക്കൽപ്പടി, കളപ്പുരയ്ക്കൽപ്പടി, എന്നിവിടങ്ങളിൽ ഓരോ നടപ്പാലം നിർമ്മിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

കറുകച്ചാൽ-മണിമലറോഡ് കറുകച്ചാൽ മുതൽ മണിമല വരെയുള്ള ഭാഗം വീതി കൂട്ടി ടാർ ചെയ്തു സുഗമമാക്കുക. പ്രത്യേകിച്ച് മണിമല ടൗൺ മുങ്ങാനി വരെ ആവശ്യമായി കലുങ്കുകളും റീട്ടെയിനിങ് വാളും നിർമ്മിച്ച് സുഗമമാക്കുന്നതോടൊപ്പം കോത്തലപ്പടി വരെയും അത്യാവശ്യമായി റീട്ടെയിനിങ് വാൾ നിർമ്മിക്കേണ്ടതാണ്.

താഴത്തുവടകര ഹയർ സെക്കൻഡറി സ്കൂളിന്റെ പിൻഭാഗത്തു താമസിക്കുന്ന ഏതാനും വീട്ടുകാർക്ക് സ്കൂൾ കോമ്പൗണ്ടിൽ സൗകര്യപ്രദമായ ഏതെങ്കിലും ഭാഗത്തുകൂടി ഒരു വഴി അനുവദിച്ചു നൽകുക.



ഗതാഗതം ഊർജ്ജം – ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	39.025 കി.മീ. നീളമുള്ള 36 റോഡുകൾ (വിവിധ വാർഡുകളിലുള്ളവ) ടാർ ചെയ്തു സുഗമമാക്കുക. (റോഡുകളുടെ ലിസ്റ്റ് അന്യത്ര ചേർത്തിരിക്കുന്നു)	സംസ്ഥാനഗവ: ത്രിതലപഞ്ചായത്തുകൾ. ഗ്രാമസഭകൾ	195.125ലക്ഷം	5 വർഷം	9 വാർഡുകളും	9 വാർഡുകളിലായി ഗതാഗതയോഗ്യമായ 36 റോഡുകൾ ഉണ്ടാകും
2	വിവിധ വാർഡുകളിലുള്ള പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഉദ്ദേശം 26K.M. നീളം വരുന്നതുമായ 25 റോഡുകൾ വെട്ടിത്തുറക്കുക.	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	5 ലക്ഷം	5 വർഷം	9 വാർഡുകളും	പൂർണ്ണമായും ഗുണഭോക്താക്കളുടെ ശ്രമദാനമായി ചെയ്തു തീർക്കാൻ കഴിയും
3.	പുതിയതായി മണിമല ടൗണിൽ നിർമ്മിക്കുന്ന ബസ്സ്റ്റാൻഡിനുള്ള സ്ഥലം നികത്തി ആറ്റുതീരം കല്ക്കെട്ടു കെട്ടി ലവൽ ചെയ്ത് ശരിയാക്കുക.	സംസ്ഥാനഗവ: ജില്ലാഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ	25 ലക്ഷം	1 വർഷം	പഞ്ചായത്തിനു മുഴുവൻ	ജനങ്ങളുടെ കോൺട്രി ബ്യൂഷനായി 4 ലക്ഷം രൂപയിലധികം തുകയ്ക്കുള്ള ഫില്ലിംഗ് ജോലി നടന്നു കഴിഞ്ഞു.
4.	ബസ്സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.	സംസ്ഥാന ഗവ: ജില്ലാഗ്രാമപഞ്ചായത്തുകൾ	35 ലക്ഷം 50 ലക്ഷം	2 വർഷം	"	ഷോപ്പിംഗ് കോംപ്ലക്സിൽ നിർമ്മിക്കുന്ന 40 മുറികളിൽ 80% അഡ്വാൻസ് ഡിപ്പോർസിറ്റു വാങ്ങി ന്യായമായ വാടയ്ക്കു നല്കുന്നതിലൂടെ ഷോപ്പിംഗ് കോംപ്ലക്സിനുള്ള പണം സ്വരൂപിക്കാം.
5.	പുതിയ ബസ് - സ്റ്റാൻഡു നിർമ്മിക്കുന്നതിനു കിഴക്കുഭാഗത്ത് ടൗൺ ഹാൾ നിർമ്മിക്കുക	സംസ്ഥാനഗവ: ത്രിതലപഞ്ചായത്തുകൾ	5 ലക്ഷം	5 വർഷം	പഞ്ചായത്തു മുഴുവനും സമീപപഞ്ചായത്തുകളും	ഗവൺമെൻറ്, പഞ്ചായത്തുകൾ ഇവയുടെ വിഹിതത്തിൽ കവിഞ്ഞു വരുന്ന തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കുക
6.	മണിമലയിൽ പുതിയ പാലത്തിനു താഴെയുള്ള കൊച്ചുപാലം ഒരു ചെക്ക് ഡാമായി മാറ്റുക	സംസ്ഥാനഗവ: ത്രിതല പഞ്ചായത്തുകൾ	5 ലക്ഷം	5 വർഷം	"	ജലനിരപ്പ് സംരക്ഷിക്കപ്പെടും ടൗണിന്റെ ഭംഗിയ്ക്ക് മാറ്റുകൂട്ടും
7.	വെള്ളാവൂർ ജംഗ്ഷനിൽ, പഞ്ചായത്തുവക സ്ഥലത്ത് നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ച് ഒരു പുതിയ ബസ്സ്- സ്റ്റാൻഡു നിർമ്മിക്കുക.	സംസ്ഥാന ഗവ: ത്രിതല പഞ്ചായത്തുകൾ ഗ്രാമസഭ	10 ലക്ഷം	3 വർഷം	പഞ്ചായത്തു മുഴുവനും	പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു ഒരു നല്ല ബസ്സ് സ്റ്റാൻഡ് ഉണ്ടാകും.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
8	കുളത്തൂർ മൂഴിയിൽ 50 സെൻറു സ്ഥലം വിലയ്ക്കു വാങ്ങി ഒരു പുതിയ ബസ്സ് സ്റ്റാൻഡു നിർമ്മിക്കുക.	സംസ്ഥാന ഗവ: ത്രിതല പഞ്ചായത്തുകൾ ഗ്രാമസഭ	90 ലക്ഷം	5 വർഷം	പഞ്ചായത്തു മുഴുവനും	കുളത്തൂർമുഴിയുടെ വികസനത്തിന് അത്യന്താപേക്ഷിതം
9	കോട്ടയം ജില്ലയിൽ വെള്ളാവൂർ പഞ്ചായത്തിലെ മുണ്ടോലിക്കടവും, പത്തനംതിട്ട ജില്ലയിൽ കോട്ടാങ്ങൽ പഞ്ചായത്തിലെ കടൂർകടവും തമ്മിൽ ബന്ധിപ്പിച്ച് മണിമലയാറിന് ഒരു പാലം നിർമ്മിക്കുക	സംസ്ഥാന ഗവ: കോട്ടയം - പത്തനംതിട്ട ജില്ലാപഞ്ചായത്തുകൾ	20 ലക്ഷം	5 വർഷം	രണ്ടുജില്ലകളിലും	രണ്ടു ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന പാലമായതിനാൽ ടി പാലത്തിൻെറ പണി സത്വരമായി ചെയ്തു തീർക്കേണ്ടതാണ്.
10.	മണിമലയാറിന്, വെള്ളാവൂർ കോട്ടാങ്ങൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന്, നൂലുവേലിക്കടവിൽ ഒരു കോസ്വേ നിർമ്മിക്കുക	സംസ്ഥാന ഗവ: കോട്ടയം - പത്തനംതിട്ട ജില്ലാപഞ്ചായത്തുകൾ	0.2 ലക്ഷം	5 വർഷം	"	"
11.	ദേശസേവിനി മഹിളാസമാജം ആഫീസിനുപടിക്കൽ ഉള്ളായം തോടിനു നടപ്പാലം നിർമ്മിക്കുക	ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകൾ ഗ്രാമസഭ	1.5 ലക്ഷം	1 വർഷം	2-ാം വാർഡ്	
12.	മണിമലയാറിൽ എളമണ്ണൂർക്കടവിലും ഏറത്തുവടകര ലക്ഷം വീടുകോളനിപ്പടിക്കലും അയിലപ്പടിയിലും പുതിയ കല്പടവുകൾ നിർമ്മിക്കുക	ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾ		1 വർഷം	4.5- വാർഡുകൾ	ഈ മൂന്നു കടവുകളിലും പുതിട കല്പടവുകൾ അത്യാവശ്യമാണ്.
13.	മണിമലയാറ്റിൽ വിളങ്ങുപാറ മാരൂർക്കടവ്, മുണ്ടോലിക്കടവ്, കോറപ്പള്ളിക്കടവ്, കൂടത്തിങ്കൽ കടവ് ചിറയ്ക്കൽപ്പാറ എന്നിവിടങ്ങളിൽ കൂടുതൽ കല്പടവുകൾ നിർമ്മിക്കുകയും നിലവിലുള്ളവ റിപ്പെയർ നടത്തുകയും ചെയ്യുക	ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾ	1.5 ലക്ഷം	1 വർഷം	2-ാം വാർഡ്	ആറുതാഴ്ന്നതിനാൽ പുതിയ കല്പടവുകൾ നിർമ്മിക്കുകയും നിലവിലുള്ളവ റിപ്പെയർ ചെയ്യേണ്ടതും അത്യാവശ്യമാണ്.
14.	മണിമലയാറ്റിലുള്ള സർക്കാർ കടത്തു വള്ളങ്ങളുടെ കാലാവധി	എക്സിക്യൂട്ടീവ് എൻജിനീയർ		1 വർഷം	4,5,7,8വാർഡുകൾ	ഇപ്പോഴുള്ള കടത്ത് നവംബർ ഡിസംബർ മാസങ്ങളിൽ തീരുന്നത് ആൾക്കാർക്ക്

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	ഇപ്പോഴുള്ളത് എല്ലാ വർഷവും ജനു വരി 15 വരെ മുടക്കം കൂടാതെ നട ത്തുന്നതിന് നീട്ടിക്കൊടുക്കുക	P.W.D. പത്തനം തിട്ട (റോഡ്) സം സ്ഥാന ഗവ:				വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.
15.	കുറ്റിക്കാട്ടുവളവ്, കരിമ്പാനിൽപ്പടി കടയനിക്കാട് പള്ളിപ്പടി, ആനക്കല്ല്, പുത്തൻപീടിക, തിരുവല്ലാലുങ്കൽപടി, കുടത്തിങ്കൽ, പന്നിക്കുഴി, പൊട്ടുകു ളം, പെരുങ്കാവ് ചില്ലാക്കുന്ന് എന്നീ സ്ഥലങ്ങളിൽ പുതിയ വെയിറ്റിംഗ് ഷെഡ് ഷോപ്പിംഗ് സെൻററുകൾ നിർമ്മിക്കുക.	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	13.2 ലക്ഷം	2 വർഷം	4-5-7-8 വാർ ഡുകൾ	
16.	പ്ലാക്കൽപടി - വെള്ളാവൂർ റോഡ് (P.W.D) വീതികൂട്ടി ആവശ്യമായ കലുങ്കുകളും റിട്ടെയിനിംഗ് വാളും നിർമ്മിച്ച് കടവുവരെ റീട്ടാർ ചെയ്യുക.	P.W.D. ജില്ലാപ ഞ്ചായത്ത്	30 ലക്ഷം	2 വർഷം	6,7 വാർഡുകൾ	ബസ് സർവീസുള്ള പ്രസ്തുത റോഡ് റീ ട്ടെയിനിംഗ് വാളും കലുങ്കും തീർത്ത് വീതികൂട്ടി ടാർ ചെയ്യേണ്ടത് അത്യാവശ്യ മാണ്.
17.	പത്തനാട് - കുളത്തൂർ മൂഴി റോഡ് ചിറയ്ക്കൽ പാറക്കടവുവരെ റീടാർ ചെയ്തു സുഗമമാക്കുക.	PWD ജില്ലാപഞ്ചാ യത്ത്	30 ലക്ഷം	1 വർഷം	6-7വാർഡുകൾ 8ഉം 9ഉം കുഞ്ഞ പഞ്ചായത്തും	മെറ്റലിളകി കുണ്ടും കുഴിയുമായി കിട ക്കുന്നത് മൂലം ബസ് സർവീസുകൾ പോലും നിലയ്ക്കുന്ന രീതിയിലായിട്ടുണ്ട്. ഈ റോഡ് റീടാർ ചെയ്യാൻ ഏറ്റവും മു ന്തിയ പരിഗണന നല്കേണ്ടതാണ്.
18.	കുന്നിനി-പാലയ്ക്കൽ റോഡിൽ 'പാല യ്ക്കൽ' ഒരു കലുങ്കും, തിരുവല്ലാലു ങ്കൽപ്പടി S.N.U.P.S റോഡിൽ വാവോ ലിയ്ക്കൽ പടിയ്ക്കൽ രണ്ടു കലുങ്കു കളും പേക്കുഴി - ഇലവുങ്കൽ റോ ഡിൽ പാറയ്ക്കൽ ഒരു കലുങ്കും നിർമ്മിക്കുക.	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	2 ലക്ഷം	5 വർഷം	8-9-5-6-7 വാർ ഡുകൾ	കലുങ്കുകളില്ലാത്തതിനാൽ റോഡുകളിൽ കുടിവെള്ളം കയറി ഒഴുകി കാൽ നട യ്ക്കു പോലും ബുദ്ധിമുട്ടായി കിടക്കു കയാണ്.
19.	ചാരുങ്കൽപ്പടി, അരീക്കൽ (3-ാം വാർഡ്) പാറക്കുഴി, കൂവപ്പുഴഭാഗം, അരീക്കൽ, (8-ാം വാർഡ്), ഏറത്തു വടകര ബാലവാടിപ്പടി, നാരകം	K.L.D.C ഗ്രാമപ ഞ്ചായത്ത് ഗ്രാമസ ഭകൾ	4 ലക്ഷം	1 വർഷം	1, 3, 4, 6, 8 വാർ ഡുകൾ	മഴക്കാലത്തു കുത്തൊഴുക്കുള്ള ഈ തോടുകളിൽ പായൽ പിടിച്ച കല്ലുകളി ൽ ചവിട്ടി അക്കരയിക്കര കടക്കുന്നത് അപകടകരമാണ്. (പ്രത്യേകിച്ചും

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	പൊയ്ക; മലയ്ക്കൽപ്പടി, കളപ്പുരയ്ക്കൽപടി, എന്നിവിടങ്ങളിൽ ഓരോ നടപ്പാലം നിർമ്മിക്കുക		-			കൊച്ചു കുട്ടികൾക്ക്)
20.	1) കറുകച്ചാൽ - മണിമല PWD റോഡ് കറുകച്ചാൽ മുതൽ മണിമല വരെയുള്ള ഭാഗം വീതി കൂട്ടി ടാർ ചെയ്തു സുഗമമാക്കുക.	സംസ്ഥാന ഗവൺമെൻറ് PWD	-	5 വർഷം	ശബരിമല തീർത്ഥാടകരുൾപ്പെടെയുള്ള പൊതുജനങ്ങൾ	ശബരിമല തീർത്ഥാടനത്തിനുള്ള ഒരു പ്രധാന പാതയായതിനാൽ റോഡ് വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.
	2) മണിമല ടൗൺ മൂങ്ങാനി വരെ ആവശ്യമായ കല്ലുങ്കുകളും ഓടയും റീട്ടെയിനിങ് വാളും നിർമ്മിച്ച് സുഗമമാക്കുക	"	10 ലക്ഷം	1 വർഷം	"	"
	3) കോത്തലപ്പടി മുതൽ മൂങ്ങാനി വരെയുള്ള ഭാഗത്ത് PWD റോഡിന് റീട്ടെയിനിങ് വാൾ നിർമ്മിക്കുകയും വീതികൂട്ടുകയും ചെയ്യുക	"	10 ലക്ഷം	1 വർഷം	-	
21.	താഴത്തു വടകര ഹയർ സെക്കൻഡറി സ്കൂളിൻെറ പിൻഭാഗത്തു താമസിക്കുന്നവർക്ക് കോമ്പൗണ്ടിൻെറ ഏതെങ്കിലും ഭാഗത്തുകൂടി ഒരു വഴി അനുവദിച്ചു നൽകുക.	വിദ്യാഭ്യാസ വകുപ്പ്, ജില്ലാ പഞ്ചായത്ത്				



ഊർജ്ജം

ഒരു ഇലക്ട്രിക്കൽ സർവ്വേ നടത്തി വാർഡടിസ്ഥാനത്തിൽ 'ഇലക്ട്രിക്കൽ മാപ്പ്' തയ്യാറാക്കുക. വിതരണത്തിലെ അപാകതകൾ പരിഹരിക്കുവാൻ ഇതു സഹായകരമായിരിക്കും.

ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ലൈൻ വോൾട്ടേജ് ക്രമാതീതമായി താഴുന്നതു പരിഹരിക്കുവാൻ വേണ്ടി കടയനിക്കാട്ട് സ്ഥാപിക്കാൻ പ്രാരംഭനടപടികളായ ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ പണി ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുക.

ഇപ്പോൾ ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം മണിമല, കറുകച്ചാൽ, മല്ലപ്പള്ളി എന്നീ സെക്ഷനുകളുടെ ചുമതലയിലാണ്. ഇതു പല ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നു. ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് പുതുതായി സ്ഥാപിക്കാനാവശ്യമായ ഹൗസ് കണക്ഷനുകളും മറ്റു സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ തന്നെയുണ്ട്. അതിനാൽ ഈ മൂന്നു സെക്ഷനുകളുടെ പരിധിയിൽ വരുന്ന വെള്ളാവൂർ പഞ്ചായത്തിലെ കൺസ്യൂമേഴ്സിനെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ ഏറത്തു വടകരയിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രതിമാസം 7000 രൂപയോളം പഞ്ചായത്ത് അടയ്ക്കുന്നുണ്ടെങ്കിലും നിലവിലുള്ളതിന്റെ 1/10 സ്ട്രീറ്റ് ലൈറ്റുകൾ പോലും കൃത്യമായി കത്താറില്ല. യഥാസമയം തെരുവുവിളക്കുകളുടെ മെയിൻറനൻസ് നടത്താനോ, ഫ്യൂസായ ബൾബുകൾ മാറ്റി ഇടാനോ ബോർഡ് ശുഷ്കാന്തി കാട്ടാറില്ല. അതിനാൽ തെരുവുവിളക്കുകൾക്ക് മീറ്റർവച്ച് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കു മാത്രം ചാർജ്ജു വാങ്ങാനുള്ള സത്വരനടപടികൾ ഉണ്ടാകേണ്ടതാണ്.

നിലവിലുള്ള സ്ലാബ് സമ്പ്രദായം തികച്ചും അപരിഷ്കൃതമാണ്. ഉപയോഗിക്കാത്ത വൈദ്യുതിയ്ക്കു പണം ഈടാക്കുന്ന സമ്പ്രദായം ലോകത്തു വേറെ ഒരിടത്തും കാണില്ല. കറൻറുപയോഗിച്ചാലുമില്ലെങ്കിലും പൈസ അടയ്ക്കേണ്ടിവരുന്നതുകൊണ്ട്, പവർകട്ട് ഏർപ്പെടുത്തി ലാഭിക്കുന്ന വൈദ്യുതി, അത്യാവശ്യമില്ലെങ്കിൽ പോലും മറ്റു സമയങ്ങളിൽ ഉപയോഗിക്കുവാൻ കൺസ്യൂമേഴ്സ് തയ്യാറാകുന്നു. പ്രതിമാസം മീറ്റർ റീഡിംഗ് എടുത്ത് (അതിനു ബുദ്ധിമുട്ടുണ്ടെങ്കിൽ സെൽഫ് റീഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തി) ഉപയോഗിക്കുന്ന വൈദ്യുതിയ്ക്കു മാത്രം ചാർജ്ജ് ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി കണക്ഷൻ നല്കുന്നതിന് നിലവിലുള്ള 'കൺസൻറ്' വ്യവസ്ഥ പലർക്കും കണക്ഷൻ ലഭിക്കുന്നതിന് തടസ്സമാകുന്നു. നിസ്സാരമായ അയൽവഴക്കുകളുടെ പേരിൽ കൺസൻറു ലഭിക്കാത്ത വളരെയധികം കുടുംബങ്ങളുണ്ട്. ഇലക്ട്രിസിറ്റി നിയമത്തിൽ സമയോചിതമായ ഭേദഗതികൾ വരുത്തി ലൈൻവലിക്കേണ്ട സ്ഥലമുടമയ്ക്ക് കൂടുതൽ നഷ്ടം വരാത്ത രീതിയിൽ ലൈൻ വലിയ്ക്കാനുള്ള അധികാരം ഇലക്ട്രിസിറ്റി ബോർഡിനു നല്കേണ്ടതാണ്.

ഇപ്പോൾ പല L.T. ലൈനുകളും പറമ്പുകളിൽ കൂടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഏതെങ്കിലും വീടിനു കണക്ഷൻ നല്കിയാൽ അവിടെനിന്നും അടുത്ത വീടിനും തുടർന്ന് അടുത്തുള്ള വീടുകളിലേക്കും പറമ്പുകളിൽകൂടി മാത്രം ലൈൻ വലിച്ചാണ് കണക്ഷൻ നല്കിയിട്ടുള്ളത്. 25 വീടുകൾക്കു വരെ ഇങ്ങനെ കണക്ഷൻ നല്കിയിട്ടുള്ള ലൈനുകളുണ്ട്. കോട്ടയം ജില്ലപോലുള്ള സ്ഥലങ്ങളിൽ ഈ ലൈനുകൾ ഭൂരിഭാഗവും റബ്ബർ തോട്ടങ്ങളിലൂടെയാണ്.

അതിനാൽ 'ടച്ചിംഗ്' പൂണ്ണമായും ഒഴിവാക്കുക എന്നത് തികച്ചും അപ്രായോഗികമാണ്. കൂടാതെ ഈ ലൈനുകൾ റോഡുകളിൽകൂടിയാക്കിയാൽ 6ഉം 7ഉം പോസ്റ്റുകൾ ലാഭമാകുന്ന രീതിയിൽ ലൈനുകൾക്കു ദൈർഘ്യം കുറയുകയും ചെയ്യും. ടച്ചിംഗ് മൂലം സപ്ലൈ നഷ്ടപ്പെടുന്നത് ഒരു നിത്യസംഭവമാകയാൽ (ബോർഡിന്റെ സമ്മതവും സൂപ്പർവിഷന് ഉദ്യോഗസ്ഥന്മാരുമുണ്ടെങ്കിൽ) നാട്ടുകാർ തന്നെ ഈ ജോലി നിർവഹിക്കുവാൻ തയ്യാറാണ്.

റോഡുകൾക്കു വീതികൂട്ടുക തുടങ്ങിയ മറ്റു വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ പലപ്പോഴും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടി വരുന്നുണ്ട്. (എസ്റ്റിമേറ്റു തയ്യാറാക്കുക, പണം അടയ്ക്കുക തുടങ്ങിയ നടപടികൾ മൂലം) ഇതു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനാവശ്യമായ കാലതാമസം വരുത്തുന്നു. അതുകൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ



റിക്വസ്റ്റ് മാനിച്ച് ഉടൻ തന്നെ K.S.E.B.യുടെ ചെലവിൽ പ്രസ്തുത ജോലി ചെയ്തു തരേണ്ടതാണ്.

റോഡുകളിൽ കൂടെ പോകുന്ന ലൈനുകൾക്കും 'ടച്ചിംഗ്' ഒരു നിത്യഭീഷണിയാണ്. ആണ്ടിൽ രണ്ടു പ്രാവശ്യം വീതം (മഴക്കാലത്തിന്റെ ആരംഭത്തിൽ) ഗ്രാമസഭകളുടെ സഹകരണത്തോടെ ടച്ചിംഗ് വെട്ടിമാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി എല്ലാ ഗ്രാമങ്ങളിലും എത്തിയെങ്കിലും, വളരെയധികം വീടുകൾ വൈദ്യുതി ലഭിക്കാനുണ്ട്. ദൈനംദിന ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ള വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. അതിനാൽ മുഴുവൻ വീടുകൾക്കും കാലതാമസം ഒഴിവാക്കി വൈദ്യുതി നല്കാനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം കൊടുക്കണം.

നിലവിലുള്ള പഞ്ചായത്തു റോഡുകളിൽ പലതിലും സ്ട്രീറ്റ് ലൈറ്റുകളില്ല. പഞ്ചായത്തിന്റെ റിക്വസ്റ്റിന് മേൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ജല:സെക്ഷനുകൾക്ക് അധികാരം നല്കിയാൽ അനാവശ്യമായ കാലതാമസം ഒഴിവാക്കി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ കഴിയും.

ഈ പഞ്ചായത്തിലെ താഴത്തുവടകര - ചില്ലാക്കുന്നു - പാലയ്ക്കൽ വഴി കടന്നുപോകുന്ന 11.K.V. ലൈനിന്റെയും ചുവട്ടടിപ്പാറ, കോത്തലപ്പടി വഴി 8-ാം മൈലിനു പോകുന്ന 11KV ലൈനിന്റേയും പോസ്റ്റുകൾ പഴകി ദ്രവിച്ച് ഏതവസരത്തിലും ഒടിഞ്ഞു വീണ് അപകടം ഉണ്ടാകാവുന്ന സ്ഥിതിയിലാണ്. ടി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ വേണ്ടി വാർപ്പു പോസ്റ്റുകൾ ഇറക്കിയിട്ട് മാസങ്ങളായി. അപകടങ്ങൾ ഉണ്ടാകുന്നതിനു മുൻപ് ടി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന റോഡുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക, അനർട്ടിന്റെ ഒരു സെയിൽസ് യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക, പ്രധാന ജംഗ്ഷനുകളിൽ സൗരോജ്ജവിളക്കുകൾ സ്ഥാപിക്കുക, കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പുകൾ സബ്സിഡി നിരക്കിൽ നല്കുക, എന്നിവയും മുൻഗണന നല്കി ചെയ്തു തീർക്കേണ്ടതാണ്.

സമീപപ്രദേശങ്ങളിലെങ്ങും 'പാചക വാതക ഏജൻസി' ഇല്ലാത്തതിനാൽ ഈ പഞ്ചായത്തിൽ ഒരു പാചകവാതക ഏജൻസി അനുവദിക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

'പുകയില്ലാത്ത അടുപ്പുകൾ' സ്ഥാപിക്കുന്നതിന് വ്യാപകമായ ബോധവല്ക്കരണം നടത്തുകയും, സബ്സിഡി നിരക്കിൽ ആവശ്യാനുസരണം സ്ഥാപിച്ചു നല്കുകയും ചെയ്യുക.

ഗതാഗതം - ഊർജ്ജം - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	ഒരു ഇലക്ട്രിക്കൽ സർവ്വേ നടത്തി വാർഡടിസ്ഥാനത്തിൽ മാപ്പുകൾ തയ്യാറാക്കുക	ഗ്രാമസഭകൾ K.S.E.B.	-	6 മാസം	9 വാർഡുകളും	ഇലക്ട്രിസിറ്റി വിതരണത്തിലെ അപാകതകൾ പരിഹരിക്കുവാൻ സഹായകരം
2.	കടയനിക്കാട് ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണി ആരംഭിക്കുക	സംസ്ഥാന ഗവ: K.S.E.B.	20 ലക്ഷം	2 വർഷം	ഈ പഞ്ചായത്തിനും സമീപപഞ്ചായത്തുകൾക്കും	ഈ പഞ്ചായത്തിലും സമീപപഞ്ചായത്തുകളിലും ലൈൻ വോൾട്ടേജ് കുറയുന്നതിന് പരിഹരാം
3.	പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ ഏറത്തു-വടകര ആസ്ഥാനമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് സ്ഥാപിക്കുക.	സംസ്ഥാന ഗവ: K.S.E.B.	-	1 വർഷം	9 വാർഡുകളും	ഇപ്പോൾ 3 സെക്ഷനുകളുമായി ബന്ധപ്പെടാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാം
4.	സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ വച്ച് പണം ഈടാക്കാൻ നടപടി സ്വീകരിക്കുക	സംസ്ഥാന ഗവ: K.S.E.B.	-	1 വർഷം	എല്ലാപഞ്ചായത്തുകളും	ഇപ്പോൾ കത്താത്ത ബൾബുകൾക്കായി പ്രതിമാസം 7000 രൂപയോളം കറൻറു ചാർജ്ജായി അടയ്ക്കുന്നുണ്ട് ഒന്നുകിൽ കുറയും അല്ലെങ്കിൽ ബൾബുകൾ കത്തും.
5.	സ്ലാബ് സമ്പ്രദായം അവസാനിപ്പിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജു വാങ്ങുക.	സംസ്ഥാന ഗവ: K.S.E.B.	-	1 വർഷം	"	ഉപയോഗത്തിൽ മിതത്വം പാലിക്കും.
6.	വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള 'കൺസൻറ്' വ്യവസ്ഥ ഒഴിവാക്കി അപേക്ഷകന് കറൻറ് നൽകാൻ എതിലെയും ലൈൻ വലിക്കാൻ ബോർഡിനധികാരം നല്കു.	സംസ്ഥാന ഗവ	-	1 വർഷം	മുഴുവൻ പഞ്ചായത്തുകളും	കൺസൻറ് കൊടുക്കാതിരിക്കുന്നതിനാൽ കണക്ഷൻ ലഭിക്കാത്ത നിരവധി കുടുംബങ്ങൾക്ക് പ്രയോജനപ്രദം
7.	പറമ്പുകളിൽകൂടിയുള്ള ലൈനുകൾ റോഡുകളിൽകൂടിയാക്കുക	K.S.E.B. ഗ്രാമസഭകൾ	2 ലക്ഷം	1വർഷം	9 വാർഡുകളും മുഴുവൻ പഞ്ചായത്തുകളും	ലൈനുകളുടെ ദൈർഘ്യം ഗണ്യമായി കുറയും. ടച്ചിംഗ് കുറയുന്നതുകൊണ്ട് ലൈൻ വോൾട്ടേജ് ഗണ്യമായി വർദ്ധിക്കുക
8	മറ്റു വികസനപ്രവർത്തനങ്ങൾ ലൈൻ മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ K.S.E.Bയുടെ ചെലവിൽ ചെയ്യുക.	K.S.E.B	-	ഇല്ല	"	കാലതാമസം (വികസന പ്രവർത്തനങ്ങൾക്ക്) ഒഴിവാകും

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
9.	ഇലക്ട്രിക്കൽ ലൈനിലെ മുഴുവൻ s ച്ചിംഗും ആണ്ടിൽ രണ്ടു പ്രാവശ്യം വെട്ടിമാറ്റുക.	K.S.E.B ഗ്രാമസ ഭകൾ	-	ഇല്ല	"	കൂടെക്കൂടെയുള്ള കറണ്ടു പോക്ക് ഒഴി വാകും. ലൈൻവോൾട്ടേജ് ഗണ്യമായി വർദ്ധിക്കും.
10.	വൈദ്യുതി ലഭിക്കാനുള്ള മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക.	സംസ്ഥാന ഗവ. K.S.E.B ത്രിതല പഞ്ചായത്തുകൾ		2 വർഷം	9വാർഡുകളും	ഗാർഹികോപയോഗത്തിന് വൈദ്യുതി മു ഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കണം.
11.	വൈദ്യുതി എത്താത്ത പ്രദേശങ്ങ ളിൽ വൈദ്യുതി എത്തിക്കുക.	K.S.E.B ഗ്രാമപ ഞ്ചായത്ത്	4 ലക്ഷം	1 വർഷം	9 വാർഡുകളും	
12.	താഴത്തുവടകര- ചില്ലാക്കുന്ന് - പാല യ്ക്കൽ വഴി കടന്നുപോകുന്ന 11KV ലൈനിന്റെയും ചുവട്ടടിപ്പാറ - കോ ത്തലപ്പടി - 8-ാം മൈൽ 11KV ലൈ നിന്റെയും പോസ്റ്റുകൾ പഴകി ദ്രവിച്ചിരിക്കുന്നതു മാറ്റാൻ ഇറക്കിയ വാർപ്പു പോസ്റ്റുകൾ സ്ഥാപിക്കു വാൻ സത്വര നടപടി സ്വീകരിച്ച് അ പകടം ഒഴിവാക്കുക.	K.S.E.B	-	6 മാസം		
13.	പൊട്ടുകുളം, കാവുങ്കൽ, എന്നീ സ്ഥ ലങ്ങളിലും ഏഴാം മൈൽ ഞവർപ്പ എന്നിവിടങ്ങളിലും 9-ാം വാർഡിൽ (പാലക്കുഴി) അനുവദിച്ചതും ഉൾ പ്പെടെ 5 ട്രാൻസ്ഫോർമറുകൾ സ്ഥാ പിക്കുക	K.S.E.B	-	1 വർഷം	2,3 വാർഡുകൾ	അപകടം ഒഴിവാക്കാൻ സത്വര നടപ ടികൾ സ്വീകരിക്കുക വോൾട്ടേജ് തീരെ കുറവുള്ള ഈ പ്രദേ ശങ്ങൾക്ക് സഹായകരം
14.	ചില്ലാക്കുന്ന്, താഴത്തുവടകര ട്രാൻസ് ഫോർമറുകൾ കേടുപാടുകൾ തീർത്ത് നന്നാക്കുക.	K.S.E.B	-	1 വർഷം	8,9 വാർഡുകൾ	കൂടെകൂടെ കറൻറുതടസ്സം ഉണ്ടാകുന്നത് പരിഹരിച്ചു കിട്ടും.
15.	നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ മുഴു വൻ മാറ്റി കോംപാക്ട് ഫ്ലൂറസൻറ് ലാമ്പുകളും, പ്രധാന ജംഗ്ഷനുകളി ൽ ഡബിൾ ട്യൂബുകളും, പുതുതായി ഒരു വാർഡിൽ 50 പുതിയ Compact	ഗ്രാമപഞ്ചായത്ത് K.S.E.B	8 ലക്ഷം രൂപാ	1 വർഷം	2, 3, 4, 5, 7, 8 വാർഡുകൾ	വൈദ്യുതി ലാഭിക്കാൻ കഴിയുന്ന തോ ടൊപ്പം എല്ലാ പ്രദേശങ്ങളിലും വെളിച്ചമെ ത്തിയ്ക്കാൻ കഴിയും.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
16.	flouracent lamp കളും സ്ഥാപിക്കുക. അനർട്ടിന്റെ ഒരു സെയിൽസ് യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക	ANERT കേന്ദ്രഗവ:	-	1 വർഷം	ഈ പഞ്ചായത്തിനും സമീപപഞ്ചായത്തിനും	അനർട്ടിന്റെ ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാകും.
17.	പ്രധാന ജംഗ്ഷനുകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക	ANERT ഗ്രാപഞ്ചായത്ത്	1 ലക്ഷം	1 വർഷം	9 വാർഡുകളും	
18.	C.F.L. സ്ഥാപിക്കുന്നതിന് വേണ്ട ബോധവല്കരണം നല്കുകയും കുറെ ബൾബുകൾ സബ്സിഡി നിരക്കിൽ നല്കുകയും ചെയ്യുക.	ഗ്രാമപഞ്ചായത്ത് K.S.E.B ഗ്രാമസഭകൾ	1 ലക്ഷം	1 വർഷം	9 വാർഡുകൾ	വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുവാൻ കഴിയും
19.	ഒരു പാചകവാതക ഏജൻസി അനുവദിക്കുക	കേന്ദ്ര ഗവ:	-	1 വർഷം	9 വാർഡുകൾ	സമീപപ്രദേശങ്ങളിലെങ്ങും ഏജൻസിയില്ലാത്തതുകൊണ്ട് ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ഒഴിവാക്കാം.
20.	പുകയില്ലാത്ത അടുപ്പുകളുപയോഗിക്കുന്നതിന് വ്യാപകമായ ബോധവല്ക്കരണം നടത്തുക. അടുപ്പു സ്ഥാപിക്കുന്നതിനു സബ്സിഡി നല്കുകയും ചെയ്യുക.	ANERT ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.25 ലക്ഷം	1 വർഷം	9 വാർഡുകൾ	ഇന്ധന ക്ഷാമത്തിന് ഒരളവു വരെ പരിഹാരം

അനുബന്ധം V a+b ആകെ അടങ്കൽ 578.78 ലക്ഷം



വിദ്യാഭ്യാസം 6

ഈ പഞ്ചായത്തിൽ ആകെ 13 സ്കൂളുകൾ നിലവിലുണ്ട്. L.P - 5, U.P. - 5, ഹൈസ്കൂൾ - 2, ഹയർ സെക്കൻഡറി -1 എന്നിവയിൽ, 3. എൽ.പി. 1.യു.പി., 1- ഹൈസ്കൂൾ, ഏക ഹയർ സെക്കൻഡറി സ്കൂൾ എന്നിവ സർക്കാർ സ്കൂളുകളും ബാക്കി സ്വകാര്യമാനേജ്മെൻറ് സ്കൂളുകളുമാണ്.

പഞ്ചായത്തിൻെറ സമഗ്ര വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി രൂപം കൊടുത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.

1, 2, 4, 5, 6, 7, 8 വാർഡുകളിൽ പുതിയ ബാലവാടി/ അംഗൻവാടികൾ ആരംഭിക്കുക

താഴത്തുവടകര വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ ഹൈസ്കൂളിൻെറ കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ആകയാൽ ഹയർസെക്കൻറി സ്കൂളിന് ആവശ്യമായ കെട്ടിടം ഉണ്ടാകണം.

താഴത്തുവടകര ഹയർ സെക്കൻഡറി സ്കൂളിൽ 'സയൻസ് ഗ്രൂപ്പ്' ഏർപ്പെടുത്തേണ്ടത് (സമീപപഞ്ചായത്തുകളിൽ പോലും ഇല്ലാത്തിനാൽ) അത്യന്താപേക്ഷിതമാണ്

ഹയർ സെക്കൻഡറി സ്കൂളിൻെറ ചുറ്റുമതിൽ പൂർത്തിയാകാതെ കിടക്കുന്നതു പൂർത്തിയാക്കുക, മൂത്രപ്പുര, കക്കൂസ് നിർമ്മാണം ഇവയും അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണ്.

ഈ പഞ്ചായത്തിൻെറ പ്രധാന ടൗണ്ഷായ മണിമലയിൽ പ്രവർത്തിക്കുന്ന സ്വകാര്യമാനേജ്മെൻറ് സ്കൂളിലും (സെൻറ് ജോർജ്ജസ് ഹൈസ്കൂൾ മണിമല) പ്ലസ്ടു കോഴ്സ് ഏർപ്പെടുത്തണം


വെള്ളാവൂർ ഗവ: L.P.Sൻെറ നിലവിലുള്ള കെട്ടിടം മുറികളായി തിരിക്കുകയും നിലവിലുള്ള ഓല ഷെഡിനു പകരം പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

പഞ്ചായത്തു തലത്തിൽ ഒരു 'വിദ്യാഭ്യാസനിധി' സ്വരൂപിച്ച്, സാമ്പത്തിക ബുദ്ധിമുട്ടുമൂലം പഠനം നടത്താൻ കഷ്ടപ്പെടുന്നവരും, മറ്റാനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ സമർത്ഥരായ ഏതാനും വിദ്യാർത്ഥികളുടെ മുഴുവൻ വിദ്യാഭ്യാസ ചെലവും പ്രസ്തുത നിധിയിൽ നിന്നും നല്കുക.

പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലേയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക. സ്ക്കൂൾ P.T.A കൾ ശക്തമാക്കി പ്രവർത്തിപ്പിക്കുക. സ്ക്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത ഇടങ്ങളിൽ അവ ഏർപ്പെടുത്തുക. ഉച്ചഭക്ഷണം കൃത്യമായി നല്കുക. കുട്ടികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. പഠനോപകരണങ്ങളും മറ്റും സ്ക്കൂളുകളിൽ ലഭ്യമാക്കുക. കളിസ്ഥലങ്ങൾ നിർമ്മിക്കുക. 14 വയസ്സിനു താഴെ പഠനം നിർത്തുന്ന കുട്ടികളെ വീണ്ടും സ്ക്കൂളുകളിലെത്തിക്കുന്നതിനായി ടി കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുക. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്കായി സൗജന്യ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക. എന്നീ കാര്യങ്ങൾ അർഹിക്കുന്ന പ്രാധാന്യം കൊടുത്തുതന്നെ നടപ്പിലാക്കണം.

നിലവിലുള്ള ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ കളിക്കോപ്പുകളും, ഫർണിച്ചറുകളും വാങ്ങുക; ഫീഡിംഗ് കൃത്യമായും കാര്യക്ഷമമായും നടത്തുക. ജീവനക്കാർക്ക് മാന്യമായ വേതനം നല്കുക എന്നിവയും നടപ്പിലാകേണ്ടതായുണ്ട്.

നവോദയാ, എൻട്രൻസ്, മറ്റുമത്സരപ്പരീക്ഷകൾ ഇവയിൽ പങ്കെടുക്കുന്നതിന് സമർത്ഥരായ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നല്കുക.



വിദ്യാഭ്യാസം ഗ്രാമസഭാ നിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	1,2,3,4,6,7,8 എന്നീ വാർഡുകളിൽ ബാലവാടി അംഗൻവാടികൾ ആരംഭിക്കുക	ഗവൺമെൻറ് ത്രിതല പഞ്ചായത്തുകൾ; ഗ്രാമസഭകൾ	3ലക്ഷം	1 വർഷം	1,2,4,6,7,8	ഈ വാർഡുകളിൽ ബാലവാടി/അംഗൻവാടികൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.
2.	താഴത്തുവടകര H.S.S. നു സ്വന്തമായി കെട്ടിടം നിർമ്മിക്കുക.	ജില്ലാ പഞ്ചായത്ത് ഗ്രാമസഭ	35 ലക്ഷം	4 വർഷം	9 വാർഡുകൾക്കും	പഞ്ചായത്തിലുള്ള ഏക ഹയർസെക്കൻഡറി സ്ക്കൂൾ ഇപ്പോൾ ഹൈസ്ക്കൂളിനു വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പുതിയ കെട്ടിടം ഉണ്ടാക്കുന്നത് ഹൈസ്ക്കൂളിനും, H.S.Sനും സൗകര്യപ്രദമാണ്.
3.	താഴത്തുവടകര H.S.Sൽ സയൻസ് ഗ്രൂപ്പ് ഏർപ്പെടുത്തുക.	ഗവൺമെൻറ്; ജില്ലാ പഞ്ചായത്ത്.	3 ലക്ഷം	2 വർഷം	9 വാർഡുകൾ	സയൻസ് ഗ്രൂപ്പ് എടുത്തു പഠിക്കാൻ താല്പര്യമുള്ള കുട്ടികൾക്കു പ്രയോജനപ്രദം
4.	താഴത്തുവടകര H.S.Sന്റെ ചുറ്റുമതിൽ പൂർത്തിയാക്കുകയും മൂത്രപ്പുര; കക്കൂസ് എന്നിവ നിർമ്മിക്കുകയും ചെയ്യുക.	ജില്ലാ പഞ്ചായത്ത് ഗ്രാമസഭ.	1.5 ലക്ഷം	2വർഷം		സ്ക്കൂൾ കോമ്പൗണ്ട് സുരക്ഷിതമാക്കുവാനും, കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നു.
5.	മണിമല സെൻറ് ജോർജ്ജസ് ഹൈസ്ക്കൂളിലും "പ്ലസ്ടു" ഏർപ്പെടുത്തുക.	ഗവൺമെൻറ് ജില്ലാ പഞ്ചായത്ത് മാനേജ്മെൻറ്	10 ലക്ഷം	3 വർഷം	സമീപ പഞ്ചായത്തുകൾക്കും 7വാർഡിനും.	ഈ പഞ്ചായത്തിന്റെ 7വരെ വാർഡുകൾക്കും, മണിമല, കോട്ടാങ്ങാൽ, കങ്ങഴ, ചിറക്കടവ്, വാഴൂർ പഞ്ചായത്തുകൾക്കു ഭാഗികമായും പ്രയോജനപ്പെടും.
6.	വെള്ളാവൂർ ഗവഃ എൽ.പി. സ്ക്കൂളിന്റെ കെട്ടിടം മുറികളായി തിരിക്കുകയും; നിലവിലുള്ള ഓലഷെഡ്ഡു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.	സംസ്ഥാന ഗവഃ ഗ്രാമപഞ്ചായത്ത് ഗ്രാമസഭ	3 ലക്ഷം	1 വർഷം	5,6, വാർഡുകൾ ഭാഗികമായും 7-ാം വാർഡു പൂർണ്ണമായും	നിലവിലുള്ള ഹാൾ, മുറികളായി തിരിക്കേണ്ടതും; ഓലഷെഡ്ഡുമാറ്റി പുതിയ കെട്ടിടം ഉണ്ടാക്കേണ്ടതും അത്യന്താപേക്ഷിതമാണ്.
7.	പഞ്ചായത്തുതലത്തിൽ ഒരു" വിദ്യാഭ്യാസ നിധി" സ്വരൂപിച്ച്, സാമ്പത്തിക ബുദ്ധിമുട്ടുമൂലം പഠനം നടത്താൻ കഷ്ടപ്പെടുന്ന സമർത്ഥരായ ഏതാനും വിദ്യാർത്ഥികളുടെ മുഴുവൻ	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	5 ലക്ഷം	1 വർഷം	9വാർഡുകളും.	മറ്റാനുകൂല്യങ്ങൾ ലഭിക്കാത്ത സമർത്ഥരായ കുട്ടികൾക്കു പ്രയോജനപ്പെടും.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	വിദ്യാഭ്യാസ ചെലവും പ്രസ്തുത നിധിയിൽ നിന്നും നല്കുക.					
8.	പഞ്ചായത്തതിർത്തിയിലെ മുഴുവൻ സ്ക്കൂളുകളിലെയും പഠന നിലവാരം ഉയർത്തുന്നതിലേക്കായി:-					
i.	സ്ക്കൂൾ P.T.A കൾ ശക്തമാക്കുക					
ii.	സ്ക്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.					
iii.	ഉച്ചഭക്ഷണം കൃത്യമായി നല്കുക					
iv.	കുട്ടികൾക്കായി കലാ-കായിക മത്സരങ്ങൾ നടത്തുക.					
v.	പഠനോപകരണങ്ങളും മറ്റും സ്ക്കൂളുകളിൽ ലഭ്യമാക്കുക.	സംസ്ഥാന ഗവഃ ത്രിതല പഞ്ചായത്തുകൾ മാനേജുമെൻറുകൾ ഗ്രാമസഭകൾ.				പഞ്ചായത്തതിർത്തിക്കകത്തുള്ള മുഴുവൻ സ്ക്കൂളുകളിലേയും പഠനനിലവാരം ഉയർത്താൻ കഴിയും.
vi.	Play ground ഇല്ലാത്ത സ്ക്കൂളുകളിൽ Play ground കൾ നിർമ്മിക്കുക.					
vii.	14 വയസ്സിനു താഴെ പഠനം നിർത്തുന്ന കുട്ടികളെ, വീണ്ടും പഠനം തുടർന്നു നടത്തുന്നതിനായി ടി കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുക.					
viii.	പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് ട്യൂഷൻ സൗകര്യം(സൗജന്യമായി) ഏർപ്പെടുത്തുക.		30 ലക്ഷം	5 വർഷം	9 വാർഡുകളും	മെച്ചമായി പ്രവർത്തിക്കുന്ന ബാലവാടികളുണ്ടാകും.
9.	ഏറത്തുവടകര, കടയനിക്കാട് ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്ക് അടിയന്തിരമായി ചെയ്തു തീർക്കേണ്ട വികസനപ്രവർത്തനങ്ങൾ:-	ഗവൺമെൻറ് ത്രിതല പഞ്ചായത്തുകൾ ഗ്രാമസഭകൾ	2ലക്ഷം	1വർഷം	3,4;5,6 വാർഡുകൾ	
i.	ആവശ്യമായ കളിക്കോപ്പുകൾ വാങ്ങുക.					
ii.	ആവശ്യമായ ഫർണിച്ചറുകൾ വാ					

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	ങ്ങുക.					
iii.	ഫീഡിംഗ്സ് കാര്യക്ഷമമായും കൃത്യമായും നടത്തുക.					
iv.	ജീവനക്കാർക്കു മാന്യമായ വേതനം നല്കുക.	ത്രിതല പഞ്ചായത്തുകൾ				
10.	സമർത്ഥരായ വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നല്കുക.	ഗ്രാമസഭകൾ	0.5 ലക്ഷം	1 വർഷം		നവോദയ; എൻട്രൻസ്; മറ്റു മത്സരപ്പരീക്ഷകൾ ഇവയിൽ പങ്കെടുക്കുന്ന സമർത്ഥരായ കുട്ടികൾക്കു പ്രയോജനപ്രദം.
		അനുബന്ധം VI അടങ്കൽ 93 ലക്ഷം				

വെള്ളാവൂർ പഞ്ചായത്തിലെ വിദ്യാലയങ്ങൾ

വിദ്യാർത്ഥികളുടെ വിവരം

സ്കൂളിന്റെ പേര്	സ്റ്റാൻഡാർഡ്																							
	I		II		III		IV		V		VI		VII		VIII		IX		X		Total			
	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	B	G	Total	
1. ഗവ: ഹയർ സെക്കൻറി സ്കൂൾ താഴത്തുവടകര							26	32	30	32	31	37	46	39	32	41	38	32	203	213		416		
2 സെൻറ് ജോർജ്ജസ് ഹൈസ്കൂൾ, മണിമല								16	12	43	47	35	50	128	119	109	112	90	103	421	443	864		
3. എസ്.കെ.വി. എൻ.എസ്.എസ്.യു.പി. സ്കൂൾ, മണിമല								34	20	31	23	39	26	-	-	-	-	-	-	94	69	163		
4. എസ്.എൻ.യു.പി.സ്കൂൾ വെള്ളാവൂർ								25	18	21	27	29	28	-	-	-	-	-	-	75	73	148		
5. യു.പി. സ്കൂൾ, ഏറത്തുവടകര	9	7	7	7	10	8	6	9	7	7	9	3	7	5	8					48	54	102		
6. ഗവ: എൽ.പി. സ്കൂൾ, വെള്ളാവൂർ	12	15	18	28	26	26	20	20												76	89	165		
7. ഗവ: എൽ.പി. സ്കൂൾ, താഴത്തുവടകര	21	14	18	19	29	25	31	26												99	84	183		
8. എസ്.എച്ച്.എൽ.പി. സ്കൂൾ കടയനിക്കാട്	9	12	12	11	5	13	7	13												33	49	82		
9. ഗവ: ഏൽ.പി.സ്കൂൾ, മണിമല	29	27	36	25	35	23	31	30												131	105	236		

പട്ടിക - ജാതി വിദ്യാർത്ഥികൾ

1. ഗവ. എച്ച്.എസ്.എസ്. താഴത്തുവടകര									9	7	4	11	9	11	12	17	11	12	9	9	54	67	121	
2 സെൻറ് ജോർജ്ജ് എച്ച്.എസ്. മണിമല									1	1	4	1	3	15	28	28	15	37	13	16	71	85	156	
3 എസ്.കെ.വി. എൻ.എസ്.എസ്. യു.പി.എസ്. മണിമല									4	1	3	4	8	8							15	13	28	
4. എസ്.എൻ.യു.പി.എസ്. വെള്ളാവൂർ									9	11	6	9	12	15							27	35	62	
5. യു.പി. എസ്. ഏറത്തുവടകര	-	-	1	4	2	2	1	1	2	4	1	4	1	2							10	17	27	
6. ഗവ: എൽ.പി.സ്. വെള്ളാവൂർ	1	4	8	11	5	6	6	7													20	28	48	
7. ഗവ: എൽ.പി.എസ്. താഴത്തുവടകര	3	1	5	5	7	6	7	4													22	16	38	
8. എസ്.എച്ച്.എൽ.പി.എസ്. കടയനിക്കാട്	4	3	4	2	5	3	2	1													15	9	24	



ആരോഗ്യം -- പരിസരശുചിത്വം

7

ഈ പഞ്ചായത്തിൽ സർക്കാരിന്റെവക യായി വെള്ളാവൂരിൽ പ്രവർത്തിക്കുന്ന ഒരു പ്രൈമറി ഹെൽത്തുസെൻറും. കടയനിക്കാട്ടു പ്രവർത്തിക്കുന്ന ഒരു ആയുർവേദ ഡിസ്പെൻസറിയുമാണ് ആകെയുള്ളത്. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭ്യമാകണമെങ്കിൽ വികസനപ്രവർത്തനങ്ങൾ പലതും നടക്കേണ്ടിയിരിക്കുന്നു.

അതുപോലെ തന്നെ പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ "ഏറത്തുവടകര" യിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യത്തിന് വർഷങ്ങളോളം പഴക്കമുള്ളതാണ്.

ഇവയെല്ലാമുൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കേണ്ട ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

★ ഏറത്തുവടകരയിൽ ഒരു ഹോമിയോ ആശുപത്രി അനുവദിക്കുക.

★ പന്നിക്കുഴി P.H.C യിൽ 100കിടക്കകളോടുകൂടിയ ഒരു വാർഡ് നിർമ്മിക്കുക സ്റ്റാഫ് ക്വാർട്ടേഴ്സ്; ലബോറട്ടറി; X-Ray മുതലായാവ ഏർപ്പെടുത്തുക. ആശുപത്രിയിൽ ശുദ്ധജലവിതരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുക. സ്ഥിരമായി ഡോക്ടറും 24മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഏർപ്പെടുത്തുക. അത്യാവശ്യം വേണ്ട മരുന്നുകൾ ആവശ്യാനുസരണം സ്റ്റോക്കു ചെയ്യുക.

★ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ സേവനം മാസത്തിലൊരു ദിവസം ബാലവാടികളിലും എല്ലാ വാർഡുകളിലുമുള്ള നിശ്ചിത കേന്ദ്രങ്ങളിലും ലഭ്യമാക്കുക.

★ വാർഡടിസ്ഥാനത്തിൽ "രക്തഗ്രൂപ്പു നിർണ്ണയം" നടത്തി (രക്തദാനത്തിനു സന്നദ്ധതയുള്ളവരുടെ)രജിസ്റ്റർ സൂക്ഷിക്കുക.

★ പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റു ചെയ്യുക. ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

★ കൊതുകു നിവാരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുക.

★ എല്ലാ കുടുംബങ്ങൾക്കും "ഹെൽത്തു കാർഡ്" ഏർപ്പെടുത്തുക.

★ 7-ാം വാർഡിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

★ ആയുർവേദ ആശുപത്രിയ്ക്ക് കടയനിക്കാടു പ്രദേശത്ത് സ്വന്തമായി സ്ഥലംവാങ്ങി കെട്ടിടം നിർമ്മിക്കുക.


★ കടയനിക്കാട് 8-ാം മൈൽ; ഏറത്തു വടകര; മുണ്ടാനി; ചുവട്ടടിപ്പാറ; കാടൻകുളം എന്നിവിടങ്ങളിൽ ഓരോ P.H സബ്സെൻററുകൾ ആരംഭിക്കുക.

★ പെരുങ്കാവ് F.Wസെൻറർ പുതുക്കി പണിയുക.

ആരോഗ്യം - ഗ്രാമസഭാനിർദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ "ഏറത്തുവടകര" ആസ്ഥാനമായി ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.	സംസ്ഥാന ഗവ: ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, ഗ്രാമസഭ	2 ലക്ഷം	1 വർഷം	9 വാർഡുകളും	പുതിയ ആശുപത്രിക്ക് സർക്കാർ അനുവാദം ലഭിക്കണം.
2.	പന്നിക്കുഴി P.H.Cയിൽ 100 കിടക്കകളോടുകൂടിയ ഒരു വാർഡു നിർമ്മിക്കുക.	ആരോഗ്യവകുപ്പ്, ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ.	30 ലക്ഷം	3 വർഷം	9 വാർഡുകളും	പഞ്ചായത്തിലെ സാധാരണക്കാരായ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമാകും.
3.	ടി P.H.Cയിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്; ലാബോറട്ടറി; X-ray ഇവ ഏർപ്പെടുത്തുക.	ആരോഗ്യവകുപ്പ് ത്രിതലപഞ്ചായത്തുകൾ	25 ലക്ഷം	3 വർഷം	9 വാർഡുകളും	മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാകും.
4.	ടി ആശുപത്രിയിൽ വാട്ടർ സപ്ലൈ നടപ്പാക്കുക	ആരോഗ്യവകുപ്പ് ത്രിതലപഞ്ചായത്തുകൾ	1 ലക്ഷം	1 വർഷം	9 വാർഡുകളും	ആശുപത്രികളുടെ പ്രവർത്തനത്തിന് ഇപ്പോൾ വെള്ളം ലഭിക്കാനുള്ള ബുദ്ധിമുട്ട് ഒഴിവാകും.
5.	ടി P.H.Cയിൽ സ്ഥിരമായി ഡോക്ടറും 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ഉണ്ടാകണം.	ആരോഗ്യവകുപ്പ് ത്രിതല പഞ്ചായത്തുകൾ	1 ലക്ഷം	1 വർഷം	9 വാർഡുകളും	ഇപ്പോൾ മണിക്കൂറു കണക്കിന് ലഭിക്കുന്ന സേവനം ദിവസം മുഴുവനും ലഭ്യമാകും.
6.	P.H.Cയിൽ അത്യാവശ്യം വേണ്ട മരുന്നുകൾ ആവശ്യാനുസരണം സ്റ്റോക്കുണ്ടായിരിക്കണം.	ആരോഗ്യവകുപ്പ് ത്രിതല പഞ്ചായത്തുകൾ	0. 0.2 ലക്ഷം	1 വർഷം	9 വാർഡുകളും	രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും.
7.	പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ സേവനം മാസത്തിലൊ രു ദിവസം ബാലവാടിയിലും എല്ലാ വാർഡുകളിലുമുള്ള നിശ്ചിത കേന്ദ്രങ്ങളിലും ലഭ്യമാക്കുക.	ആരോഗ്യവകുപ്പ്	0.02 ലക്ഷം	1വർഷം	9 വാർഡുകൾ	കൊച്ചുകുട്ടികളെ മാസം തോറും ചെക്കപ്പു നടത്തി ചികിത്സ നിശ്ചയിക്കുവാൻ സാധിക്കും.
8.	വാർഡടിസ്ഥാനത്തിൽ ബ്ലഡ് ഗ്രൂപ്പ് നിർണ്ണയം നടത്തി (രക്തദാനത്തിനു സന്നദ്ധതയുള്ളവരുടെ) രജിസ്റ്റർ സൂക്ഷിക്കുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.02 ലക്ഷം	1 വർഷം	9 വാർഡുകൾ	അത്യാവശ്യസന്ദർഭങ്ങളിൽ കാലതാമസം ഒഴിവാക്കി രക്തം ലഭിക്കുവാൻ അവസരമുണ്ടാകുന്നു.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
9.	പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ.	0.02ലക്ഷം	1 വർഷം	9 വാർഡുകൾ	പകർച്ചവ്യാധികളിൽ നിന്നും ഒരു പരിധിവരെ മോചനം ലഭിയ്ക്കും.
10.	ഓരോ വാർഡിലും പരിസരമലിനീകരണത്തിനെതിരെയും മറ്റും ചർച്ചാ ക്ലാസ്സുകളും മറ്റു ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.02 ലക്ഷം	1വർഷം	9 വാർഡുകൾ	ബോധവത്കരണ പരിപാടികൾ ആരോഗ്യരംഗത്ത് അത്യന്താപേക്ഷിതമാണ്
11.	കൊതുകു നശീകരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ.	0.04 ലക്ഷം	2വർഷം	9 വാർഡുകളും	
12.	എല്ലാ കുടുംബങ്ങൾക്കും "ഹെൽത്ത് കാർഡ്" ഏർപ്പെടുത്തുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.5 ലക്ഷം	5വർഷം	9 വാർഡുകളും	
13.	7-ാം വാർഡിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.	ഗ്രാമപഞ്ചായത്ത് ഗ്രാമസഭ.	3 ലക്ഷം	3 വർഷം	1മുതൽ 7 വരെ വാർഡു കൾ	നിലവിലുള്ള ശ്മശാനം (ചാത്തമലയിൽ) പടിഞ്ഞാറേ അറ്റത്താകയാൽ പുതിയ ശ്മശാനം വെള്ളാവുരിലുണ്ടാകേണ്ടതാവശ്യമാണ്.
14.	ആയുർവ്വേദ ആശുപത്രിക്ക്, സ്വന്തമായി സ്ഥലം, കടയനിക്കാടു പ്രദേശത്തുവാങ്ങി കെട്ടിടം നിർമ്മി ക്കുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭ.	4 ലക്ഷം	3 വർഷം	9 വാർഡുകളും	കരയോഗ മന്ദിരത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് കെട്ടിടമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.
15.	കടയനിക്കാട് 8-ാം മൈൽ; ഏറത്തു വടകര; മൂങ്ങാനി; ചുവട്ടടിപ്പാറ കാടൻകുളം എന്നിവിടങ്ങളിൽ പുതിയ P.Hസബ്സെൻറുകൾ തുടങ്ങുക.	ആരോഗ്യവകുപ്പ് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	2 ലക്ഷം	2 വർഷം	3,5,4,1 വാർഡുകൾ	
16.	പെരുങ്കാവ് F.Wസെൻറർ പുതുക്കിപ്പണിയുക.	ആരോഗ്യവകുപ്പ് ത്രിതലപഞ്ചായത്തുകൾ. ഗ്രാമസഭ.	2 ലക്ഷം	2 വർഷം	6-ാം വാർഡ്	
					അനുബന്ധം VII	**അടങ്കൽ 71.6 ലക്ഷം**







വ്യവസായം

8

വ്യവസായ രംഗത്ത് പൊതുവേ പിന്നോക്കമായ കോട്ടയം ജില്ലയിലെ, ഏറ്റവും പിന്നിൽ നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് വെള്ളാവൂർ. വൻകിട വ്യവസായ സ്ഥാപനങ്ങളോ; ഇടത്തരം വ്യവസായ സ്ഥാപനങ്ങളോ; നല്ല നിലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ലെന്നു തന്നെ പറയാം.

പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പ്രയോജനപ്പെടുന്ന ഏതാനും നിർദ്ദേശങ്ങൾ മാത്രമാണ് ഈ വിഷയത്തിലുള്ളത്. അവ ചുവടെ ചേർക്കുന്നു.

റബ്ബറധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ എല്ലാ വാർഡിലും വീടുകളോടനുബന്ധിച്ച് ആരംഭിക്കുക.

ഖാദിബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ എല്ലാ വാർഡിലും ആരംഭിക്കുക.

"നിർമ്മിതി ഉപകേന്ദ്ര" ത്തിനായി ഏറത്തുവടകര കാട്ടുപാലത്ത് പഞ്ചായത്തു വാങ്ങിയ സ്ഥലത്ത് ആവശ്യമായ കെട്ടിടം നിർമ്മിച്ച്"നിർമ്മിതി ഉപകേന്ദ്രം" സ്ഥാപിക്കുക.

പഞ്ചായത്തിന്റെ ചുമതലയിൽ ഒരു "കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ആരംഭിക്കുക.

വനിതാ സഹകരണ സംഘങ്ങളുടെ ചുമതലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാമ്പത്തിക സഹായം യഥാസമയം ലഭ്യമാക്കുക.

വൈദ്യുതി ആവശ്യാനുസരണം കൃത്യമായി ലഭ്യമാക്കുക.


കുളത്തൂർമൂഴി ലോഡ് കൃഷ്ണാബാങ്കിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വ്യവസായ വകുപ്പിന്റെ സഹായത്തോടെ ഈ പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

വ്യവസായം - ഗ്രാമസഭാ നിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ എല്ലാ വാർഡിലുംആരംഭിക്കുക.	ജില്ലാ വ്യവസായ കേന്ദ്രം, ധനകാര്യ സ്ഥാപനങ്ങൾ, ഗ്രാമസഭകൾ.	3ലക്ഷം	3 വർഷം	9 വാർഡും	ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിലൂടെ 90പേർക്കു തൊഴിൽ സാധ്യത
2.	ഖാദിബോർഡിന്റെ ധനസഹായത്തോടെ സോപ്പ്; ഫുഡ് പ്രൊസസ്സിം ഗ് യൂണിറ്റ്; തീപ്പെട്ടിക്കൊള്ളി നിർമ്മാണം; ഫർണിച്ചർ മാർട്ട് മുതലായവ തുടങ്ങുക.	ഖാദിബോർഡ്, ഗ്രാമസഭകൾ.	45 ലക്ഷം	2 വർഷം	9വാർഡും	കൂടുതൽ തൊഴിലവസരങ്ങളുണ്ടാകും. ചെലവു കുറഞ്ഞ വീടു നിർമ്മാണ സാമഗ്രികൾ ലഭ്യമാകും.
3.	നിർമ്മിതി ഉപകേന്ദ്രത്തിനായി ഏറത്തു വടകരയിൽ വാങ്ങിയ സ്ഥലത്ത് ആവശ്യമായ കെട്ടിടം പണിത് നിർമ്മിതി ഉപകേന്ദ്രം സ്ഥാപിക്കുക.	സംസ്ഥാന നിർമ്മിതികേന്ദ്രം ഗ്രാമ പഞ്ചായത്ത്	2 ലക്ഷം	1 വർഷം	9വാർഡുകളും	ന്യായവിലയ്ക്കു കാലിത്തീറ്റ, ലഭ്യമാകുന്നതോടൊപ്പം തൊഴിൽ സാദ്ധ്യതയും വർദ്ധിക്കുന്നു.
4.	പഞ്ചായത്തിന്റെ ചുമതലയിൽ ഒരു "കാലിത്തീറ്റ" നിർമ്മാണ ഫാക്ടറി ആരംഭിക്കുക	ക്ഷീരവികസന വകുപ്പ്; ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്	25 ലക്ഷം	2 വർഷം	9വാർഡുകളും.	വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ താത്പര്യമുള്ളവർക്ക് സഹായകരമായിരിക്കും.
5.	ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിന്റെ സഹകരണത്തോടെ അനുയോജ്യമായ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.	ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറ് ജില്ലാബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾ	50 ലക്ഷം	2 വർഷം	മുഴുവൻ പഞ്ചായത്തു പ്രദേശവും	വനിതാവ്യവസായ യൂണിററുകളിലൂടെ വനിതകൾക്കു തൊഴിൽ സാധ്യത.
6.	വനിതാ സഹകരണ സംഘങ്ങളുടെ ചുമതലയിൽ റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ്; മിൽക്ക് സിപ്പ് അപ്പ് യൂണിറ്റ്, വാഴനാരുപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുക എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.	ജില്ലാ വ്യവസായ കേന്ദ്രം; ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ സഭകൾ ധനകാര്യ സ്ഥാപനങ്ങൾ .	3 ലക്ഷം	1വർഷം	9വാർഡും	
7	വ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം യഥാസമയം ലഭ്യമാക്കുക.	സംസ്ഥാന കേന്ദ്ര ഗവൺമെൻറുകൾ.				

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
8.	വൈദ്യുതി ആവശ്യാനുസരണം കൃത്യമായി ലഭ്യമാക്കുക.	സംസ്ഥാന ഗവൺമെൻറ്				
9.	കുളത്തൂർമുഴി ലോഡ്കൃഷ്ണാ ബാങ്ക് ബ്രാഞ്ചിൽ നിന്നും (മതിയായ ഈടിന് മേൽ) ലോൺ ലഭ്യമാക്കുക.	ഗവൺമെൻറ്				ലോൺ ആപ്ലിക്കേഷനൊന്നും പാസ്സാക്കിക്കൊടുക്കാറില്ല.
		ആകെ അടങ്കൽ 128 ലക്ഷം.				







സഹകരണ മേഖല

9

സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു പ്രധാന സ്ഥാപനങ്ങൾ കടയനിക്കാട്ടുള്ള S.C.B 4300; താഴത്തുവടകര V.C.S.C.B - 3435 എന്നിവയാണ്. ശക്തമായ പ്രവർത്തനത്തിന് ഈ രണ്ടു സ്ഥാപനങ്ങളും സംയോജിപ്പിക്കേണ്ടതാണ്. അത്യാവശ്യമാണ്. ഇവ തമ്മിൽ സംയോജിപ്പിച്ച് ഒരു ബാങ്കാക്കിക്കൊണ്ട് ഹെഡ്ഢാഫീസ് മണിമലയിൽ സ്ഥാപിക്കുകയും കടയനിക്കാട്; താഴത്തുവടകര; വെള്ളാവൂർ; ഏറത്തുവടകര എന്നീ സ്ഥലങ്ങളിൽ ഓരോ ബ്രാഞ്ചുകൾ തുറക്കുകയും ചെയ്താൽ പഞ്ചായത്തടിസ്ഥാനത്തിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഒരു സ്ഥാപനമായി മാറും.

കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ ഈപഞ്ചായത്തിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

കടയനിക്കാട്; ഏറത്തുവടകര; വടകര എന്നീ സ്ഥലങ്ങളിലുള്ള റബ്ബർ ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

കുളത്തൂർ- പ്രയാറ്റിൽ ഒരു റബ്ബർ ഉല്പാദക സംഘം രൂപീകരിക്കുന്നതിന് മുന്തിയ പരിഗണന നല്കേണ്ടതാണ്.

പഞ്ചായത്തതിർത്തിയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന മുഴുവൻ റബ്ബർ ഉല്പാദക സംഘങ്ങളുടെയും സംയുക്ത ചുമതലയിൽ ഒരു റബ്ബറധിഷ്ഠിത വ്യവസായം ഈ പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വട്ടക്കാവിൽ പ്രവർത്തിക്കുന്ന SC/ST സഹകരണ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതും കോത്തലപ്പടിയ്ക്കു സമീപം പ്രവർത്തനം നിലച്ച "അയ്യൻകാളി മെമ്മോറിയൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടതുമാണ്.

പഴം പച്ചക്കറി വിപണന സഹകരണ സംഘം കടയനിക്കാട് 8-ാം മൈലിൽ സ്ഥാപിക്കുക.

മുണ്ടാനിയിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണ സംഘം ആപ്കോസ് സംഘമാക്കി പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

S.C.B. 4300; V.C.S.C.B 3435 ഈ ബാങ്കുകളിൽ പിരിഞ്ഞുകിട്ടാനുള്ള ഭീമമായ കുടിശിഖകൾ മുഴുവനും പിരിച്ചെടുക്കുവാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടത് ആ സ്ഥാപനങ്ങളുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്.

കാർഷിക വിളകൾക്കു ന്യായമായ വില ലഭ്യമാക്കുന്നതിലേക്ക് അവ സംഭരിച്ചു വില്ക്കുന്നതിനുള്ള ഒരു കേന്ദ്രം സ്ഥാപിക്കേണ്ടതുമാണ്.

റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ ഓരോ കുടുംബത്തോടുമനുബന്ധിച്ച് ആരംഭിക്കേണ്ടതും അവിടെ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിലേയ്ക്ക് ഒരു വിപണന സഹകരണ സംഘം രൂപീകരിക്കേണ്ടതുമാണ്.

സഹകരണ മേഖല

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	S.C.B. 4300 കടയനിക്കാട്; വെള്ളാവൂർ സെൻട്രൽ സർവ്വീസ് സഹകരണ ബാങ്ക് No. 3435 ഇവ സംയോജിപ്പിച്ച്; ഒരു സഹകരണ ബാങ്കാക്കിക്കൊണ്ട് ഹെഡ്ഡാഫീസ് മണിമലയിലും, കടയനിക്കാട്; താഴത്തുവടകര; വെള്ളാവൂർ, ഏറത്തുവടകര എന്നീ സ്ഥലങ്ങളിൽ ഓരോ ബ്രാഞ്ചുകൾ സ്ഥാപിക്കുകയും ചെയ്യുക.	രണ്ടു സഹകരണ ബാങ്കുകളുടെയും അംഗങ്ങളുടെ ജനറൽ ബോഡി. സഹകരണ വകുപ്പ്.	0.25 ലക്ഷം	2 വർഷം	9വാർഡുകളും	കാര്യക്ഷമമായി പ്രവർത്തിക്കുന്ന; പഞ്ചായത്തു പ്രദേശത്തു മുഴുവൻ പ്രയോജനം ലഭിക്കുന്ന; ഒരു സഹകരണ ബാങ്ക് നിലവിൽ വരും.
2.	കോട്ടയം ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖ ഈ പഞ്ചായത്തിലും സ്ഥാപിക്കുക.	ജില്ലാ സഹകരണ ബാങ്ക് കോട്ടയം.	0.5 ലക്ഷം	2 വർഷം	9വാർഡുകളും	പഞ്ചായത്തിൽ ബാങ്കിംഗ് സൗകര്യം വർദ്ധിക്കും.
3.	നിലവിലുള്ള കടയനിക്കാട്; ഏറത്തുവടകര, വടകരR.P.Sകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.	R.P.Sകൾ ഗ്രാമസഭകൾ	3 ലക്ഷം	1 വർഷം	1,3,5,4വാർഡുകൾ	ശക്തമായി പ്രവർത്തിക്കുന്ന 3 R.P.Sകൾ ഉണ്ടാകും.
4.	പഴം, പച്ചക്കറി വിപണന സഹകരണ സംഘം കടയനിക്കാട് 8-ാം മൈലിൽ സ്ഥാപിക്കുക.	ഗ്രാമസഭകൾ	2 ലക്ഷം	1 വർഷം	പഞ്ചായത്തു പ്രദേശം മുഴുവൻ	പച്ചക്കറി വിളകൾ വിറ്റഴിക്കുന്നതിന് സൗകര്യമുണ്ടാകും.
5.	കുളത്തൂർ പ്രയാറിൽ ഒരു R.P.S. രൂപീകരിക്കുക.	റബ്ബർ ബോർഡ് 9-ാം വാർഡു ഗ്രാമസഭ	0.25ലക്ഷം	1 വർഷം	9-ാം വാർഡ്	
6.	പഞ്ചായത്തിലെ മുഴുവൻ R.P.S കളുടേയും സംയുക്ത ഉത്തരവാദിത്വത്തിൽ (റബ്ബർ സംഭരിച്ച്) ഒരു "റബ്ബറധിഷ്ഠിത വ്യവസായം" ഈ പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കുക.	R.P.Sകൾ, റബ്ബർ ബോർഡ്, ജില്ലാ വ്യവസായ വികസന ഓഫീസ്, ലീഡ് ബാങ്ക് ഗ്രാമസഭകൾ.	500.ലക്ഷം	3 വർഷം	9വാർഡുകളും	റബ്ബറിനു വിലയും റബ്ബറുൽപ്പന്നങ്ങൾക്ക് ന്യായമായ ലാഭവിഹിതവും കർഷകനു ലഭ്യമാകുന്നതിനോടൊപ്പം കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.
7.	വട്ടക്കാവിൽ പ്രവർത്തിക്കുന്ന SC/ST സഹകരണ സംഘത്തിൻെറ പ്രവർത്തനം ശക്തമാക്കുക.	ടി സംഘത്തിൻെറ ഡയറക്ടർ ബോർഡ്; ജനറൽ ബോ	10. ലക്ഷം	1 വർഷം	9വാർഡുകളും	SC/ST വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും പ്രയോജനപ്രദം.

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
		ഡി സഹകരണവകുപ്പ് ഗ്രാമസഭകൾ.				
8.	കോത്തലപ്പടിക്കു സമീപം പ്രവർത്തനം നിലച്ച" അയ്യൻകാളി മെമ്മോറിയൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുക.	ഗ്രാമസഭ, ഗ്രാമപഞ്ചായത്ത്. ഖാദിബോർഡ്	2 ലക്ഷം	1 വർഷം	4-ാം വാർഡ്	
9.	മൂങ്ങാനിയിൽ പ്രവർത്തിക്കുന്ന "ക്ഷീരവ്യവസായ സഹകരണ സംഘം" ആപ്കോസ് സംഘമാക്കി പ്രവർത്തനം ശക്തമാക്കുക.	ടി. സംഘം ഡയറക്ടർ ബോർഡ്; ജനറൽ ബോഡി	2 ലക്ഷം	1 വർഷം	1-2-3-4-5 വാർഡുകൾ	
10.	റബ്ബറധിഷ്ഠിത ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിപണന സംഘം രൂപീകരിക്കുക.	" ഗ്രാമസഭകൾ	4 ലക്ഷം	1 വർഷം	9വാർഡുകൾ	
11.	S.C.B. 4.300; V.C.S.C.B. 3435 ഇവയിൽ നിലവിലുള്ള കുടിശിഖകൾ പിരിച്ചെടുക്കുവാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുക.	ടി ബാങ്കുകളുടെ ഡയറക്ടർ ബോർഡ്; സഹകരണ വകുപ്പ്	0.25ലക്ഷം	1 വർഷം	9വാർഡുകളും	കുടിശിഖകൾ പൂർണ്ണമായി പിരിച്ചെടുത്താൽ മാത്രമേ രണ്ടു സംഘങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിക്കാനാകുകയുള്ളൂ.
12.	കാർഷിക വിളകൾ സമാഹരിച്ചു വില്ക്കുന്നതിനുള്ള ഒരു കേന്ദ്രം സ്ഥാപിക്കുക.	സംസ്ഥാന ഗവ: ഗ്രാമപഞ്ചായത്ത്; ഗ്രാമസഭകൾ	2ലക്ഷം	1വർഷം	9വാർഡുകൾ	കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വീല ലഭ്യമാകും.
	അനുബന്ധം IX ആകെ അടങ്കൽ 526.25 ലക്ഷം					







പട്ടികജാതി - പട്ടികവർഗ്ഗം



കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ (ശതമാനക്കണക്കിൽ) തിങ്ങിപ്പാർക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് വെള്ളാവൂർ. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന 14 കോളനികൾ ഈ പഞ്ചായത്തിലുണ്ട്. കോട്ടയം ജില്ലയിലെ ഏറ്റവും വിലയ കോളനികളിൽ രണ്ടാംസ്ഥാനമുള്ള പൂണിക്കാവ് (പെരുങ്കാവ്) കോളനിയും ഇതിൽപ്പെടുന്നു. ഈ കോളനികളുടെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമായ വികസനപ്രവർത്തനങ്ങൾ ചുവടേ ചേർക്കുന്നു.

ഏറ്റവും പ്രധാനപ്രശ്നങ്ങളായ കുടിവെള്ളം, വീട്, കക്കൂസ് എന്നിവയ്ക്ക് മുന്തിയ പരിഗണന നല്കി അനുബന്ധം ഒന്നിലും രണ്ടിലുമായി ചേർത്തിരിക്കുന്നതിനാൽ ഒഴിവാക്കുന്നു.

ഈ പഞ്ചായത്തിലും സമീപപഞ്ചായത്തുകളിലും "വേട്ടുവ" സമുദായത്തിൽപ്പെടുന്ന നിരവധി കുടുംബങ്ങൾ താമസിക്കുന്നു. മലവേടരുടെ പിൻഗാമികളായ ഇവർ എപ്രകാരമോ പട്ടികജാതി ലിസ്റ്റിലാണ് പെട്ടിരിക്കുന്നത്. അതുകൊണ്ടു പട്ടികവർഗ്ഗക്കാർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്കു നഷ്ടമാകുന്നതോടൊപ്പം പട്ടികജാതിക്കാർക്കു ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ഇവർക്കു നല്കേണ്ടതായും വരുന്നു. വിദ്യാഭ്യാസത്തിലും ജീവിതത്തിന്റെ എല്ലാത്തുറകളിലും പിന്നോക്കമായ ഇവരെ പട്ടിക വർഗ്ഗലിസ്റ്റിലുൾപ്പെടുത്തി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വേണ്ട സത്വരനടപടികൾ സംസ്ഥാനഗവൺമെൻറിന്റെ ഭാഗത്തുനിന്നു മുണ്ടാകേണ്ടതാണ്.

പാറക്കുഴിയിൽ താമസിക്കുന്ന ഏതാനും പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം മഴക്കാലത്ത് റോഡിലെത്തുവാൻ പാറക്കെട്ടുകൾ നിറഞ്ഞ മൂങ്ങാനിത്തോട് കടക്കുകയെന്നത് ജീവൻ പണയം വച്ചുള്ള ഒരു കളിയാണ്. കൊച്ചുകുട്ടികൾ ഈ പായൽ പിടിച്ചു വഴുക്കലുള്ള പാറകൾ വഴി, അക്കരെയിക്കരെ കടക്കുന്നത് കൂടുതൽ അപകടകരമാണ്. ആകയാൽ ടി തോടിന് പാറക്കുഴി ഭാഗത്ത് ഒരു നടപ്പാലമുണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഏറത്തുവടകര ലക്ഷം വീടു കോളനി സ്ഥിതിചെയ്യുന്നത് തികച്ചും ചെങ്കുത്തായ പ്രദേശത്താണ്. ഓരോ വീടിൻറെയും പുറകിൽ 10ഉം 12ഉം അടി ഉയരമുള്ള തിട്ടകളിലാണ് അടുത്ത വീടുകൾ സ്ഥിതി ചെയ്യുന്നത്. ഈ മൺതിട്ടകൾ ഇടിഞ്ഞാൽ തൊട്ടുതാഴെയുള്ള വീടിൻറെ മുകളിലേയ്ക്കു മാത്രമേ വീഴുകയുള്ളൂ. ആകയാൽ ഈ മൺതിട്ടകൾ കല്ക്കെട്ടുകെട്ടി ബലപ്പെടുത്തുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി കോളനിയിലുള്ള പൊതുകിണർ കല്ക്കെട്ട് ഇടിഞ്ഞ് ഉപയോഗശൂന്യമായിക്കിടക്കുന്നത് കല്ക്കെട്ടുകെട്ടി ഉപയോഗയോഗ്യമാക്കേണ്ടതും അത്യാവശ്യമായി



ചെയ്തു തീർക്കേണ്ടതാണ്.

SC/ST കുടുംബങ്ങളുടേതായി വൈദ്യുതി എത്താത്ത 400 ഓളം വീടുകളുള്ളവ മുഴുവൻ വൈദ്യുതീകരിക്കുക.

എല്ലാ കോളനികളിലും അത്യാവശ്യം വേണ്ട സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കുക.

ഏറത്തുവടകര, വെള്ളാവൂർ ലക്ഷം വീടുകോളനികളിലേക്കുള്ള വഴികൾ സ്റ്റെപ്പ് കെട്ടി സുഗമമാക്കുക.

അടാമറ്റം കോളനിറോഡ്, പുരയിടത്തിൽ കരോട്ടുപടി - പള്ളത്തുപാറ കോത്തലപ്പടി റോഡ്, മണവാളൻപൊയ്ക കോളനി റോഡ്, പായിക്കുഴി കോളനിറോഡ്, വള്ളൂത്താനം - നീറനാനിറോഡ്, കുന്നിനി - കൊറ്റമ്പ്രറോഡ് കാടൻകുളം - വേട്ടോക്കാവ് റോഡ് എന്നീ കോളനി റോഡുകൾ ടാർ ചെയ്തു സുഗമമാക്കുക.

മണവാളൻ പൊയ്ക അംബദ്കർ കോളനിയിൽ പൊതുസ്ഥലത്ത് T.V. കിസ്യോകും ഒരു ഹാളും പണിയുക.

കോളനികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും, രജിസ്റ്റർ ചെയ്തു നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സംഘടനകൾ നടത്തുന്നതും പ്രയോജനപ്രദവുമായ പ്രവൃത്തികൾക്ക് ധനസഹായം നല്കുക.

ഒരു വർഷം ഒരു കോളനിയ്ക്കു വീതം 5 വർഷംകൊണ്ട് 5 കോളനികളിൽ (3 ലക്ഷം വീടുകോളനികൾ, പായിക്കുഴി, മടുക്കി) T.V.യും കിയോസ്കും സ്ഥാപിക്കുക

വെള്ളാവൂർ ലക്ഷം വീടു കോളനിയ്ക്കു സമീപമുള്ള കുഴൽ കിണറിന് പമ്പും മോട്ടോറും വച്ച് കോളനിയിൽ കുടിവെള്ളമെത്തിക്കുക.

SC/ST വിഭാഗങ്ങൾക്ക് വിവിധ വകുപ്പുകളിലൂടെ സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ അവരെ അറിയിക്കാനുള്ള സംവിധാനമുണ്ടാക്കുക.

മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അർഹരായവർക്ക് പഞ്ചായത്തുതലത്തിൽ പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുക.

ഉള്ളായം കോളനി റോഡിന്റെ സൈഡിൽ ആവശ്യമായ റിട്ടെയിനിംഗ് വാൾ നിർമ്മിക്കുകയും ടി കോളനിയിലെ തട്ടുതട്ടായ ഭൂമി കല്ക്കെട്ടുകെട്ടി ബലപ്പെടുത്തുകയും ചെയ്യുക.

പട്ടികജാതി - പട്ടികവർഗ്ഗം - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	ഈ പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും താമസിക്കുന്ന 'വേട്ടുവ സമുദായ'ത്തിൽപ്പെട്ടവർ മലവേടർ ആണെങ്കിലും അവരെ പട്ടികജാതി ലിസ്റ്റിൽപ്പെടുത്തിയിരിക്കുകയാണ്. അവരെ പട്ടികവർഗ്ഗ ലിസ്റ്റിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക.	സംസ്ഥാന ഗവൺമെൻറ്	-	1 വർഷം	9 വാർഡുകൾ	പട്ടികവർഗ്ഗക്കാരായി ജനിച്ച അവർക്ക് നഷ്ടപ്പെടുന്ന ആനുകൂല്യങ്ങൾ ലഭ്യമാകും.
2.	പാറക്കുഴി ഭാഗത്ത് മൂങ്ങാനിത്തോടിന് ഒരു നടപ്പാലം നിർമ്മിക്കുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭ	0.3ലക്ഷം	1 വർഷം	1-4 വാർഡുകൾ	മഴക്കാലത്ത് കൊച്ചുകുട്ടികൾക്ക് അപകടം കൂടാതെ തോടു കടക്കാൻ സാധിക്കും
3.	ഏറത്തുവടകര O.L.H. കോളനിയിലെ വീടുകൾക്കിടയിലുള്ള തിട്ടകൾ കല്ക്കെട്ടുകെട്ടി ബലപ്പെടുത്തുക.	സംസ്ഥാനഗവ: ത്രിതലപഞ്ചായത്തുകൾ ഗ്രാമസഭ	4 ലക്ഷം	1 വർഷം	4-ാം വാർഡ്	ടി തിട്ടകൾ ഇടിഞ്ഞാൽ അടുത്ത വീടിൻെറ പുറത്തു വീഴുന്ന സ്ഥിതിയിലാകയാൽ ഇത് ഉടൻ ചെയ്തു തീർക്കേണ്ടതാണ്.
4.	ടി കോളനിയിലെ പൊതു കിണറിൻെറ കല്കെട്ട് ഇടിഞ്ഞത് കെട്ടി. കിണർ തേകി ഉപയോഗയോഗ്യമാക്കുക.	ഗ്രാമപഞ്ചായത്ത്	0.1 ലക്ഷം	1 വർഷം	4-ാം വാർഡ്	കോളനിയിലുള്ള ഏക പൊതുകിണർ കല്ക്കെട്ടു കെട്ടി വൃത്തിയാക്കേണ്ടതാവശ്യമാണ്.
5.	നിലവിലുള്ള മുഴുവൻ വൈദ്യുതീകരിക്കാത്ത SC/ST വീടുകളും വൈദ്യുതീകരിക്കുക. (400 വീടുകൾ 1000 രൂ പ്രകാരം)	ത്രിതലപഞ്ചായത്തുകൾ	4 ലക്ഷം	2 വർഷം	9 വാർഡുകൾ	
6.	എല്ലാകോളനികളിലും അത്യാവശ്യം വേണ്ട സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.	ത്രിതല പഞ്ചായത്തുകൾ; KSE.B.	1 ലക്ഷം	2 വർഷം	9 വാർഡുകൾ	
7.	ഏറത്തുവടകര O.L.H, വെള്ളാവൂർ O.L.H കോളനികളിലേക്കുള്ള വഴികൾ സ്റ്റെപ്പ് കെട്ടി സുഗമമാക്കുക.	ത്രിതല പഞ്ചായത്തുകൾ ഗ്രാമസഭകൾ	2 ലക്ഷം	1 വർഷം	4-7 വാർഡുകൾ	
8.	അടാമറ്റം കോളനിറോഡ്, പുരയിടത്തിൽ കരോട്ടുപടി - കോത്തലപ്പടി റോഡ്, മണവാളൻെറ പൊയ്ക	കേന്ദ്ര: സംസ്ഥാനഗവ: ത്രിതല പഞ്ചായത്തുകൾ	38.5ലക്ഷം	2 വർഷം	1, 2, 4, 5, 7, 8 വാർഡുകൾ	

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
	കോളനി റോഡ്, കടയനിക്കാട് OLH കോളനി റോഡ് പായിക്കുഴി കോളനി റോഡ്, വള്ളൂത്താനം നീറനാനി റോഡ്, കുന്നിനികൊറ്റമ്പ്രറോഡ് കാടൻകുളം വേട്ടോക്കാവ്-എന്നീ കോളനി റോഡുകൾ ടാർ ചെയ്തു സുഗമമാക്കുക					
9.	മണവാളൻ പൊയ്ക അംബദ്കർ കോളനിയിൽ പൊതുസ്ഥലത്ത് ഒരു T.V. കിയോസ്കും ഹാളും പണിയുക	ത്രിതല പഞ്ചായത്തുകൾ ഗ്രാമ സഭ	1 ലക്ഷം	1 വർഷം	5	
10.	കോളനികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ഉദ്ദേശിച്ച് രജിസ്റ്റർ ചെയ്തതും, നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ, സംഘടനകൾ നടത്തുന്നതും, പ്രയോജനപ്രദവുമായ, പ്രവർത്തികൾക്ക് ധനസഹായം നല്കുക.	ത്രിതല പഞ്ചായത്തുക; കോളനിക്കമ്മറ്റികൾ	2 ലക്ഷം	5 വർഷം	9 വാർഡുകളും	കുട്ടികൾക്കു ട്യൂഷൻ, സാക്ഷരതാ പ്രവർത്തനം, മെഡിക്കൽ ക്യാമ്പ് മുതലായ പ്രവൃത്തികൾക്കു ധനസഹായം നല്കുന്നതിനുദ്ദേച്ച്.
11.	1വർഷം 1 കോളനിയിൽ എന്ന പ്രകാരം 5 വർഷം കൊണ്ട് 5 കോളനികളിൽ T.V.യും ക്രിയോസ്കും സ്ഥാപിക്കുക.	ത്രിതല പഞ്ചായത്തുകൾ സംസ്ഥാന ഗവ: കോളനിക്കമ്മറ്റികൾ	2.5 ലക്ഷം	5 വർഷം	5 വാർഡുകൾ	
12.	വെള്ളാവൂർ OLH കോളനിയ്ക്കു സമീപമുള്ള കുഴൽ കിണറിന് പമ്പും മോട്ടോറും വച്ച് കോളനിയിൽ കുടിവെള്ളമെത്തിക്കുക.	ത്രി തല പഞ്ചായത്തുകൾ കോളനിക്കമ്മറ്റി	1 ലക്ഷം	1 വർഷം	7-ാം വാർഡ്	
13.	SC/ST വിഭാഗങ്ങൾക്ക് വിവിധ വകുപ്പുകളിലൂടെ സർക്കാർ നല്കുന്ന ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ അവരെ അറിയിക്കാനുള്ള സംവിധാനമുണ്ടാക്കുക.	സംസ്ഥാന ഗവ: ത്രിതലപഞ്ചായത്തുകൾ	-	5 വർഷം	9 വാർഡുകളും	പല ആനുകൂല്യങ്ങളും യഥാസമയം അറിയാൻ കഴിയാത്തതുകൊണ്ട് അർഹതപ്പെട്ടവർക്കു ലഭ്യമാകുന്നില്ല.
14.	മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്ന അർഹരായവർക്ക് പഞ്ചായത്തുതലത്തിൽ പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക.	സംസ്ഥാനഗവ:	0.2 ലക്ഷം	5 വർഷം	9 വാർഡുകളും	

അനുബന്ധം X ആകെ അടങ്കൽ 56.6 ലക്ഷം





വനിതാക്ഷേമം

11

വനിതകൾക്കു സ്വയം തൊഴിലിലേർപ്പെടുന്നതിന് ആവശ്യമായ ധനസഹായം കാലതാമസം ഒഴിവാക്കി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

വാർഡുതോറും വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് അതിന്റെ ചുമതലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

ചുവട്ടടിപ്പാറ, പള്ളത്തുപാറ, കാടൽകുളം എന്നിവിടങ്ങളിൽ 'അംഗൻ വാടികൾ' ആരംഭിക്കുക.

പൊതുരംഗത്തു പ്രവർത്തിക്കുന്ന വനിതകളുടെ എണ്ണം തുലോം കുറവാണ്. ഈ രംഗത്തേക്കു കടന്നു വരാൻ (പ്രത്യേകിച്ചും നാട്ടിൻപുറങ്ങളിൽ) വനിതകൾ പൊതുവേ വിമുഖത കാട്ടുന്നു. ഇതിനൊരു മാറ്റമുണ്ടാകേണ്ടതാണ്. ആയതിലേക്ക് വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.


ഒരേസമയം ഔദ്യോഗിക രംഗത്തും, ഗാർഹിക രംഗത്തും ജോലി ചെയ്യേണ്ടി വരുന്ന വനിതകളുടെ ജോലി ഭാരം കണക്കിലെടുത്ത് ഔദ്യോഗികരംഗത്തെ അവരുടെ സേവനസമയ ദൈർഘ്യം ഒരു ദിവസം അഞ്ചുമണിക്കൂറായി നിജപ്പെടുത്തേണ്ടതാണ്.

ഗൃഹജോലിയല്ലാതെ മറ്റു ജോലികളൊന്നുമില്ലാത്ത വനികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തണം.

വനിതാക്ഷേമം - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	വനിതകൾക്കു സ്വയം തൊഴിൽ സംരംഭങ്ങൾക്ക്, മുൻഗണന നല്കി, കാലതാമസം ഒഴിവാക്കി, സാമ്പത്തിക സഹായം ലഭ്യമാക്കുക.	സംസ്ഥാനഗവ: വ്യവസായവകുപ്പ്, ധനകാര്യസ്ഥാപനങ്ങൾ	-	1 വർഷം	9 വാർഡുകളും	സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും ശക്തമായ നിലപാടിലൂടെ സാദ്ധ്യമാക്കാം.
2.	വാർഡുതോറും വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.	ജില്ലാവ്യവസായ കേന്ദ്രം ഗ്രാമസഭകൾ	9. ലക്ഷം	1 വർഷം	9 വാർഡുകളും	ഗ്രാമസഭകൾ വേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കണം
3.	ചുവട്ടടിപ്പാറ, പള്ളത്തുപാറ, കാടൻകുളം എന്നീവിടങ്ങളിൽ അംഗൻവാടികൾ ആരംഭിക്കുക	സംസ്ഥാനഗവ. ത്രിതലപഞ്ചായത്തുകൾ ഗ്രാമസഭകൾ	1.5 ലക്ഷം	2 വർഷം	1-4-9 വാർഡുകൾ	
4.	പൊതുരംഗത്ത് പ്രവർത്തിക്കുവാൻ കൂടുതൽ വനിതകൾ കടന്നുവരേണ്ടതിലേക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.1 ലക്ഷം	2 വർഷം ഒരു വർഷം	9 വാർഡുകളും	പൊതുരംഗത്ത് പ്രവർത്തിക്കുവാൻ വനികൾക്കുള്ള, വിമുഖത മാറ്റിയെടുക്കാൻ കഴിയും
5.	വനിതകളുടെ ഔദ്യോഗിക ജോലി സമയം അഞ്ചുമണിക്കൂറായി നിജപ്പെടുത്തുക	കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ	-		എല്ലാവനിതകൾക്കും	ഒരേ സമയം ഗൃഹ ജോലിയും ഔദ്യോഗിക കൃത്യങ്ങളും നിർവ്വഹിക്കേണ്ട വരുന്ന വനിതകൾക്ക് പ്രയോജനപ്രദമായിരിക്കും.
6.	ഗൃഹജോലിമാത്രമുള്ള വനിതകൾക്കായി ക്ഷേമനിധി ഏർപ്പെടുത്തുക	സംസ്ഥാന ഗവൺമെൻറ് ത്രിതലപഞ്ചായത്തുകൾ	-	ഒരു വർഷത്തിനകം	ഗൃഹജോലിയിലേർപ്പെട്ടിരിക്കുന്ന മുഴുവൻ വനിതകൾക്കും	


ആകെ അടങ്കൽ - 10.6 ലക്ഷം















സംസ്കാരം

12

സംസ്കാരിക രംഗത്ത് സമഗ്രവികസനം ലക്ഷ്യമാക്കി രൂപം കൊടുത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു.

അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന വാർഡുകളിൽ പൊതുകളിസ്ഥലങ്ങൾ നിർമ്മിക്കുക

അംഗീകാരമുള്ളവയും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ വായനശാലകൾക്കും, ക്ലബ്ബുകൾക്കും വികസനപ്രവർത്തനങ്ങൾ ധനസഹായം നല്കുക.

പഞ്ചായത്തു വക സാംസ്കാരികനിലയത്തിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങുക. ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുക. ടി സ്ഥാപനത്തിനു നിലവിലുള്ള കെട്ടിടത്തിനു പുറകുവശത്ത് രണ്ടുമുറികൾ കൂടി നിർമ്മിക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ കൂടുതൽ മെമ്പർഷിപ്പു നല്കുക. ടിസ്ഥാപനത്തിൽ കേരളാ ഗസറ്റ് വരുത്തുക, എന്നീ പ്രവൃത്തികൾ നടപ്പിലാക്കണം.

ശ്രീവിലാസം വായനശാല പുനരുദ്ധരിക്കുക, മൂങ്ങാനി, പൂണിക്കാവ്, കാടൻകുളം എന്നീ പ്രദേശങ്ങളിൽ പുതിയ വായനശാലകൾ ആരംഭിക്കുക

മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് എന്നിവയ്ക്കെതിരേ വ്യാപകമായ ബോധവത്ക്കര പരിപാടികൾ സംഘടിപ്പിക്കുക

തൊഴിലധിഷ്ഠിത വിദ്യാഭ്യാസപദ്ധതിയ്ക്കു രൂപം നല്കുക എന്നീ നിർദ്ദേശങ്ങൾ അർഹിക്കുന്ന പ്രാധാന്യം നല്കി നടപ്പിലാക്കേണ്ടതാണ്.

സംസ്കാരം - ഗ്രാമസഭാ നിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന വാർഡുകളിൽ പൊതുകളി സ്ഥലങ്ങൾ നിർമ്മിക്കുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	4.5 ലക്ഷം	5 വർഷം	9 വാർഡുകളും	
2	അംഗീകാരമുള്ള വായനശാലകൾക്കും ക്ലബ്ബുകൾക്കും വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കുക.	ത്രിതല പഞ്ചായത്തുകൾ ഗ്രാമസഭകൾ	5 ലക്ഷം	5 വർഷം	9 വാർഡുകളും	നല്ല രീതിയിൽ പ്രവർത്തിക്കുന്ന വായനശാലകൾക്കു ക്ലബ്ബുകൾക്കും മാത്രം.
3.	പഞ്ചായത്തു സാംസ്കാരികനിലയത്തിൽ കൂടുതൽ പുസ്തകങ്ങൾവാങ്ങുക	ഗ്രാമപഞ്ചായത്ത്	1 ലക്ഷം	5 വർഷം	9വാർഡും	
4.	ടി സ്ഥാപനത്തിൽ ആവശ്യാനുസരണം ഫർണിച്ചറുകൾ വാങ്ങുക	ഗ്രാമപഞ്ചായത്ത്	1 ലക്ഷം	5 വർഷം	9 വാർഡും	
5.	ടിസ്ഥാപനത്തിന് രണ്ടു മുറികൾ പുതിയതായി നിർമ്മിക്കുക	ഗ്രാമപഞ്ചായത്ത്	1 ലക്ഷം	1 വർഷം	9 വാർഡും	
6	കൂടുതൽ മെമ്പർഷിപ്പു നല്കുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	-	1 വർഷം	9 വാർഡും	
7.	ടി സ്ഥാപനത്തിൽ ഗസറ്റു വരുത്തുക	ഗ്രാമപഞ്ചായത്ത്	0.015 ലക്ഷം	5 വർഷം	9 വാർഡും	
8	മുങ്ങാനി, പൂണിക്കാവ്, കാടൻകുളം എന്നീ സ്ഥലങ്ങളിൽ പുതിയ വായനശാലകൾ ആരംഭിക്കുക.	ഗ്രാമസഭകൾ ഗ്രാമപഞ്ചായത്ത്	1.5 ലക്ഷം	5 വർഷം	4-6-9 വാർഡുകൾ	
9	മദ്യത്തിനും മയക്കുമരുന്നിനും എതിരായി വ്യാപകമായ ബോധവല്കരണം നടത്തുക	ഗ്രാമസഭകൾ ഗ്രാമപഞ്ചായത്ത്	0.1 ലക്ഷം	5 വർഷം	9 വാർഡുകളും	യുവതലമുറയ്ക്ക് ഇവയിൽ നിന്നും മോചനം ലഭിക്കാൻ സഹായകരം
10.	'എയ്ഡ്സ്' നെതിരെ ബോധവല്ക്കരണം നടത്തുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	0.1 ലക്ഷം	5 വർഷം	9 വാർഡുകളും	മാരകമായ ഈ രോഗം വ്യാപകമാകാതെ സഹായിക്കും.
11.	തൊഴിലധിഷ്ഠിത വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുക	സംസ്ഥാന ഗവ: ഗ്രാമസഭകൾ				വിദ്യാഭ്യാസത്തോടൊപ്പം തൊഴിയും പഠിക്കാനവസരമുണ്ടാകും. തൊഴിലില്ലായ്മയ്ക്ക് ഒരളവു വരെ പരിഹാരമാകും.
12	ശ്രീ വിലാസം വായനശാല പുനരുദ്ധരിക്കുക	**അനുബന്ധം XII ആകെ അടങ്കൽ 14.22 ലക്ഷം**				അനുബന്ധം 10 ആകെ അടങ്കൽ 14.215 ലക്ഷം





പൊതുക്ഷേമ പരിപാടികൾ

13

വെള്ളാവൂർ പഞ്ചായത്തിന്റെയും സമീപ പഞ്ചായത്തുകളുടേയും പൊതുവായ ആവശ്യമെന്നുള്ള നിലയിൽ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പൊതുവായ ചില നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിൽ ചിലത് ചുവടെ ചേർക്കുന്നു.

ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ മണിമലയിൽ സബ്ട്രഷറി അനുവദിക്കുക

പ്രവർത്തനമേഖല വിപുലമായുള്ള കടയനിക്കാട് 8-ാം മൈലിൽ നാഷണലൈസഡ് ബാങ്കിന്റെ ഒരു ശാഖ തുടങ്ങുക


ഈ പഞ്ചായത്തിലെയും സമീപപഞ്ചായത്തുകളിലെയും ഏറ്റവും ഉയരം കൂടിയ തെങ്ങംപള്ളിമലയിൽ ഒരു ടി.വി. റിലേ സ്റ്റേഷൻ അനുവദിക്കുക.

വെള്ളാവൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ടെലഫോൺ എക്സ്ചേഞ്ച് നിലനിർത്തികൊണ്ട് മണിമല; ഡിപ്പാർട്ടുമെന്റിന്റെ പുതിയ കെട്ടിടത്തിൽ പുതിയ ഒരു എക്സ്ചേഞ്ച് അനുവദിക്കുക.

പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലം ലഭിക്കുന്നിടത്ത് ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ യുവജനകലാകായിക മേളകൾ നടത്തുക.

പുറംപോക്കു ഭൂമികളിൽ വനവല്ക്കരണ പരിപാടി നടപ്പാക്കുക.



പൊതുക്ഷേമ പരിപാടികൾ - ഗ്രാമസഭാനിർദ്ദേശങ്ങൾ

ക്രമ നമ്പർ	പദ്ധതി നിർദ്ദേശങ്ങൾ	നടപ്പിലാക്കേണ്ട ഏജൻസികൾ	പ്രതീക്ഷിക്കുന്ന ചെലവ് (രൂപ)	പൂർത്തിയാക്കേണ്ട സമയപരിധി	പ്രയോജനം ലഭിക്കുന്ന വാർഡുകൾ	റിമാർക്സ്
1	2	3	4	5	6	7
1.	ഈ പഞ്ചായത്തിൽ ഒരു സബ് ട്രഷറി അനുവദിക്കുക	സംസ്ഥാന ഗവൺമെൻറ്	-	1 വർഷം	ഈ പഞ്ചായത്തും സമീപ പഞ്ചായത്തുകളും	
2.	കടയനിക്കാട് 8-ാം മൈലിൽ ഒരു ബാങ്ക് ശാഖ അനുവദിക്കുക	കേന്ദ്ര ഗവൺമെൻറ്	-	1 വർഷം	പഞ്ചായത്തു പ്രദേശം മുഴുവൻ	
3.	തെങ്ങുംപള്ളി മലയിൽ ഒരു ടി.വി. റിലേ സ്റ്റേഷൻ അനുവദിക്കുക	കേന്ദ്ര ഗവൺമെൻറ്	-	1 വർഷം	"	
4.	മണിമലയിലുള്ള ടെലഫോൺ എക്സ്ചേഞ്ച് വെള്ളാവൂർ പഞ്ചായത്തിൽ നിലനിർത്തികൊണ്ട് മണിമല പഞ്ചായത്തിൽ ഒരു പുതിയ എക്സ്ചേഞ്ച് അനുവദിക്കുക.	"	-	1 വർഷം	"	കൂടുതൽ അപേക്ഷകർക്ക് കണക്ഷൻ ലഭിക്കും
5.	പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുക	സംസ്ഥാന ഗവ: ത്രി തലപഞ്ചായത്തുകൾ	10 ലക്ഷം	5 വർഷം	പഞ്ചായത്തുമുഴുവൻ	ഇപ്പോൾ കളിസ്ഥലം ഇല്ലാത്തതിന്റെ കുറവ് പരിഹരിക്കപ്പെടും
6.	യുവജന കലാകായികമേള നടത്തുക	ഗ്രാമപഞ്ചായത്ത് ഗ്രാമസഭകൾ	1 ലക്ഷം	ഓരോ വർഷവും	9 വാർഡു പ്രദേശത്ത്	
7.	പുറംപോക്കു ഭൂമികളിൽ വനവല്ക്കരണം നടത്തുക.	സാമൂഹ്യവനവല്ക്കരണവിഭാഗം ത്രിതല പഞ്ചായത്തുകൾ	3 ലക്ഷം	5 വർഷം	"	പഞ്ചായത്തിന്റെ ആസ്തിവർദ്ധിപ്പിക്കുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണവുമാവും.
			അടങ്കൽ - 14 ലക്ഷം			







വിഭവസമാഹരണം

14

പഞ്ചായത്തുകൾക്ക് നിലവിലുള്ള പ്രധാന വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി ഇവ പിരിക്കുന്നതിലൂടെ ലഭ്യമാക്കുന്നതാണ്. അതിനു നിലവിലുള്ള മാനദണ്ഡങ്ങൾ അശാസ്ത്രീയവും, വ്യാപകമായ അഴിമതിയ്ക്കിടവരുത്തുന്നതുമാണ്. കാലാനുസൃതമായ മാറ്റം ഈ നികുതികൾ ചുമത്തുന്നതിന് ഉണ്ടാകേണ്ടതാണ്.

കെട്ടിടനികുതി നിർണ്ണയിക്കുന്നത്, കെട്ടിടത്തിന്റെ പ്ലിന്ത് ഏറിയാ കണക്കാക്കിയും ആഡംബര വേലകൾ ചെയ്തിരിക്കുന്നതു പരിഗണിച്ചും ആയിരിക്കേണ്ടതും ആയതനുസരിച്ച് നിശ്ചിത നിരക്കുകൾ (സ്ലാബ്) ഏർപ്പെടുത്തേണ്ടതുമാണ്.

തൊഴിൽ നികുതി ബഹു: ഭൂരിപക്ഷം പേരെയും ഇപ്പോൾ ബാധിക്കുന്നില്ല. പക്ഷേ ലക്ഷക്കണക്കിനു രൂപയുടെ വികസനപ്രവർത്തനങ്ങൾ നടക്കുന്നതിന്റെ പ്രയോജനം എല്ലാവരും ഒന്നുപോലെയനുഭവിക്കുമ്പോൾ അതിലേക്ക്, കുറഞ്ഞതോതിലായാൽപ്പോലും, എല്ലാവരുടെയും സംഭാവനകളുണ്ടാകേണ്ടതാണ്. ദിവസ കൂലിയ്ക്കു പണിയെടുക്കുന്നവർക്കുപോലും ശരാശരി നൂറുരൂപാ ഇന്നു വരുമാനമുണ്ട്. അതിനാൽ തൊഴിൽ ചെയ്യുന്ന മുഴുവൻ ആൾക്കാരിൽ നിന്നും തൊഴിൽ നികുതി ഏർപ്പെടുത്തി പിരിച്ചെടുക്കേണ്ടതാണ്.

പരസ്യനികുതി, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ ഇവ പിരിച്ചെടുക്കേണ്ടതാണ്. ലൈസൻസ് ഫീസുകളുടെ നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാണ്.

പുറമ്പോക്കു ഭൂമികളിൽ നില്ക്കുന്നതും ചേല (A. Parasite) കയറി നശിക്കാൻ ആരംഭിച്ചതുമായ മരങ്ങൾ ലേലം ചെയ്തു വില്ക്കുന്നതിലൂടെ ഗണ്യമായ ഒരു വരുമാനം ഈ പഞ്ചായത്തിനു ലഭ്യമാകും

പഞ്ചായത്ത് ഏറ്റെടുക്കുന്ന പുറമ്പോക്കു സ്ഥലങ്ങളിൽ അനുയോജ്യമായവ ഓരോ വർഷത്തേയ്ക്ക് പച്ചക്കറി/കുറുമ്പുപ്പു കൃഷികൾക്കായി ലേലം ചെയ്തു കൊടുക്കുന്നതും വരുമാന വർദ്ധനയ്ക്കു സഹായകമായിരിക്കും. ഇങ്ങനെ നല്കാത്ത പുറമ്പോക്കു ഭൂമികളിലും. 8 മീറ്റർ വീതിയെങ്കിലുമുള്ള മുഴുവൻ റോഡുകളുടെയും വശങ്ങളിലും തേക്ക്, മഹാഗണി, ആഞ്ഞിലി മുതലായ വൻവൃക്ഷങ്ങളുടെ തൈകൾ വച്ചു പിടിപ്പിക്കുന്നത് ഭാവിയിലേക്ക് ഒരു നല്ല മുതൽ കൂട്ടാകും.

മരാമത്തു പണികൾ നടപ്പിലാക്കുമ്പോൾ, വർദ്ധിച്ച തോതിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നവയ്ക്ക്, മുൻഗണന നല്കി നടപ്പിലാക്കുന്നതിലൂടെ ലക്ഷക്കണക്കിനു രൂപ വികസനപ്രവർത്തനങ്ങളുടെ നടത്തിപ്പിൽ പഞ്ചായത്തിനു ലാഭിക്കാൻ കഴിയും.

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് - 9 -ാം പഞ്ചവത്സര പദ്ധതി - അടങ്കൽ- ഒറ്റനോട്ടത്തിൽ

ക്രമ നമ്പർ	അനുബന്ധം	വികസനമേഖലകൾ	ആകെ പ്രതീക്ഷിക്കുന്ന ചെലവ്	കേന്ദ്രഗവ: വിഹിതം	സംസ്ഥാന ഗവ: വിഹിതം	ജില്ലാ പഞ്ചാ: വിഹിതം	ബ്ലോക്കു പഞ്ചാ:വിഹിതം	ഗ്രാമപഞ്ചാ: വിഹിതം	ഗ്രാമസഭാ വിഹിതം	മറ്റ് ഏജൻസികളുടെ വിഹിതം	ലോൺ വിഹിതം
1	2	3	4	5	6	7	8	9	10	11	12
1	I	കുടിവെള്ളം	250.00	160	40	30	3.84	16.16	-	-	-
2	II	പാർപ്പിടം, സാമൂഹ്യക്ഷേമം	192.40	115.45	44.25	17.32	2.84	12.54	-	-	-
3	III	കൃഷി -ജലസേചനം	360.75	152.5	138.5	6.25	2	15	40.25	6.25	-
4	IV	ഫിഷറീസ് - മൃഗപരിപാലനം	51.95	40.5	3.25	-	2	3.45	2.75	-	
5	V	ഗതാഗതം - ഊർജ്ജം	578.78	-	307.54	43.3	32.39	122.9	18.92	31.7	22
6	VI	വിദ്യാഭ്യാസം	93.00	-	57.4	11.5	-	8.1	6	10	-
7	VII	ആരോഗ്യം	71.60	-	53.9	-	9	8.7	-	-	-
8	VIII	വ്യവസായം	128.00	-	50	20	-	7	-	-	51
9	IX	സഹകരണമേഖല	526.25	-	17.5	-	-	-	2.75	4	502
10	X	പട്ടികജാതി - പട്ടികവർഗ്ഗം	56.60	-	39.6	6.35	1	9.65	-	-	-
11	X1	വനിതാക്ഷേമം	10.60	-	1.5	-	-	01	-	-	9
12	XII	സംസ്കാരം	14.22	-	5	-	-	8.35	1	-	-
13	XIII	പൊതുക്ഷേമ പ്രവർത്തനങ്ങൾ	14.00	-	9	2	1	1.8	0.2	-	-
		ആകെ അടങ്കൽ	2348.15	427.95	804.69	139.97	52.07	212.30	72.57	54.7	584



ഉപസംഹാരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ കാലത്തിലേക്ക് ഒരെത്തിനോട്ടം നടത്തുവാൻ മാത്രമേ തെങ്ങിൽക്കു സാദ്ധ്യമായുള്ളു. നമ്മുടെ പഞ്ചായത്തുൾപ്പെടുന്ന പഴയ "തെക്കുംകൂർ" രാജ്യത്തിന്റെ ചരിത്രത്തിലെങ്ങും ആധികാരികമായ പരാമർശങ്ങളില്ലാത്ത ഈ ഭൂവിഭാഗത്തിന്റെ മുൻകാല ചരിത്രം പ്രായമായ പലരിൽ നിന്നും ലഭിച്ച കേവലം കേട്ടറിവുകൾ മാത്രമാണ്. അവ തന്നെ വൈവിധ്യം നിറഞ്ഞതും. പരസ്പരപൂരകമല്ലാത്തവയുമാണ്. അവയിൽ നിന്നും ഏറ്റവും വിശ്വസനീയമായിത്തോന്നിയ വിവരങ്ങൾ മാത്രം ഉൾക്കൊണ്ടു തയ്യാറാക്കിയ ഒരു പൂർവ്വഭാഗവും; വീടു വീടാന്തരം കയറിയിറങ്ങി സമാഹരിച്ചതും. വിവിധ ആഫീസുകളിൽ നിന്നും ശേഖരിച്ചതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മദ്ധ്യഭാഗവും; അടുത്ത അഞ്ചു വർഷം കൊണ്ട് നടപ്പിലാക്കാനുദ്ദേശിച്ച് ഒൻപതു ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞു വന്ന വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉത്തരഭാഗവും ചേർന്ന ഈ വികസന റിപ്പോർട്ട് കഴിവുള്ളതും മെച്ചമാക്കാൻ തെങ്ങിൽ പരമാവധി ശ്രമിച്ചിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്കൊപ്പം നടപ്പിലാക്കുവാൻ പഞ്ചായത്തുകളെക്കൊണ്ടു സാധിക്കണമെങ്കിൽ നിലവിലുള്ള പല സംവിധാനങ്ങളിലും പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്. വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് മുതലായ പല ഡിപ്പാർട്ട്മെന്റുകളുടേയും താഴെത്തട്ടിലുള്ള ആഫീസുകളുടെ പ്രവർത്തനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ വരാതെ ഈ ആസൂത്രണ പ്രക്രിയ കൊണ്ടു ജനത്തിനു കാര്യമായ പ്രയോജനം ലഭ്യമാകുകയില്ല. ഇതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള നീക്കം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും താമസംവിനാ ഉണ്ടാകേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണ പ്രക്രിയയുടെ ഒരു സുപ്രധാനഘട്ടം വികസന റിപ്പോർട്ടു തയ്യാറാക്കി നാട്ടുകൂട്ടത്തിന്റെ വിശകലനത്തിനു സമർപ്പിക്കുന്നതിലൂടെ അവസാനിക്കുന്നു. അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നുള്ളതാണ് അടുത്തഘട്ടം.

പൂർണ്ണമായ ജനപങ്കാളിത്തത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട്. വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട് വിശകലനത്തിനും അംഗീകാരത്തിനുമായി സമർപ്പിച്ചുകൊള്ളുന്നു.

എഡിറ്റോറിയൽ ബോർഡ്.



നിസ്സഹായത മായ കർമം ശക്തിയുടെ ഉറവിടമാണ്


മാനുഷമായ പെരുമാറ്റം എല്ലാ ക്രൂരതകളേയും നിരായുധമാക്കുന്നു.

- മഹാത്മാ ഗാന്ധി


ഗ്രന്ഥശാലകളുടെ സ്ഥിതിവിവരക്കണക്ക്

രജി.നമ്പർ	ഗ്രന്ഥശാലയുടെ പേര്	സ്ഥാപിച്ചവർഷം	അംഗങ്ങൾ		പുസ്തകസംഖ്യ	പുസ്തകവില	സ്വന്തംകെട്ടിടം	ഗ്രേഡ്	ഗവ: ഗ്രാൻറ്
			പു	സ്ത്രീ					
223	ടാഗോർ സ്മാരകവായനശാല കടയനിക്കാട്	1947	920	27	9455	57236	ഉണ്ട്	A	5000+ 6000
169	ഗ്രാമദീപം ഗ്രന്ഥശാല വെള്ളാവൂർ	1955	263	22	5744	32590	ഉണ്ട്	A	5000+ 6000
1570	ജയ്ഹിന്ദ് ലൈബ്രറി കുളത്തൂർ പ്രയാർ	1954	70	15	7627	475731	ഉണ്ട്	A	5000+ 6000
1727	നാഷണൽ ലൈബ്രറി താഴത്തുവടകര	1954	95	2	4926	31804	ഉണ്ട്	B	4000+ 6000
502	ശ്രീ വിലാസം വായനശാല, മണിമല	1927	368	13	3159	15579	ഉണ്ട്	D	ഗ്രാൻറ് ഇല്ല
	സാംസ്കാരിക നിലയം ഏറത്തുവടകര	1977	47	1	2728	45455	ഉണ്ട്	പഞ്ചായത്തു ലൈബ്രറി	
	ത്രിവേണി ഗ്രന്ഥശാല ത്രിവേണിനഗർ	1993	118	12	1200	15800	ഉണ്ട്	അംഗീകാരം ലഭിച്ചില്ല	




ROAD-MAP

Location Map





PUblished By	:	Vellavoor Grama Panchayath
Printed at	:	Southern Offset Printers, Kottayam
Computer Type Setting By	:	Laser Links, Kottayam
Photos	:	Maria Studio, Manimala











